Newspaper for malayalees Worldwide CHICAGO/TORONTO ◆ Estd.2020

# വാചകം VACHAKAM

Canada | America | India | Keralam | Socialmedia | Cinema | Sports | Technology | World

TORONTO
Vol.1 / Issue 14/ Pages 32
02
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 18

www.vachakam.com
canada@vachakam.com
news@vachakam.com




ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# BRISTOL DENTAL CLINIC

**Family, Cosmetic & Specialty Dentistry**

**Dr. Annie Thomas,** Family, Cosmetic & Laser
**Dr. Laura Minea,** Family & Cosmetic
**Dr. Roshini Gopal,** Family & Cosmetic
**Dr. Mahima Mahima,** Family & Cosmetic
**Dr. James Chacko,** Oral Surgery & Implants
**Dr. Shakti Singh,** Orthodontist
**Dr. Manav Nayyar,** Endo
**Dr. Mehrdad Radvar,** Perio
**Dr. Saurabh Chhabra,** Prosthodontist




• Informed Dentistry • New Patients & Emergencies Welcome
• Comprehensive Dental Services Provided Under One Roof

## SPECIALITY SERVICES

• Laser Dentistry • Cosmetic Dentistry • Orthodontics • Endodontics
• Periodontics • Oral Surgery • Implants • Dentures & Snap-On Smiles

**We Accept CDCP (Canadian Dental Care Plan)**

1-512 Bristol Road West,
Mississauga, ON L5R 3Z1
info@bristoldental.ca

**(905) 712-3409**
@ Bristol Road West & McLaughlin Road

**CALL US FOR**
**Smile Contouring, Braces, Invisalgn, Perio & Gum Surgery, Root Canals, Oral Surgery, Wisdom Teeth, Implants, Dentures - all types**

LOOK DEEPER™
BRISTOL DENTAL CLINIC

www.bristoldental.ca

Newspaper for malayalees Worldwide | CHICAGO/TORONTO | Estd.2020

# വാചകം
VACHAKAM

TORONTO
Vol.1 / Issue 14/ Pages 32
02
ജൂലൈ 2026
ബുധനാഴ്ച
1201 മിഥുനം 18



www.vachakam.com
canada@vachakam.com
news@vachakam.com

## യു.എസ്.എം.സി.എ പുതുക്കാൻ അമേരിക്ക വിസമ്മതിക്കുമ്പോൾ



# കാനഡ നേരിടുന്ന സാമ്പത്തിക പ്രതിസന്ധികൾ

ഉത്തര അമേരിക്കൻ ഭൂഖണ്ഡത്തിന്റെ സാമ്പത്തിക അടിത്തറയെ ഇളക്കിമറിച്ചുകൊണ്ട് യു.എസ്.എം.സി.എ (കാനഡയിൽ സി.യു.എസ്.എം.എ) വ്യാപാര കരാർ നിലവിലുള്ള രൂപത്തിൽ നീട്ടാൻ അമേരിക്ക വിസമ്മതിച്ചിരിക്കുകയാണ്. 2026 ജൂലൈ 1 എന്ന നിർണായക സമയപരിധി യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടം മറികടന്നതോടെ, മൂന്ന് ദശാബ്ദത്തിലേറെയായി തുടരുന്ന വടക്കേ അമേരിക്കൻ സ്വതന്ത്ര വ്യാപാര മേഖല വലിയൊരു അനിശ്ചിതത്വത്തിലേക്കാണ് നീങ്ങുന്നത്. കാനഡയും മെക്സിക്കോയും കരാർ അടുത്ത 16 വർഷത്തേക്ക് കൂടി നീട്ടണമെന്ന് ആവശ്യപ്പെട്ടെങ്കിലും, യു.എസ് ട്രേഡ് റെപ്രസെന്റേറ്റീവ് ജാമിസൺ ഗ്രീർ കരാർ നിലവിലെ ഫോമിൽ പുതുക്കില്ലെന്ന് വ്യക്തമാക്കി. ഇത് ഉഭയകക്ഷി സാമ്പത്തിക ബന്ധങ്ങളിൽ ഒരു പുതിയ യുദ്ധമുഖം തുറന്നിരിക്കുകയാ

ശേഷം പേജ് 10ൽ

വെള്ളാനകൾ മദിച്ചു വിലസി പി.എസ്.സിയിൽ ........ പേജ് 14
പ്രകാശം പരത്തിയ വയോവൃദ്ധൻ! ........ പേജ് 18
ഗോളടിച്ച്, ഗോളടിച്ച് 'മെസ്സി'യായി സതീശൻ, വലകുലുങ്ങുന്നതുകണ്ട് 'കിളിപോയി' പ്രതിപക്ഷവും! ........ പേജ് 20
അമ്പലക്കൊള്ള: സോമനാഥം മുതൽ അയോധ്യ വരെ (എൻ.പി. ചെക്കുട്ടി എഴുതുന്നു) ........ പേജ് 21
അര പിണറായി ആവുമോ സതീശൻ? ........ പേജ് 25
തീക്കട്ടയിൽ ഉറുമ്പരിക്കുമ്പോൾ ........ പേജ് 29

## വിലക്കയറ്റത്തിന് തടയിടാൻ പുതിയ കാനഡ ഗ്രോസറീസ് ആൻഡ് എസൻഷ്യൽസ് ബെനിഫിറ്റ്; സാധാരണക്കാർക്ക് വലിയ ആശ്വാസം

കാനഡയിലെ സാധാരണക്കാരായ ജനങ്ങളുടെ ദൈനംദിന ജീവിതച്ചെലവുകൾക്ക് വലിയൊരു ആശ്വാസം പകരുന്ന പുതിയ സാമ്പത്തിക സഹായ പദ്ധതിയുടെ ആദ്യ ഗഡു വിതരണം ഈ വെള്ളിയാഴ്ച (2026 ജൂലൈ 3) ആരംഭിക്കുകയാണ്. രാജ്യത്ത് നിലവിലുണ്ടായിരുന്ന ജി.എസ്.ടി/എച്ച്.എസ്.ടി ക്രെഡിറ്റ് സംവിധാനത്തിന് പകരമായി 'കാനഡ ഗ്രോസറീസ് ആൻഡ് എസൻഷ്യൽസ് ബെനിഫിറ്റ്' (സി.ജി.ഇ.ബി) എന്ന പേരിൽ പരിഷ്കരിച്ച ആനുകൂല്യമാണ് കനേഡിയൻ റവന്യൂ ഏജൻസി വിതരണം ചെയ്യുന്നത്. വാർഷികാടിസ്ഥാനത്തിൽ പരമാവധി 1,826 ഡോളർ വരെ അർഹരായ കുടുംബങ്ങളുടെ അക്കൗണ്ടുകളിലേക്ക് നേരിട്ടെത്തുന്ന ഈ പുതിയ പാക്കേജ്, വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾക്ക് മുന്നിൽ തളരുന്ന സാധാരണക്കാർക്ക് വലിയൊരു കൈത്താങ്ങാകും. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കനേഡിയൻ കുടുംബങ്ങൾക്ക് 8.6 ബില്യൺ ഡോളറിന്റെ അധിക സാമ്പത്തിക സഹായം എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാർക്ക് കാർണി ഭരണ

ശേഷം പേജ് 10ൽ



ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# സീറോ മലബാർ മിസ്സിസ്സാഗ രൂപതയിലെ സ്കോർബോറോ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിലെ നൊവേന & പാരിഷ് ഫീസ്റ്റ് ജൂലായ് 3 മുതൽ 5 വരെ



സീറോ മലബാർ മിസ്സിസ്സാഗ രൂപതയിലെ ആദ്യ തീർത്ഥാടന കേന്ദ്രമായ മാർ തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥതയിലുള്ള സ്കോർബോറോ സെന്റ് തോമസ് ഫൊറോന ദൈവാലയത്തിലെ തിരുനാൾ തിരുകർമ്മങ്ങൾ ജൂൺ 25 മുതൽ ജൂലായ് 5 വരെ ആഘോഷ പൂർവ്വം നടത്തുന്നു. ഈ അവസരത്തിൽ വിശുദ്ധരുടെ മദ്ധ്യസ്ഥതയിൽ ലഭിച്ച ദൈവാനുഗ്രഹങ്ങൾക്കു നന്ദി പറയുകയും കൂടുതൽ ദൈവാനുഗ്രഹങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാനും നേർച്ച കാഴ്ചകൾ സമർപ്പിച്ച് ദൈവാനുഗ്രഹം പ്രാപിക്കാനും കഴിയും. ജൂൺ 25 മുതൽ ജൂലൈ 3,4,5 തീയതികളിലെ പ്രധാന തിരുനാൾ ആഘോഷങ്ങൾ നടക്കുന്നതെന്ന് വികാരി ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, സഹ വികാരി ഫാ. ഫ്രാൻസിസ് അക്കരപ്പറിയേക്കൽ, ട്രസ്റ്റി ജോൺ ചെന്നോത്ത്, സജി തോമസ് എന്നിവർ പറഞ്ഞു.

ജൂൺ 27 ശനിയാഴ്ച രാവിലെ 8.30ന് Holy Rosary, 9ന് ഹോളി കുർബാനയും നോവനയും റവ. ഫാ. ഹാരോൾഡ് അമ്പാട്ടുപടവിൽ (ചാൻസലറും വികാരി ബാരിയും) സെന്റ് യൂപ്രാസിയ & സെന്റ് മേരി കുടുംബ യൂണിറ്റുകളുടെ വക നടന്നു.

ജൂൺ 28 ഞായറാഴ്ച രാവിലെ 7.30ന് ഫാ. ഫ്രാൻസിസ് അക്കരപട്ടിയ്ക്കൽ, 9.30 റവ. ജോജോ ചങ്ങനാംതുണ്ടത്തിൽ 10.45, വൈകിട്ട് 5, 8 മണിക്ക് ഹോളി കുർബാന നടത്തി.

ജൂൺ 29 തിങ്കളാഴ്ച രാവിലെ 6.30ന് ഹോളി റോസറി, വൈകിട്ട് 7 ന് ഹോളി കുർബാനയും നൊവേനയും ഫാ. അജി ദേവസ്സിയ കുഴിയാനിമറ്റത്തിൽ (വികാരി ഓശാവ) സെന്റ് ത്രേസ്യ & സെന്റ് ഫ്രാൻസിസ് സേവ്യർ ഫാമിലി യൂണിറ്റ് വകയായിരുന്നു.

ജൂൺ 30 ചൊവ്വാഴ്ച രാവിലെ 6.30ന് ഹോളി റോസറി, വൈകിട്ട് 7ന് ഹോളി കുർബാനയും നൊവേനയും റവ. ഫാ. ജനിൽ ജോസഫ് ചക്കിയത്ത് (വൈസ് റെക്ടർ, സെന്റ് അഗസ്റ്റിൻസ് സെമിനാരി, ടൊറന്റോ) സെന്റ് വെറോണിക്കാ ഫാമിലി യൂണിറ്റ് വക നടത്തി.

ജൂലായ് 1 ബുധനാഴ്ച രാവിലെ 6.30ന് ഹോളി റോസറി, വൈകിട്ട് 7ന് ഹോളി കുർബാനയും നൊവേനയും റവ. ഫാ. റെജി മേലെടത്ത് (വികാരി ക്നാനായ ചർച്ച്, ടൊറന്റോ), സെന്റ് മതർ തെരേസ ഓഫ് കൽക്കട്ട ഫാമിലി യൂണിറ്റ് വക നടന്നു.

ജൂലായ് 2 വ്യാഴാഴ്ച രാവിലെ 6.30ന് ഹോളി റോസറി, വൈകിട്ട് 7ന് ഹോളി കുർബാനയും നൊവേനയും അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് (തൃശൂർ ആർച്ച് ബിഷപ്പ് ആർക്കിപആർക്കി), റവ. ബൈജു ചാക്കേരി, റവ. സാജൻ പിണ്ഡ്യൻ, സെന്റ് ജോസഫ് & സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫാമലി യൂണിറ്റ് വക.

തിരുനാൾ ദിനമായ ജൂലായ് 3 വെള്ളിയാഴ്ച രാവിലെ വൈകിട്ട് 4.45ന് ഹോളി റോസറി, 5.15ന് ഫ്ളാഗ് ഹോസ്റ്റിംഗ്: പ്രെസുദേന്തി വാഴച്ച, 5.45ന് ഹോളി കുർബാനയും നോവനയും ജോസ് കല്ലുവേലിൽ (ബിഷപ്പ്, എപ്പാർക്കി ഓഫ് മിസിസാഗ), റവ. ജേജോ ചങ്ങൻമതുടത്തിൽ, റവ. ഫ്രാൻസിസ് അക്കരപട്ടിയാക്കൽ, 7.30 ന് സ്നേഹവിരുന്നു, 7.30ന് കലാപരിപാടികൾ, മതബോധന വിദ്യാർത്ഥികൾ.

തിരുനാൾ ദിനമായ ജൂലായ് 4 ശനിയാഴ്ച വൈകിട്ട് 3ന് നേർച്ചകാഴ്ച്ചകൾ, അടിമ, കഴുന്ന്, 4.30ന് ഹോളി റോസറി, 5ന് ഹോളി കുർബാനയും നൊവേനയും റവ. ഫാ. അഗസ്റ്റിൻ കല്ലുംകത്തറയിൽ (പ്രോട്ടോസിനെല്ലസ് ആൻഡ് വികാരി കത്തീഡ്രൽ), 6.30ന് സ്നേഹവിരുന്നു, 7ന് കേരള ഫ്യൂഷൻ ഡാൻസ്, 7.30ന് മുതിർന്നവരുടെ കലാപരിപാടികൾ, 9.30ന് കരിമരുന്ന് പ്രയോഗം.

തിരുനാളിന്റെ അവസാന ദിവസമായ ജൂലായ് 5 ഞായറാഴ്ച രാവിലെ 9ന് ഹോളി കുർബാന, വൈകിട്ട് 3ന് നേർച്ചകാഴ്ച്ചകൾ, അടിമ, കഴുന്ന്, 4ന് ഹോളി റോസറി, 4.30ന് റാസ കുർബാന (ഹിസ് ഗ്രേസ് മാർ ജോർജ് ഞരളക്കാട്ട് (ആർച്ച് ബിഷപ്പ് എമിരിറ്റസ്, ആർക്കിപാർക്കി, തലശ്ശേരി), റവ. ഫാ. ഷജോ കാരിക്കൽ, റവ. ഫാ. ജസ്റ്റിൻ ഔസേഫ് രണ്ടുപറപുത്തൻപറമ്പിൽ, 7ന് ആഷോഷമായ ഘോഷയാത്ര, 8.30ന് സ്നേഹ വിരുന്ന്, 9.30ന് ലൈറ്റ് & സൗണ്ട് ഷോ.

# ബ്രാംപ്ടൺ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ പ്രതിഷ്ഠ ദിന മഹോത്സവം കൊണ്ടാടി



ജൂൺ 17 മുതൽ 21 വരെ അഞ്ചു ദിവസമാണ് പ്രതിഷ്ഠാദിന ഉത്സവത്തോടനുബന്ധിച്ചുള്ള ചടങ്ങുകൾ നടന്നത്. ജൂൺ 17 ബുധനാഴ്ച വൈകിട്ട് ദീപാരാധനയ്ക്ക് ശേഷം പ്രാസാദ ശുദ്ധിയും പിറ്റേന്ന് വ്യാഴാഴ്ച രാവിലെ മുതൽ ഉച്ചവരെ ചതുഃശുദ്ധി, ധാര, പഞ്ചകം, പഞ്ചഗവ്യം, ഇരുപത്തഞ്ചു കലശം എന്നിവയോട് കൂടി ബിംബ ശുദ്ധി ക്രിയകളും, ഉച്ചപൂജയ്ക്കു ശേഷം ശ്രീഭൂതബലിയും നടന്നു. അന്ന് വൈകീട്ട് അത്താഴപൂജയും ശീവേലിയുമോടെ അടുത്ത മൂന്നു ദിവസം നീണ്ടു നിന്ന വിപുലമായ ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. കാഴ്ച്ചശീവേലിയും അനവധി വാദ്യകലാകാരന്മാർ അവതരിപ്പിച്ച പാഞ്ചാരി മേളവും കണ്ണിനും കാതിനും ഇമ്പമേറിയപ്പോൾ, മദ്ദളകേളിയും തായമ്പകയും പഞ്ചവാദ്യവുമെല്ലാം ക്ഷേത്രോൽസവത്തിന്റെ തനിമയിലേക്കു മേളാസ്വാദകരെ എത്തിച്ചു.

ജൂൺ 20 ശനിയാഴ്ച്ച ക്ഷേത്രമൈതാനിയിൽ നടത്തിയ ഭഗവതിയ്ക്കായുള്ള പൊങ്കാല വേറിട്ട അനുഭവമായി. ഇരുന്നൂറിലധികം ദേവി ഭക്തർ ഓരോരുത്തരും അവരവർക്കായി പ്രത്യേകം തയ്യാറാക്കിയ അടുപ്പുകളിൽ പൊങ്കാല നിവേദ്യം തയാറാക്കി ദേവീസ്തുതികളോടെ പൊങ്കാലയിട്ടു പ്രാർത്ഥിച്ചു.

നിത്യേന മൂന്നു നേരം ശീവേലി, നവകം പഞ്ചഗവ്യം അഭിഷേകം ചുറ്റുവിളക്ക് എന്നീ ചടങ്ങുകൾക്ക് പുറമെ ഗണപതിക്ക് സഹസ്ര അപ്പം നിവേദ്യം, അയ്യപ്പന് പുഷ്പാഭിഷേകം, ഭഗവതിയ്ക്കു പൂമൂടൽ, മൂന്ന് ദിവസങ്ങളിലായി നല്ലെണ്ണ, വെളിച്ചെണ്ണ, നെയ്യ് എന്നിവ കൊണ്ടുള്ള സഹസ്രദീപ വിളക്ക് എന്നിവ ചടങ്ങുകളുടെ ഭാഗമായി നടത്തി.

മിഥുന മാസത്തിലെ ഉത്രം നക്ഷത്ര ദിവസമായ ജൂൺ 21 ഞായറാഴ്ച്ച ക്ഷേത്രത്തിലെ പ്രധാന പ്രതിഷ്ഠയായ ഗുരുവായൂരപ്പന് ഇരുപത്തഞ്ചു കലശവും മറ്റു ഉപദേവതമാർക്കായി കലശങ്ങളും തുടർന്നു ഉച്ചപൂജയ്ക്ക് ശേഷം ശ്രീഭൂതബലിയും എഴുന്നള്ളിപ്പും നടന്നു.

ഉത്സവത്തിന് മുന്നോടിയായി വിഷു മുതൽ ഭക്തരുടെ വീടുകളിൽ ഭഗവാന്റെ കോലവും തിരുവുടയാടയുമായി സന്ദർശിച്ചു പറയെടുപ്പ് നടത്തുകയും ഉണ്ടായി. ഒട്ടാവ മുതൽ ലണ്ടൻ വരെയുള്ള 11 നഗരങ്ങളെ വിവിധ ദേശങ്ങളായി തിരിച്ചാണ് മുന്നൂറോളം വീടുകളിൽ പറയെടുപ്പ് നടത്തിയത്.

ക്ഷേത്ര മൈതാനത്തിൽ പ്രത്യേകം തയ്യാറാക്കിയ 'പൂന്താനം കലാവേദി'യിൽ അറുന്നൂറോളം കലാകാരന്മാർ പങ്കെടുത്ത വിവിധ കലാപരിപാടികളും നടന്നു. കഥകളി, മോഹിനിയാട്ടം, ഭാരതനാട്ട്യം, സംഗീത കച്ചേരി, കൈകൊട്ടിക്കളി, ഭജന, വാദ്യോപകരണ സംഗീതം, ഗാനമേള തുടങ്ങി വൈവിധ്യവും ഒന്നിനൊന്നു മേന്മയുമേറിയ പരിപാടികളാണ് ഉത്സവത്തോടനുബന്ധിച്ചു അരങ്ങേറിയത്. ക്ഷേത്രത്തിലെത്തുന്ന ഭക്തജനങ്ങൾക്കായി നിത്യേന അന്നദാനവും ഒരുക്കിയിരുന്നു. പ്രതിഷ്ഠ ദിന ആഘോഷങ്ങളുടെ സമാപനം അന്നദാന സദ്യയോടും വിപുലമായ പരിപാടികളോടെയും ആയിരകണക്കിന് ഭക്തജനങ്ങൾ ആഘോഷങ്ങളിൽ ഒത്തുചേർന്നു.

മറ്റു പ്രവിശ്യകളിൽ നിന്നുൾപ്പെടെ കാനഡയുടെ വിവിധ പ്രദേശങ്ങളിൽ നിന്നും ആയിരകണക്കിന് ഭക്തരാണ് പ്രതിഷ്ഠാ ദിന ആഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിയത്.



## ടൊറോന്റോ സോഷ്യൽ ക്ലബ്ബിന്റെ ഇന്റർനാഷണൽ ടഗ് ഓഫ് വാർ ചാമ്പ്യൻഷിപ്പ് 2026 വൻ വിജയമായി

### ജെയിംസ് ഓട്ടോ ഗ്രൂപ്പ് എവർ റോളിംഗ് ട്രോഫി ടീം ഗ്ലാഡിയേറ്റേഴ്സ് കാനഡയ്ക്ക്

ടൊറോന്റോ സോഷ്യൽ ക്ലബ് ജൂൺ 27നു മിസ്സിസ്സാഗായിൽ സംഘടിപ്പിച്ച ഇന്റർനാഷണൽ ടഗ് ഓഫ് വാർ ചാമ്പ്യൻഷിപ്പ് കായിക ആവേശത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും ഉത്സവമായി വൻ വിജയത്തോടെ സമാപിച്ചു. ആവേശം നിറഞ്ഞ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവെച്ച ടീം ഗ്ലാഡിയേറ്റേഴ്സ് കാനഡ ചാമ്പ്യന്മാരായി ജെയിംസ് ഓട്ടോ ഗ്രൂപ്പ് എവർ റോളിംഗ് ട്രോഫി സ്വന്തമാക്കി.

പരിപാടിയിൽ മിസിസാഗ മേയർ കരോളിൻ പാരിഷ്, ഒന്റാറിയോ പ്രൊവിൻഷ്യൽ പാർലമെന്റ് അംഗം സിൽവിയ ഗ്വാൽട്ടിയേരി, ബോബൻ ജെയിംസ് (ഖമാലെ അൗഭീ ഏ്യൗീ്വ), രാഷ്ട്രീയസാമൂഹിക നേതാക്കളായ ടോമി കൊക്കാട്ട്, ബെലെന്റ് മാത്യു, ജോമോൻ കുടിയിരുപ്പിൽ എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്ത് സംഘാടകരെയും മത്സരാർത്ഥികളെയും അഭിനന്ദിച്ചു.

ടൂർണമെന്റിന്റെ വിജയത്തിൽ സന്തോഷം പ്രകടിപ്പിച്ച ടൊറോന്റോ സോഷ്യൽ ക്ലബ് പ്രസിഡന്റ് ദീപു മലയിൽ, ഈ മഹത്തായ പരിപാടിയുടെ വിജയത്തിന് നിർണായക പിന്തുണ നൽകിയ സുപ്രീം സ്പോൺസറായ ജെയിംസ് ഓട്ടോ ഗ്രൂപ്പിന്റെ ഉടമ ബോബൻ ജെയിംസിന് പ്രത്യേക നന്ദി രേഖപ്പെടുത്തി.

'ഈ ടൂർണമെന്റിന്റെ വൻ വിജയത്തിന് പിന്നിൽ ബോബൻ ജെയിംസിന്റെ ഉദാരമായ പിന്തുണയും പ്രോത്സാഹനവും നിർണായകമായിരുന്നു. അതോടൊപ്പം എല്ലാ സ്പോൺസർമാർക്കും, ഇവന്റ് പാർട്ണർമാർക്കും, പങ്കെടുത്ത ടീമുകൾക്കും, ഈ പരിപാടിയെ അവിസ്മരണീയമാക്കാൻ സഹകരിച്ച എല്ലാവർക്കും ഹൃദയംഗമമായ നന്ദിയും അദ്ദേഹം അറിയിച്ചു.

പ്രസിഡന്റ് ദീപു മലയിലിന്റെ നേതൃത്വത്തിൽ, ടഗ് ഓഫ് വാർ കമ്മിറ്റി ചെയർമാൻ മോൻസി തോമസ്, വൈസ് പ്രസിഡന്റ് സോജിൻ ജോസഫ്, സെക്രട്ടറി ജിക്കു ജോസഫ്, ജോയിന്റ് സെക്രട്ടറി പ്രിൻസ് പടിയാനിക്കൽ, ട്രഷറർ ബാബ്ലു തോമസ്, പ്രോഗ്രാം കോർഡിനേറ്റർ ജിബിൻ ബേബി, സന്ദീപ് എന്നിവരുടെ ഏകോപനത്തിൽ വിവിധ കമ്മിറ്റികൾ അക്ഷീണം പ്രവർത്തിച്ചതാണ് പരിപാടിയുടെ വിജയത്തിന് പ്രധാന കാരണമായത്. സന്തോഷ് മേക്കരയുടെ നേതൃത്വത്തിൽ മത്സരങ്ങൾ നിയന്ത്രിക്കുകയും ക്ലബ് അംഗങ്ങളുടെ കൂട്ടായ പരിശ്രമവും ടൂർണമെന്റിനെ മികച്ച രീതിയിൽ സംഘടിപ്പിക്കുവാൻ സഹായിച്ചു.

ടൂർണമെന്റിൽ രണ്ടാം സ്ഥാനം കോട്ടയം ബ്രദേർസും മൂന്നാം സ്ഥാനം ന്യൂയോർക്ക് കിങ്ങ്സും കരസ്ഥമാക്കി. കായികമികവും കൂട്ടായ്മയും സാമൂഹിക സൗഹൃദവും ഒരുപോലെ ഉയർത്തിപ്പിടിച്ച ഈ ടൂർണമെന്റ് ടൊറോന്റോയിലെ മലയാളി സമൂഹത്തിന്റെ അഭിമാന നേട്ടമായി മാറുകയും, ഭാവിയിലും കൂടുതൽ വിപുലമായ രീതിയിൽ ഈ ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു.

## സ്വന്തം ദേവാലയത്തിനായുള്ള സ്വപ്നം സാക്ഷാത്കരിക്കുന്നതിന് ഫണ്ട് സ്വരൂപിക്കുന്നതിന് തുടക്കമിട്ടു



ടൊറൻഡോ: കാനഡയിലെ പ്രഥമ ക്നാനായ കത്തോലിക്കാ ഇടവകയായ ടൊറൻഡോ സെന്റ് മേരിസ് ക്നാനായ കത്തോലിക്കാ ഇടവക സ്വന്തമായി ഒരു ദേവാലയ കെട്ടിടം വാങ്ങിക്കുന്നതിനായുള്ള ഫണ്ട് സമാഹാരണത്തിന്റെ ഉദ്ഘാടനം നടത്തപ്പെട്ടു.

ജൂൺ 28 ഞാറാഴ്ച ദിവ്യബലിയെ തുടർന്നു ഇടവക വികാരി റവ. ഫാ. മാത്യു മേലേടത്തും കൈക്കാരന്മാരായ ജോൺ കുരുവിള അരയത്തും അനീഷ് ബേബി തെക്കേടത്ത് എന്നിവർ ചേർന്നു ബിൽഡിംഗ് കമ്മിറ്റി ചെയർമാൻ തോമസ് ആയിരവേലിൽ & ഭാര്യ ബ്ലെസ്സി ആയിരവേലിൽ കുടുംബം നൽകിയ സംഭാവന സ്വീകരിച്ചു കൊണ്ട് കിക്ക് ഓഫ് നടത്തി.

ബിൽഡിംഗ് കമ്മിറ്റി അംഗം ദീപു മലയിൽ ഫണ്ട് ശേഖരണത്തിനായുള്ള വിവിധ പദ്ധതികളെക്കുറിച്ചുള്ള പ്രസന്റേഷൻ നടത്തുകയുണ്ടായി. നോർത്ത് അമേരിക്കയിലുള്ള എല്ലാം ക്നാനായ മക്കളുടെ സഹകരണത്തോടെ രണ്ടു മില്യൺ ഡോളർ സമാഹരിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

*ജോൺ അരയത്ത്*

## അമേരിക്കൻ മലയാളികളുടെ സാമൂഹിക ക്ഷേമത്തിനായി ടീം പ്രോമിസിന്റെ 'ഫോമാ കെയർ' പദ്ധതി




ഫ്ളോറിഡ: 'വിദ്യാജ്യോതി' സ്കോളർഷിപ്പ് പദ്ധതിയുടെയും 'ആർദ്രം' കാൻസർ കെയർ പ്രോജക്ടിന്റെയും 'കേരള പഠന'ത്തിന്റെയും തുടർച്ചയായി 'ടീം പ്രോമീസ്' വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിന് താങ്ങാവുക എന്ന ലക്ഷ്യത്തോടെ 'ഫോമാ കെയർ' (കരുതൽ) എന്ന അടിയന്തര കമ്മ്യൂണിറ്റി സഹായ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നു. ടീം പ്രോമിസിന്റെ 'കരുതൽ' പദ്ധതി, വടക്കേ അമേരിക്കയിലുടനീളമുള്ള മലയാളി കുടുംബങ്ങൾക്ക് ആവശ്യമായ സമയത്ത് കരുതലും പിന്തുണയും സമയോചിതമായ സഹായവും ഉറപ്പാക്കാനുള്ള ശക്തമായ ഇടപെടലാണെന്ന് ഫോമായുടെ സ്ഥാപക നേതാവും ടീം പ്രോമീസിന്റെ പ്രസിഡന്റ് സ്ഥാനാർത്ഥിയുമായ മാത്യു വർഗീസ് (ജോസ് ഫ്ളോറിഡ) വ്യക്തമാക്കി.

ഈ പദ്ധതിയുടെ ഭാഗമായി, ഓരോ മേഖലയിലും റീജിയണൽ വൈസ് പ്രസിഡന്റുമാർ (ആർ.വി.പി), നാഷണൽ കമ്മിറ്റി അംഗങ്ങൾ, പ്രാദേശിക അസോസിയേഷൻ പ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി കരുതൽ റീജിയണൽ കമ്മിറ്റികൾ രൂപീകരിക്കും. പ്രാദേശിക അസോസിയേഷനുകളുമായി ചേർന്ന് യഥാർത്ഥ ആവശ്യക്കാരെ കണ്ടെത്തുകയും, സഹായം ഏകോപിപ്പിക്കുകയും, ലഭ്യമാക്കേണ്ട കാര്യങ്ങൾ സമയബന്ധിതമായി എത്തിക്കുകയും ചെയ്യുകയെന്നതായിരിക്കും ഈ കമ്മിറ്റികളുടെ പ്രധാന ഉത്തരവാദിത്വം.

'കരുതൽ' എന്ന വാക്ക് അർത്ഥമാക്കുന്നത് പോലെ തന്നെ, വടക്കേ അമേരിക്കയിലെ മലയാളി കുടുംബങ്ങൾക്ക് സുരക്ഷിതത്വവും പരസ്പര സ്നേഹവും ഉറപ്പുനൽകുന്ന ഒരു വലിയ ചുവടുവെപ്പായിരിക്കും ടീം പ്രോമിസിന്റെ ഈ പ്രൊജക്ട് എന്ന് മാത്യു വർഗീസ് നയിക്കുന്ന ടീം പ്രോമീസിന്റെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ അഭിപ്രായപ്പെടുന്നു.




Happy Canada Day
BUYING SELLING
RENTING INVESTING
CONTACT REMAX EXPERTS
Joseph Thomas
Cell: 647 534 2947
tom_tinu@yahoo.com
Daisy Daisamma
Cell: 647 781 4842
ojdaisamma@gmail.com
Rani Syriac
Cell: 647 858 2872
rani2872@gmail.com
JDR
REAL ESTATE
JDR REALESTATE TEAM
www.jdrrealestateteam.com
RE/MAX
REALTRON Realty Inc.
Brokerage
Home of the Top Producers


HAPPY Canada Day
WHOLESALERS FOR
AIRFRANCE
AIR INDIA
Emirates
AIR CANADA
Lufthansa
KUWAIT
KLM
QATAR AIRWAYS
SINGAPORE AIRLINES
ETIHAD AIRWAYS
Airroute
TRAVEL & TOURS INC.
Wholesale travel agent
IATA
CALL: ALEX
Off: 416 849 1495
Cell: 416 858 4987/416 830 1264
tico.ca
YOUR TRUSTED TRAVEL PARTNER




# കാനഡയുടെ 159-ാം ജന്മദിനം: രാജ്യത്തുടനീളം വിപുലമായ ആഘോഷങ്ങൾ, വില്ലനായി കാലാവസ്ഥാ വ്യതിയാനം

കാനഡയുടെ 159-ാമത് ജന്മദിനം രാജ്യത്തുടനീളം പാട്ടും പരേഡുകളുമായി ജനങ്ങൾ വിപുലമായി ആഘോഷിച്ചു. കടുത്ത ചൂടും തുടർന്നുണ്ടായ ഇടിമിന്നൽ മുന്നറിയിപ്പും കാരണം തലസ്ഥാനമായ ഒട്ടാവ ഉൾപ്പെടെയുള്ള ചില നഗരങ്ങളിൽ വൈകുന്നേരത്തെ കരിമരുന്ന് പ്രയോഗം അടക്കമുള്ള ഔദ്യോഗിക പരിപാടികൾ റദ്ദാക്കേണ്ടി വന്നെങ്കിലും ജനങ്ങളുടെ ആവേശം ഒട്ടും കുറഞ്ഞില്ല. ആൽബർട്ടയിൽ നിന്നുള്ള തത്സമയ സംപ്രേക്ഷണത്തിലൂടെ പ്രമുഖ അവതാരകരായ ഇയാൻ ഹാനോമാൻസിംഗും ഗ്ലോറിയ മകരെങ്കോയും സിബിസിയിലൂടെ കാനഡാ ദിനത്തിന്റെ വിപുലമായ ആഘോഷക്കാഴ്ചകൾ ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിച്ചു.

### ഐക്യത്തിന്റെ സന്ദേശവുമായി പ്രധാനമന്ത്രി മാർക്ക് കാർണി

നിലവിലെ ആഗോള സാഹചര്യങ്ങളിൽ കാനഡ നേരിടുന്ന വെല്ലുവിളികളെയും രാജ്യത്തിന്റെ ഒത്തൊരുമയെയും കുറിച്ച് ഒട്ടാവയിലെ പാർലമെന്റ് ഹില്ലിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രി മാർക്ക് കാർണി സംസാരിച്ചു. കാട്ടുതീ, പ്രളയം തുടങ്ങിയ പ്രതിസന്ധി ഘട്ടങ്ങളിൽ കനേഡിയൻ ജനത പരസ്പരം നൽകിയ പിന്തുണയെ അദ്ദേഹം പ്രശംസിച്ചു. രാജ്യം കൂടുതൽ അപകടകരവും വിഭജിതവുമായ ഒരു ലോകത്തെയാണ് നേരിടുന്നതെങ്കിലും, ജനങ്ങൾ ഒത്തൊരുമയോടെയാണ് അതിനെ പ്രതിരോധിക്കുന്നതെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ആൽബർട്ടയിൽ ഒക്ടോബറിൽ നടക്കാനിരിക്കുന്ന വിഘടനവാദ റഫറണ്ടത്തിന്റെ പശ്ചാത്തലത്തിൽ, പ്രവിശ്യാ സർക്കാരുമായും ജനങ്ങളുമായും ചേർന്ന് ആൽബർട്ടയെയും രാജ്യത്തെയും കൂടുതൽ ശക്തമാക്കാൻ ഫെഡറൽ സർക്കാർ ഒന്നിച്ച് പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ഇതോടൊപ്പം കാനഡയുടെ ഭാവി പദ്ധതികളെക്കുറിച്ചുള്ള ചില പ്രധാന പ്രഖ്യാപനങ്ങളും പ്രധാനമന്ത്രി നടത്തി. അടുത്ത വർഷം മുതൽ കാനഡ യൂറോവിഷൻ സോംഗ് കോണ്ടസ്റ്റിൽ പങ്കാളിയാകുമെന്നും, 2028 ൽ നാഷണൽ കാപ്പിറ്റൽ റീജിയണിൽ വെച്ച് ഫ്രാങ്കോഫോണി ഉച്ചകോടിക്ക് രാജ്യം ആതിഥേയത്വം വഹിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. കാനഡയുടെ ആർട്ടെമിസ് കക ചാന്ദ്ര ദൗത്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കനേഡിയൻ ബഹിരാകാശ സഞ്ചാരി ജെറമി ഹാൻസനും ചടങ്ങിൽ സംസാരിച്ചു.

### ഗവർണർ ജനറലിന്റെയും മുൻ പ്രധാനമന്ത്രിയുടെയും വാക്കുകൾ

കാനഡയുടെ 31-ാമത് ഗവർണർ ജനറലായി ചുമതലയേറ്റ ശേഷമുള്ള തന്റെ ആദ്യ കാനഡാ ദിനത്തിൽ ലൂയിസ് ആർബർ രാജ്യത്തിന് ശുഭപ്രതീക്ഷയുടെ സന്ദേശം നൽകി. രാജ്യം നിലവിൽ മികച്ചൊരു അവസ്ഥയിലാണെന്നും ജനങ്ങൾ കൂടുതൽ ആത്മവിശ്വാസമുള്ളവരാണെന്നും അവർ അഭിപ്രായപ്പെട്ടു.

അതോടൊപ്പം തന്നെ, ഗോത്രവർഗ്ഗക്കാരുമായുള്ള അനുരഞ്ജനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും കാനഡയിലെ അസമത്വങ്ങൾ പരിഹരിക്കേണ്ടതിനെക്കുറിച്ചും അവർ ഓർമ്മിപ്പിച്ചു. രാഷ്ട്രീയ ധ്രുവീകരണത്തിൽ നിന്ന് മാറി കാനഡയെ കൂടുതൽ ഏകീകൃതമാക്കാൻ ജനങ്ങൾ വ്യത്യസ്ത കാഴ്ചപ്പാടുള്ളവരുമായി ചർച്ചകളിൽ ഏർപ്പെടണമെന്ന് ചടങ്ങിൽ പങ്കെടുത്ത മുൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയും ആവശ്യപ്പെട്ടു.

### മധ്യ കാനഡയെ ഉലച്ച് കടുത്ത ഉഷ്ണതരംഗം

ആഘോഷങ്ങൾക്കിടയിലും ഒന്റാറിയോ, ക്യൂബെക്ക് തുടങ്ങിയ മധ്യ കാനഡ പ്രവിശ്യകളിൽ കടുത്ത ചൂടാണ് അനുഭവപ്പെടുന്നത്. അന്തരീക്ഷത്തിലെ ഈർപ്പം കാരണം അനുഭവപ്പെടുന്ന ചൂട് പലയിടങ്ങളിലും 40 ഡിഗ്രി സെൽഷ്യസിന് മുകളിലെത്തി. ഇതേത്തുടർന്ന് ജനങ്ങൾ ധാരാളം വെള്ളം കുടിക്കണമെന്നും സുരക്ഷിതമായിരിക്കണമെന്നും എൻവയോൺമെന്റ് കാനഡ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

മോൺട്രിയലിൽ പരമ്പരാഗതമായി ജൂലൈ ഒന്നിന് നടക്കുന്ന വീടുമാറ്റ പ്രക്രിയകൾ കടുത്ത ചൂട് കാരണം പ്രയാസത്തിലായി. ലണ്ടൻ ഒന്റാറിയോയിൽ ഒരു കാനഡാ ദിന പരിപാടി റദ്ദാക്കി ആ വേദി താൽക്കാലിക തണുപ്പിക്കൽ കേന്ദ്രമാക്കി മാറ്റുക പോലുമുണ്ടായി.

എന്നാൽ അറ്റ്ലാന്റിക് കാനഡ, പ്രയറീസ്, ബ്രിട്ടീഷ് കൊളംബിയ തുടങ്ങിയ ഭാഗങ്ങളിൽ സാധാരണ നിലയിലുള്ള കാലാവസ്ഥയാണ് അനുഭവപ്പെട്ടത്.

# താരിഫ് ഭീഷണികൾക്കിടയിലും കരുത്താർജ്ജിച്ച് കാനഡ; ഏപ്രിലിൽ രാജ്യം കൈവരിച്ചത് മികച്ച സാമ്പത്തിക വളർച്ച



ഒട്ടാവ: യുഎസ് ഏർപ്പെടുത്തിയ താരിഫ് നിയന്ത്രണങ്ങൾ മൂലം രാജ്യം സാമ്പത്തിക മാന്ദ്യത്തിലേക്ക് നീങ്ങുകയാണെന്ന ആശങ്കകൾക്ക് വിരാമമിട്ട് കാനഡ. മാർച്ചിലെ നേരിയ ഇടിവിന് ശേഷം, ഏപ്രിലിൽ കാനഡയുടെ സമ്പദ്വ്യവസ്ഥ പ്രതീക്ഷിച്ചതിലും മികച്ച രീതിയിൽ തിരിച്ചുവരവ് നടത്തിയതായി ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. മുൻ മാസത്തെ അപേക്ഷിച്ച് ഏപ്രിലിൽ ആഭ്യന്തര ഉത്പാദനം 05% വളർച്ച കൈവരിച്ചതായി സ്റ്റാറ്റിസ്റ്റിക്സ് കാനഡ ചൊവ്വാഴ്ച പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. കഴിഞ്ഞ ഒമ്പത് മാസത്തിനിടയിലെ ഏറ്റവും ഉയർന്ന പ്രതിമാസ വളർച്ചാ നിരക്കാണിത്.

സാമ്പത്തിക വിദഗ്ധർ ഏപ്രിലിൽ 0.4% വളർച്ചയാണ് പ്രവചിച്ചിരുന്നതെങ്കിലും അതിനെയും മറികടക്കുന്ന പ്രകടനമാണ് കാനഡ കാഴ്ചവെച്ചത്. കഴിഞ്ഞ വർഷം മുതൽ യുഎസ് ഭരണകൂടം കാനഡയുടെ ചില പ്രധാന വ്യവസായ മേഖലകളിൽ താരിഫുകൾ ഏർപ്പെടുത്തിയത് രാജ്യത്തെ നിക്ഷേപങ്ങളെയും തൊഴിൽ മേഖലയെയും ബാധിച്ചിരുന്നു.

കൂടാതെ യുഎസ്മെക്സിക്കോകാനഡ സ്വതന്ത്ര വ്യാപാര കരാറിന്റെ (USMCA) പുനഃപരിശോധന ബുധനാഴ്ച നടക്കാനിരിക്കുന്നതും രാജ്യത്ത് വലിയ അനിശ്ചിതത്വം സൃഷ്ടിച്ചിരുന്നു. എന്നാൽ ഈ പ്രതിസന്ധികളെല്ലാം മറികടന്നാണ് രാജ്യം ഇപ്പോൾ മികച്ച മുന്നേറ്റം നടത്തിയിരിക്കുന്നത്.

റിപ്പോർട്ടുകൾ പ്രകാരം കാനഡയിലെ ആകെയുള്ള 20 വ്യാവസായിക മേഖലകളിൽ 14 എണ്ണവും ഏപ്രിലിൽ വലിയ വളർച്ച രേഖപ്പെടുത്തി. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നാലിലൊന്ന് സംഭാവന ചെയ്യുന്ന ഉത്പാദന മേഖല 1.2% വളർച്ച കൈവരിച്ചു.

ഇതിൽ ഖനനം, എണ്ണവാതക ഉത്പാദനം എന്നിവ 2.9% എന്ന കഴിഞ്ഞ രണ്ട് വർഷത്തെ ഏറ്റവും ഉയർന്ന നിരക്കിലാണ് വളർന്നത്. കൺസ്ട്രക്ഷൻ മേഖല 0.7 ശതമാനവും മാനുഫാക്ചറിങ് മേഖല 0.6 ശതമാനവും വളർച്ച രേഖപ്പെടുത്തി. സമ്പദ്വ്യവസ്ഥയുടെ പ്രധാന തൂണായ സേവന മേഖല 0.3% വളർച്ചയാണ് കൈവരിച്ചത്. മെയ് മാസത്തിൽ കനേഡിയൻ സമ്പദ്വ്യവസ്ഥ 0.1% കൂടി വളരാൻ സാധ്യതയുണ്ടെന്നാണ് പ്രാഥമിക വിലയിരുത്തൽ.



CIBC

Introducing your local CIBC Mobile Mortgage Advisor

Start your home buying journey on the right foot

I will provide personalized advice to help you choose the mortgage solution that's right for you, at a great rate

Contact me today

**Sunil Philip**
Mobile Mortgage Advisor
647 920-4003
1 866 306-1467
Sunil.Philip@cibc.com
cibc.com/mortgages

All mortgages are subject to credit approval. Certain conditions and restrictions apply.
The CIBC logo is a trademark of CIBC.
CG00102T



GIMVS
Global Immigration And Visa Services

"Where dreams take flight, your future begins with us."

OUR SERVICES

- *Permanent Residency & PNP*
- *College Admission & Study Visa*
- *Visitor Visa / Super Visa / Caregiver Visa*
- *PR Card Renewal / Citizenship*
- *Family Sponsorship (Spousal / PGP)*
- *PGWP/Spouse Work Permit / LMIA Work Permit*
- *Business / Investor Program*
- *PFL/Rejection/Misrepresentation Cases*
- *Intra Company Transfer*

**Sini Isaac**
Regulated Canadian Immigration Consultant
R530967
RCIC Regulated Canadian Immigration Consultant

T: +1 289 210-0222
E: info@gimvs.com
www.gimvs.com

Follow us on



# യു.എസ്.എം.സി.എ പുതുക്കാൻ അമേരിക്ക വിസമ്മതിക്കുമ്പോൾ

(മൂന്നാം പേജ് തുടർച്ച)

## അനിശ്ചിതത്വത്തിന്റെ പത്ത് വർഷങ്ങൾ

**വാർഷിക അവലോകനത്തിന്റെ കെണി:**

അമേരിക്കയുടെ ഈ പിൻവാങ്ങൽ കരാറിനെ ഉടനടി ഇല്ലാതാക്കില്ലെങ്കിലും, അടുത്ത പത്ത് വർഷത്തേക്ക് ഇതിനെ ഒരു 'റോളിംഗ് ആനുവൽ റിവ്യൂ' (വാർഷിക അവലോകനം) പ്രക്രിയയ്ക്ക് വിധേയമാക്കും. ഓരോ വർഷവും കടുത്ത നിബന്ധനകളുമായി അമേരിക്കൻ പ്രതിനിധികൾ ചർച്ചയ്ക്ക് വരമ്പോൾ കാനഡയ്ക്കും മെക്സിക്കോയ്ക്കും വലിയ സമ്മർദ്ദങ്ങളെ അതിജീവിക്കേണ്ടി വരും. 2036ൽ കരാർ പൂർണ്ണമായി അവസാനിക്കുന്ന രീതിയിലുള്ള പത്ത് വർഷത്തെ കൗണ്ട്ഡൗൺ ആണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്.

**വ്യാപാര കമ്മി എന്ന ട്രംപിന്റെ ആയുധം:**

അമേരിക്ക നേരിടുന്ന ഭീമമായ വ്യാപാര കമ്മിയാണ് കരാർ പുതുക്കാതിരിക്കാൻ കാരണമായി ട്രംപ് ചൂണ്ടിക്കാണിക്കുന്നത്. കാനഡയും മെക്സിക്കോയുമായുള്ള വ്യാപാര ഇടപാടുകളിൽ അമേരിക്കയ്ക്ക് വൻ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുവെന്നും, ഈ കരാർ ഉദ്ദേശിച്ച ഫലം നൽകിയില്ലെന്നുമാണ് വാഷിംഗ്ടണിന്റെ നിലപാട്.

വരും വർഷങ്ങളിൽ കടുത്ത വാണിജ്യ വിട്ടുവീഴ്ചകൾക്കായി കാനഡയെയും മെക്സിക്കോയെയും നിർബന്ധിക്കുക എന്നതാണ് ഇതിന് പിന്നിലെ തന്ത്രം.

**പിൻവാങ്ങൽ ഭീഷണിയുടെ തണൽ**

കരാറിലെ സുപ്രധാനമായ 'സൺസെറ്റ് ക്ലോസ്' ഉപയോഗിച്ച് ഏത് സമയത്തും ആറ് മാസത്തെ നോട്ടീസ് നൽകി കരാറിൽ നിന്ന് പൂർണ്ണമായി പിന്മാറാൻ ട്രംപിന് സാധിക്കും. ഇത് വടക്കേ അമേരിക്കയിലെ ബിസിനസ്സ് മേഖലകളിൽ കടുത്ത അവിശ്വാസമാണ് ഉണ്ടാക്കുന്നത്. വൻകിട നിക്ഷേപകർ ദീർഘകാല പദ്ധതികളിൽ നിന്ന് പിന്തിരിയാൻ ഈ സാഹചര്യം കാരണമായേക്കാം.

## ഒട്ടാവയിലെ രാഷ്ട്രീയ സമവാക്യങ്ങളും കാനഡയുടെ പ്രതിരോധവും

**മാർക്ക് കാർണിയുടെ പുതിയ വെല്ലുവിളി**

കാനഡയിൽ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടത്തിന് ഈ തീരുമാനം വലിയൊരു പരീക്ഷണമാണ്. ട്രംപിന് ഈ വ്യാപാര കരാറിനോട് പണ്ടേ താല്പര്യമില്ലെന്ന് അറിയാമായിരുന്നതിനാൽ, കാനഡ ഈ നീക്കം മുൻകൂട്ടി കണ്ടിരുന്നു. ഒരു മോശം കരാറിന് ഒപ്പിടാൻ കാനഡ ധൃതി കാണിക്കില്ലെന്നും, രാജ്യത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ സമയം എടുക്കുമെന്നുമാണ് കാർണി വ്യക്തമാക്കുന്നത്.

**ഡൊമിനിക് ലെബ്ലാങ്കിന്റെ ശുഭാപ്തിവിശ്വാസം**

കാനഡയുടെ വ്യാപാര മന്ത്രി ഡൊമിനിക് ലെബ്ലാങ്ക് ഈ സാഹചര്യത്തെ ശാന്തമാക്കാനാണ് ശ്രമിക്കുന്നത്. ജൂലൈ 1 എന്നത് ഒരു അഗാധമായ വീഴ്ചയുടെ ദിവസമല്ലെന്നും, തങ്ങൾ ശക്തമായ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് ചർച്ചകൾ തുടരുമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തിലെ ഏറ്റവും വലിയ വ്യാപാര സഖ്യത്തെ സംരക്ഷിക്കാൻ തങ്ങൾക്ക് മികച്ച തന്ത്രങ്ങളുണ്ടെന്നാണ് ഒട്ടാവയുടെ അവകാശവാദം.

**ഉഭയകക്ഷി ചർച്ചകളിലേക്കുള്ള മാറ്റം**

മൂന്ന് രാജ്യങ്ങൾ ചേർന്നുള്ള തൃകക്ഷി കരാറിനേക്കാൾ കാനഡയുമായും മെക്സിക്കോയുമായും വെവ്വേറെ ഉഭയകക്ഷി കരാറുകളിൽ ഏർപ്പെടാനാണ് ട്രംപ് ഭരണകൂടം താല്പര്യപ്പെടുന്നത്. ഇത് കാനഡയുടെ വിലപേശൽ ശേഷിയെ ബാധിച്ചേക്കാം. കാനഡയുടെ പ്രകൃതിവിഭവങ്ങളും ഉൽപ്പാദന മേഖലയും സംരക്ഷിക്കുക എന്നത് വരും നാളുകളിൽ അതീവ സങ്കീർണ്ണമാകും.

## വ്യാവസായിക ഉൽപ്പാദന മേഖലയിലെ പ്രത്യാഘാതങ്ങൾ

**ഓട്ടോമൊബൈൽ മേഖലയിലെ അസ്വസ്ഥതകൾ:**

വടക്കേ അമേരിക്കയിലുടനീളം പടർന്നുകിടക്കുന്ന ഓട്ടോമോട്ടീവ് സപ്ലൈ ചെയിനെയാണ് ഈ തീരുമാനം ഏറ്റവും കൂടുതൽ ബാധിക്കുക. കാർ നിർമ്മാണത്തിനുള്ള സ്പെയർ പാർട്സുകൾ കാനഡയിലും മെക്സിക്കോയിലുമായി ഉൽപ്പാദിപ്പിച്ച് യു.എസിൽ അസംബിൾ ചെയ്യുന്ന രീതിക്ക് ഇത് വലിയ തിരിച്ചടിയാകും. വാർഷിക അവലോകനങ്ങൾ കമ്പനികൾക്ക് കൃത്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് തടസ്സമാകും.

**ഉരുക്ക്, അലുമിനിയം വിപണിയിലെ താരിഫ് ഭീഷണി:**

വ്യാപാര കരാർ നിലനിൽക്കുന്നുണ്ടെങ്കിലും, കാനഡയിൽ നിന്നുള്ള ഉരുക്ക്, അലുമിനിയം ഉൽപ്പന്നങ്ങൾക്ക് മേൽ കനത്ത താരിഫുകൾ അടിച്ചേൽപ്പിക്കാൻ ട്രംപ് മടിക്കില്ല. ഇത് കാനഡയിലെ കനത്ത വ്യവസായങ്ങളെയും അതിൽ ജോലി ചെയ്യുന്ന ആയിരക്കണക്കിന് തൊഴിലാളികളെയും നേരിട്ട് ബാധിക്കും. ഉഭയകക്ഷി വ്യാപാരത്തിലെ സ്വതന്ത്ര സ്വഭാവം ഇതോടെ ഇല്ലാതാകും.

**നിക്ഷേപകരുടെ കൂട്ടത്തോടെയുള്ള പിൻവാങ്ങൽ:**

സ്ഥിരതയില്ലാത്ത നയങ്ങൾ കാരണം വൻകിട മൾട്ടിനാഷണൽ കമ്പനികൾ കാനഡയിൽ പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതിൽ നിന്ന് പിന്തിരിഞ്ഞേക്കാം. പത്ത് വർഷത്തിനുള്ളിൽ കരാർ അവസാനിച്ചേക്കാം എന്ന ഭീതി നിലനിൽക്കുന്നതിനാൽ, ദീർഘകാല മൂലധന നിക്ഷേപങ്ങൾ അമേരിക്കയിലേക്ക് തന്നെ കേന്ദ്രീകരിക്കപ്പെടാൻ സാധ്യതയേറെയാണ്.

## രാഷ്ട്രീയ മാറ്റങ്ങളും വരാനിരിക്കുന്ന ചർച്ചകളും

**മെക്സിക്കോയുടെ നിലപാടും ചൈനീസ് ഘടകവും:**

അമേരിക്കയുടെ പ്രധാന ലക്ഷ്യം മെക്സിക്കോ വഴിയുള്ള ചൈനീസ് ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റം തടയുക എന്നതാണ്. മെക്സിക്കോയിലെ ചൈനീസ് നിക്ഷേപങ്ങളെ ട്രംപ് കടുത്ത സംശയത്തോടെയാണ് കാണുന്നത്. ഇതിനിടയിൽ കാനഡയ്ക്കും തങ്ങളുടെ വ്യാപാര നയങ്ങളിൽ വലിയ മാറ്റങ്ങൾ വരത്തേണ്ടി വരും.

**അമേരിക്കൻ കോൺഗ്രസിന്റെ ഇടപെടലുകൾ:**

ട്രംപ് ഭരണകൂടം കരാർ പുതുക്കില്ലെന്ന് പ്രഖ്യാപിച്ചെങ്കിലും, അമേരിക്കയിലെ പല ആഭ്യന്തര വ്യവസായങ്ങളും കാനഡയുമായുള്ള സ്വതന്ത്ര വ്യാപാരത്തെ അനുകൂലിക്കുന്നവരാണ്. അതിനാൽ കരാർ പൂർണ്ണമായി റദ്ദാക്കാൻ ട്രംപ് ശ്രമിച്ചാൽ യു.എസ് കോൺഗ്രസിൽ നിന്ന് വലിയ എതിർപ്പുകൾ നേരിടേണ്ടി വരും. വരും വർഷങ്ങളിലെ രാഷ്ട്രീയ മാറ്റങ്ങളും ഇതിൽ നിർണ്ണായകമാകും.

**ഭാവി ഭരണകൂടങ്ങളിലുള്ള പ്രതീക്ഷ:**

നിലവിലെ വാർഷിക അവലോകന പ്രക്രിയ 2036 വരെ നീളുന്നതിനാൽ, 2029ൽ ട്രംപിന്റെ കാലാവധി കഴിയമ്പോൾ അധികാരത്തിൽ വരുന്ന പുതിയ യു.എസ് ഭരണകൂടത്തിന് കീഴിൽ ഈ കരാർ വീണ്ടും 16 വർഷത്തേക്ക് നീട്ടിയെടുക്കാൻ സാധിക്കുമെന്ന പ്രതീക്ഷയും കാനഡയ്ക്കും മെക്സിക്കോയ്ക്കും ഉണ്ട്. അതുകൊണ്ട് തന്നെ പത്ത് വർഷത്തെ ഈ കാലയളവ് അതിജീവനത്തിന്റെ പോരാട്ടമാണ്.

# സാധാരണക്കാർക്ക് വലിയ ആശ്വാസം

(മൂന്നാം പേജ് തുടർച്ച)

കൂടം ഈ പദ്ധതി നടപ്പിലാക്കുന്നത്.

## പദ്ധതിയുടെ ഘടനയും വർദ്ധിച്ച സാമ്പത്തിക സഹായവും

**ഇരുപത്തിയഞ്ച് ശതമാനത്തിന്റെ വർദ്ധനവ്:**

പഴയ നികുതിയിളവ് പദ്ധതികളേക്കാൾ 25 ശതമാനം തുക വർദ്ധിപ്പിച്ചാണ് പുതിയ കാനഡ ഗ്രോസറീസ് ആൻഡ് എസൻഷ്യൽസ് ബെനിഫിറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2026 ജൂലൈ മുതൽ ആരംഭിച്ച് അടുത്ത അഞ്ച് വർഷത്തേക്ക്, അതായത് 2031 വരെ ഈ വർദ്ധിപ്പിച്ച നിരക്ക് കാനഡയിലെ താഴ്ന്നമിതവരുമാനക്കാർക്ക് ലഭ്യമാകും. പണപ്പെരുപ്പം മൂലം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നേരിടുന്ന കുടുംബങ്ങൾക്ക് ഈ തുക വലിയൊരു തണലാകും.

**കുടുംബങ്ങളുടെ വരുമാന പരിധി:**

സി.ജി.ഇ.ബി പദ്ധതിയുടെ പൂർണ്ണമായ ആനുകൂല്യം ലഭിക്കുന്നതിന് വ്യക്തികളുടെയും കുടുംബങ്ങളുടെയും 2025ലെ വാർഷിക നികുതി റിട്ടേൺ ആണ് അടിസ്ഥാനമാക്കുന്നത്. ഒരൊറ്റ വ്യക്തിയായി താമസിക്കുന്നവർക്ക് പരമാവധി 679 ഡോളർ വരെയും, വിവാഹിതരോ അല്ലെങ്കിൽ ഒരുമിച്ച് പങ്കാളികളായി കഴിയുന്നവർക്കോ 890 ഡോളർ വരെയും വാർഷിക സഹായം ലഭിക്കും. ഇതിന് പുറമെ 19 വയസ്സിന് താഴെയുള്ള ഓരോ കുട്ടിക്കും 234 ഡോളർ വീതം അധികമായി ലഭിക്കുന്നതിലൂടെയാണ് മൊത്തം തുക 1,826 ഡോളറിലേക്ക് ഉയരുന്നത്.

**നികുതി രഹിത ത്രൈമാസ വിതരണം:**

ഈ ആനുകൂല്യത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഇത് പൂർണ്ണമായും നികുതി രഹിതമാണ് എന്നതാണ്. വർഷത്തിൽ നാല് തവണകളായി അർഹരായവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടാണ് തുക നിക്ഷേപിക്കുക. ജൂലൈ 3ന് വിതരണം ചെയ്യുന്ന ആദ്യ ഗഡുവിന് ശേഷം ഒക്ടോബർ, ജനുവരി, ഏപ്രിൽ മാസങ്ങളിലെ ആദ്യ വാരങ്ങളിൽ അടുത്ത ഗഡുക്കൾ ഗുണഭോക്താക്കൾക്ക് ലഭിക്കും.

## അർഹത മാനദണ്ഡങ്ങളും അപേക്ഷാ രീതികളും

**നികുതി റിട്ടേൺ സമർപ്പണത്തിന്റെ പ്രാധാന്യം:**

ഈ ആനുകൂല്യം ലഭിക്കുന്നതിനായി കനേഡിയൻ പൗരന്മാർ പ്രത്യേകം യാതൊരു അപേക്ഷയും സമർപ്പിക്കേണ്ടതില്ല. 2025ലെ തങ്ങളുടെ വാർഷിക ആദായനികുതി കൃത്യമായി ഫയൽ ചെയ്ത കാനഡയിലെ താമസക്കാരായ എല്ലാവരെയും കനേഡിയൻ റവന്യൂ ഏജൻസി തനിയെ ഈ പദ്ധതിയിലേക്ക് പരിഗണിക്കും. കുറഞ്ഞ വരുമാനമുള്ള വ്യക്തികൾ നികുതി അടയ്ക്കാനില്ലെങ്കിൽ പോലും റിട്ടേൺ ഫയൽ ചെയ്താൽ മാത്രമേ ഈ തുക ലഭിക്കൂ.

**പ്രായപരിധിയും തദ്ദേശീയ വ്യവസ്ഥകളും:**



കാനഡയിൽ നികുതി നൽകുന്ന 19 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള ഏതൊരു വ്യക്തിക്കും ഈ തുകയ്ക്ക് അർഹതയുണ്ട്. എന്നാൽ 19 വയസ്സിന് താഴെയുള്ളവരാണെങ്കിലും പങ്കാളിയോടൊപ്പം താമസിക്കുന്നവർക്കും അല്ലെങ്കിൽ സ്വന്തമായി കുട്ടികളുള്ള രക്ഷിതാക്കൾക്കും ഈ പദ്ധതിയുടെ ഭാഗമാകാം. കാനഡയിലെ ഓരോ പ്രവിശ്യകളിലെയും ആഭ്യന്തര വരുമാന പരിധികൾക്കനുസരിച്ച് തുകയിൽ ചെറിയ മാറ്റങ്ങൾ ഉണ്ടാകാം.

**പ്രവിശ്യാ തലത്തിലെ അധിക ആനുകൂല്യങ്ങൾ:**

സി.ജി.ഇ.ബി കേന്ദ്ര പദ്ധതിയാണെങ്കിലും ഇതിനോടൊപ്പം വിവിധ പ്രവിശ്യകളുടെ പ്രത്യേക ധനസഹായങ്ങളും ഒരുമിച്ച് വിതരണം ചെയ്യുന്നുണ്ട്. ഉദാഹരണത്തിന് ന്യൂ ബ്രൺസ്വിക്ക്, പ്രിൻസ് എഡ്വേർഡ് ഐലൻഡ് തുടങ്ങിയ പ്രവിശ്യകളിലുള്ളവർക്ക് അവിടുത്തെ പ്രാദേശിക എസൻഷ്യൽസ് ക്രെഡിറ്റുകൾ കൂടി ഇതോടൊപ്പം അക്കൗണ്ടിൽ ലഭ്യമാകും. ഇത് പ്രാദേശിക വിപണിയിലെ ജനങ്ങളുടെ വാങ്ങൽ ശേഷി ഉയർത്താൻ സഹായിക്കും.

## സാമ്പത്തിക മാന്ദ്യവും കമ്പോളത്തിലെ പ്രതിഫലനങ്ങളും

**വിലക്കയറ്റത്തിനെതിരെയുള്ള പ്രതിരോധം:**

കാനഡയിലെ പല സൂപ്പർമാർക്കറ്റുകളിലും പലചരക്ക് സാധനങ്ങളുടെ വില കുതിച്ചുയരുന്ന സാഹചര്യത്തിലാണ് ഈ ധനസഹായം എത്തുന്നത്. സാധാരണക്കാരായ ജനങ്ങൾ ഭക്ഷണത്തിനും മറ്റ് അത്യാവശ്യ കാര്യങ്ങൾക്കും പണം കണ്ടെത്താൻ ബുദ്ധിമുട്ടുന്ന അവസ്ഥയ്ക്ക് ഈ ആനുകൂല്യം വലിയൊരു ആശ്വാസമാകും. വിപണിയിലെ കറൻസി ലഭ്യത വർദ്ധിപ്പിക്കാനും ഇതിലൂടെ സാധിക്കും.

**ബാങ്ക് അക്കൗണ്ടുകളിലെ നേരിട്ടുള്ള നിക്ഷേപം:**

ചെക്കുകളായി തപാൽ മാർഗ്ഗം അയക്കുന്നതിനേക്കാൾ ഭൂരിഭാഗം പേർക്കും ഡയറക്ട് ഡെപ്പോസിറ്റ് വഴിയാണ് സി.ജി.ഇ.ബി തുക ലഭ്യമാക്കുന്നത്. ജൂലൈ ആദ്യ വാരം തന്നെ തുക അക്കൗണ്ടിൽ എത്തുന്നതോടെ കനേഡിയൻ വിപണിയിൽ നവവത്സര ബിസിനസ്സ് ചലനങ്ങൾ സജീവമാകും. ജൂലൈ മാസം കാനഡയിൽ മറ്റ് പല ആനുകൂല്യങ്ങളുടെയും പുനഃക്രമീകരണ മാസം കൂടിയാണ്.

**തൊഴിലാളികൾക്കുള്ള മറ്റ് ആനുകൂല്യങ്ങൾ:**

ജൂലൈ മാസത്തിൽ സി.ജി.ഇ.ബി കൂടാതെ കാനഡ വർക്കേഴ്സ് ബെനിഫിറ്റിന്റെ അഡ്വാൻസ് തുകയും (എ.സി.ഡബ്ല്യു.ബി) കാനഡ ചൈൽഡ് ബെനിഫിറ്റും (സി.സി.ബി) അർഹരായവരിലേക്ക് എത്തും. ജൂലൈ 10നാണ് കുറഞ്ഞ വരുമാനമുള്ള തൊഴിലാളികൾക്കുള്ള അഡ്വാൻസ് വർക്കേഴ്സ് ബെനിഫിറ്റ് വിതരണം ചെയ്യുന്നത്. ഒരേ മാസം തന്നെ ഒന്നിലധികം കേന്ദ്ര സഹായങ്ങൾ ലഭിക്കുന്നത് സാധാരണക്കാരുടെ സാമ്പത്തിക ഭദ്രത നിലനിർത്താൻ സഹായിക്കും.

## കാനഡയിൽ കനത്ത നാശനഷ്ടം വിതച്ച് ശക്തമായ കൊടുങ്കാറ്റും മഴയും:

# മാർക്ക് കാർണിയുടെ വിമാനം റദ്ദാക്കി, കാനഡ ദിന ആഘോഷങ്ങൾ താറുമാറായി

കാനഡയിൽ ആഞ്ഞടിച്ച ശക്തമായ കാറ്റും കനത്ത ഇടിമിന്നലോടും കൂടിയ മഴയും രാജ്യത്തെ ജനജീവിതത്തെ പൂർണ്ണമായി ബാധിച്ചു. മോശം കാലാവസ്ഥയെത്തുടർന്ന് തലസ്ഥാനമായ ഒട്ടാവയിൽ നടത്താനിരുന്ന പ്രധാന ഔദ്യോഗിക പരിപാടികളും പ്രശസ്തമായ കാനഡ ദിന ഫയർവർക്ക്സ് ആഘോഷങ്ങളും പൂർണ്ണമായി ഉപേക്ഷിക്കേണ്ടി വന്നു. കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടായ ഈ കനത്ത പ്രതിസന്ധി രാജ്യത്തെ പ്രധാന ഗതാഗത സംവിധാനങ്ങളെയും സാരമായി ബാധിച്ചിട്ടുണ്ട്.





കനത്ത ഇടിമിന്നലും കാറ്റും കാനഡയിലെ വ്യോമയാന സർവീസുകളെ പൂർണ്ണമായി തകിടം മറിച്ചു. ഒട്ടാവ വിമാനത്താവളത്തിൽ നിന്നുള്ള ഡസനിലധികം വിമാന സർവീസുകളാണ് മോശം കാലാവസ്ഥയെ തുടർന്ന് പൂർണ്ണമായി റദ്ദാക്കിയത്. കാലാവസ്ഥ മോശമായതോടെ വ്യോമപാതയിലെ സുരക്ഷ മുൻനിർത്തി അധികൃതർ കർശന ജാഗ്രതാ നിർദ്ദേശം പുറപ്പെടുവിച്ചു.

വ്യോമഗതാഗതം തടസ്സപ്പെട്ടതോടെ കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ ഔദ്യോഗിക യാത്രയും റദ്ദാക്കേണ്ടി വന്നു. എഡ്മന്റണിൽ നടത്താനിരുന്ന നിർണായകമായ കാനഡ ദിന ഒരുമയുടെ പ്രസംഗത്തിൽ പങ്കെടുക്കാൻ അദ്ദേഹത്തിന് സാധിച്ചില്ല. ഒട്ടാവയിൽ നിന്ന് പ്രധാനമന്ത്രിയുടെ വിമാനത്തിന് കൃത്യസമയത്ത് പറന്നുയരാൻ കഴിയാത്തതാണ് ഇതിന് കാരണമായത്.

രാജ്യം വിഘടനവാദ ഭീഷണികളും രാഷ്ട്രീയപരമായ വെല്ലുവിളികളും നേരിടുന്ന സാഹചര്യത്തിലാണ് ഈ കാനഡ ദിനം കടന്നുവന്നത്. രാജ്യത്തിന്റെ ഐക്യം നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഒട്ടാവയിൽ പ്രധാനമന്ത്രി മാർക്ക് കാർണി ജനങ്ങളോട് സംസാരിച്ചു. എന്നാൽ എഡ്മന്റണിലെ ജനങ്ങളെ അഭിസംബോധന ചെയ്യാനുള്ള അദ്ദേഹത്തിന്റെ പ്ലാനാണ് മഴ കാരണം തടസ്സപ്പെട്ടത്.വിഘടനവാദ പ്രസ്ഥാനങ്ങൾ ശക്തമാകുന്ന സാഹചര്യത്തിൽ പ്രധാനമന്ത്രിയുടെ ആൽബർട്ട സന്ദർശനം രാഷ്ട്രീയമായി ഏറെ പ്രാധാന്യമുള്ളതായിരുന്നു. കാനഡയിൽ നിന്ന് വേർപിരിയുന്നതുമായി ബന്ധപ്പെട്ട് ഈ വർഷം അവസാനം ആൽബർട്ടയിൽ പൊതുവോട്ടെടുപ്പ് നടക്കാനിരിക്കുകയാണ്.

കാനഡയുടെ ചരിത്രത്തിലെ വലിയൊരു രാഷ്ട്രീയ പ്രതിസന്ധിയുടെ ഘട്ടത്തിലാണ് കാലാവസ്ഥ വില്ലനായി എത്തിയത്.എഡ്മന്റണിലെ പരിപാടി റദ്ദാക്കിയ വിവരം പ്രധാനമന്ത്രിയുടെ ഔദ്യോഗിക വക്താവ് മാധ്യമങ്ങളെ അറിയിച്ചു. കൃത്യസമയത്ത് എഡ്മന്റണിൽ എത്തിച്ചേരാൻ കഴിയില്ലെന്ന് ബോധ്യപ്പെട്ടതോടെയാണ് യാത്ര ഉപേക്ഷിച്ചത്. വരും ദിവസങ്ങളിൽ ഈ മേഖലയിൽ കൂടുതൽ ശക്തമായ മഴ പെയ്യാൻ സാധ്യതയുണ്ടെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകുന്നു.

ഒട്ടാവയിൽ കനത്ത ചൂടിന് ശേഷമാണ് ശക്തമായ ഇടിമിന്നലും കാറ്റും പ്രളയ സമാനമായ സാഹചര്യവും ഉണ്ടായത്.

കനത്ത മഴയെത്തുടർന്ന് കാനഡ ദിന ആഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിയ ആയിരക്കണക്കിന് ആളുകൾ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി. പ്രദേശത്ത് വലിയ തോതിൽ ആലിപ്പഴ വർഷവും ഫ്ളാഷ് ഫ്ളഡും ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് എൻവയോൺമെന്റ് കാനഡ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.






# കാനഡയിലെ ഒന്റാറിയോയിൽ പുതിയ വാഹന ഇൻഷുറൻസ് നിയമങ്ങൾ നിലവിൽ വന്നു: കുറഞ്ഞ പ്രീമിയത്തിൽ വലിയ കെണികൾ ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് വിദഗ്ദ്ധർ

കാനഡയിലെ ഒന്റാറിയോ പ്രവിശ്യയിൽ പുതിയ വാഹന ഇൻഷുറൻസ് പരിഷ്കാരങ്ങൾ ഔദ്യോഗികമായി നിലവിൽ വന്നിരിക്കുകയാണ്. വാഹനം ഓടിക്കുന്നവർക്ക് തങ്ങളുടെ ഇൻഷുറൻസ് പ്രീമിയം തുകയിൽ ലാഭം നേടാൻ പുതിയ നിയമങ്ങൾ അവസരം നൽകുന്നുണ്ട്. എന്നാൽ ഈ ചെറിയ സാമ്പത്തിക ലാഭത്തിന് പിന്നിൽ വലിയ തോതിലുള്ള സുരക്ഷാ ഭീഷണികൾ ഒളിഞ്ഞിരിക്കുന്നുണ്ടെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ വ്യക്തമാക്കുന്നത്.



പുതിയ പരിഷ്കാരങ്ങളുടെ ഭാഗമായി വാഹന ഇൻഷുറൻസ് പോളിസികളിൽ മുൻപ് നിർബന്ധമാക്കിയിരുന്ന ഒൻപത് തരം അപകട ആനുകൂല്യങ്ങൾ ഇനി മുതൽ ഓപ്ഷണൽ മാത്രമായിരിക്കും. ഇൻഷുറൻസ് എടുക്കുന്ന ആളുടെ താല്പര്യപ്രകാരം മാത്രം ഇവ തിരഞ്ഞെടുത്താൽ മതിയെന്നാണ് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. ഇൻഷുറൻസ് കമ്പനികളുടെ നിർബന്ധിത ആനുകൂല്യങ്ങളുടെ പട്ടികയിൽ നിന്നാണ് ഇവ നീക്കം ചെയ്തിരിക്കുന്നത്.

അപകടത്തെത്തുടർന്ന് ജോലിക്ക് പോകാൻ കഴിയാതെ വരുമ്പോൾ ലഭിക്കുന്ന വരുമാന സുരക്ഷ പുതിയ നിയമപ്രകാരം ഇനി മുതൽ ഓപ്ഷണൽ ആനുകൂല്യങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുന്നത്. കൂടാതെ ഹോം മെയ്ന്റനൻസ്, കെയർഗിവർ ബെനഫിറ്റുകൾ, മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം എന്നിവയും പോളിസിയിൽ നിന്ന് ഒഴിവാക്കാൻ സാധിക്കും. റിട്ടയർ ചെയ്തവർക്കും വിദ്യാർത്ഥികൾക്കുമുള്ള പ്രത്യേക ആനുകൂല്യങ്ങളും ഇനി നിർബന്ധിതമല്ല.

ഇത്തരം ആനുകൂല്യങ്ങൾ പോളിസിയിൽ നിന്നും ഒഴിവാക്കുന്നതിലൂടെ ഒരു വാഹന ഉടമയ്ക്ക് വർഷത്തിൽ ഏകദേശം 75 മുതൽ 100 ഡോളർ വരെ പ്രീമിയം തുകയിൽ ലാഭിക്കാൻ സാധിക്കും. പ്രീമിയം തുക കുറയ്ക്കാൻ ആഗ്രഹിക്കുന്ന നിരവധി ആളുകൾ ഈ ആനുകൂല്യങ്ങൾ വേണ്ടെന്ന് വെക്കാൻ സാധ്യതയുണ്ടെന്ന് ഇൻഷുറൻസ് മേഖലയിലുള്ളവർ പറയുന്നു. എന്നാൽ ഇത് വലിയൊരു കെണിയാണെന്നാണ് വിദഗ്ദ്ധർ നൽകുന്ന കടുത്ത മുന്നറിയിപ്പ്.

ചെറിയൊരു തുക ലാഭിക്കാൻ വേണ്ടി പോളിസിയിൽ മാറ്റങ്ങൾ വരുത്തുമ്പോൾ അപകട സമയങ്ങളിൽ വലിയ സാമ്പത്തിക നഷ്ടം സഹിക്കേണ്ടി വരുമെന്ന് വിദഗ്ദ്ധർ ഓർമ്മിപ്പിക്കുന്നു. ഉദാഹരണത്തിന് അപകടത്തിൽ പരിക്കേറ്റ് ജോലി നഷ്ടമായാൽ ലഭിക്കേണ്ടിയിരുന്ന ആയിരക്കണക്കിന് ഡോളറിന്റെ വരുമാന സുരക്ഷയാണ് ഇതോടെ ഇല്ലാതാവുന്നത്. ഇത് സാധാരണക്കാരായ കനേഡിയൻ കുടുംബങ്ങളെ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടും.

പുതിയ ഇൻഷുറൻസ് നിയമങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ അനുസരിച്ച് കാൽനടയാത്രക്കാർക്കും സൈക്കിൾ യാത്രക്കാർക്കും വലിയ തിരിച്ചടിയാണ് നേരിടേണ്ടി വരിക. മറ്റ് വാഹനങ്ങളുടെ ഇൻഷുറൻസ് പോളിസിയിൽ നിന്നും മുൻപ് ഇവർക്ക് ലഭിച്ചിരുന്ന അപകട ആനുകൂല്യങ്ങൾ പലതും ഇനി മുതൽ ലഭ്യമാകില്ല. ചില പ്രത്യേക വിഭാഗത്തിൽപ്പെട്ട യാത്രക്കാർക്കും പുതിയ നിയമപ്രകാരം പരിരക്ഷ നഷ്ടപ്പെടാൻ സാധ്യതയുണ്ട്.

അതേസമയം പരിക്കേൽക്കുന്നവർക്കുള്ള അടിസ്ഥാന മെഡിക്കൽ സഹായങ്ങളും പുനരധിവാസ ആനുകൂല്യങ്ങളും എല്ലാ ഇൻഷുറൻസ് പോളിസികളിലും തുടർന്നും നിർബന്ധിതമായി നിലനിർത്തിയിട്ടുണ്ട്. പരിക്കേറ്റവർക്ക് ആവശ്യമായ അടിയന്തിര പരിചരണങ്ങൾ ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഈ തീരുമാനം. ഇൻഷുറൻസ് പോളിസികൾ പുതുക്കുന്നതിന് മുൻപ് പുതിയ നിബന്ധനകൾ കൃത്യമായി വായിച്ചു മനസ്സിലാക്കണമെന്ന് അധികൃതർ നിർദ്ദേശിക്കുന്നു.

ഇൻഷുറൻസ് തുകയിലെ ചെറിയ ലാഭം നോക്കാതെ സ്വന്തം കുടുംബത്തിന്റെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകാൻ ഒന്റാറിയോയിലെ ജനങ്ങൾ തയ്യാറാകണം.

ഇൻഷുറൻസ് കമ്പനികളുമായി സംസാരിച്ച് തങ്ങൾക്ക് അനുയോജ്യമായ പരിരക്ഷ ഉറപ്പാക്കാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതുണ്ട്. കാനഡയിലെ വാഹന മേഖലയിൽ വലിയ ചർച്ചകൾക്കാണ് ഈ പുതിയ ഇൻഷുറൻസ് പരിഷ്കാരങ്ങൾ ഇപ്പോൾ വഴിതുറന്നിരിക്കുന്നത്.

## കാനഡയിലെ ആൽബർട്ടയിൽ ജനങ്ങൾക്ക് നേരിട്ട് പണം നൽകുന്ന എനർജി റീബേറ്റ് പദ്ധതിക്ക് തുടക്കമായി: അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി

കാനഡയിലെ ആൽബർട്ട പ്രവിശ്യയിൽ സാധാരണക്കാരായ ജനങ്ങൾക്ക് വലിയ ആശ്വാസമേകുന്ന പുതിയ എനർജി റീബേറ്റ് പദ്ധതിക്ക് ഔദ്യോഗികമായി തുടക്കമായിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന ജീവിതച്ചെലവുകൾക്കും ഇന്ധനവില വർദ്ധനവിനും പരിഹാരമായാണ് പ്രവിശ്യാ സർക്കാർ ജനങ്ങൾക്ക് നേരിട്ട് സാമ്പത്തിക സഹായം എത്തിക്കുന്നത്. യോഗ്യരായ ഓരോ പൗരനും നൂറ് ഡോളർ വീതം ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകുന്നതാണ് ഈ പുതിയ ജനക്ഷേമ പദ്ധതി. പ്രവിശ്യയിലെ മുപ്പത്തിനാല് ലക്ഷത്തോളം ജനങ്ങൾക്ക് ഈ പുതിയ പദ്ധതിയുടെ പ്രയോജനം നേരിട്ട് ലഭിക്കുമെന്നാണ് സർക്കാർ കണക്കാക്കുന്നത്.



മുൻപ് നടപ്പിലാക്കിയിരുന്ന താൽക്കാലിക ഇന്ധന നികുതി ഇളവ് പദ്ധതിക്ക് പകരമായാണ് കൂടുതൽ തുക നേരിട്ട് ജനങ്ങളിലേക്ക് എത്തിക്കുന്ന ഈ സംവിധാനം കൊണ്ടുവന്നത്. നികുതി ഇളവുകളേക്കാൾ സാധാരണക്കാർക്ക് കൂടുതൽ ഗുണം ചെയ്യുക ഇത്തരം നേരിട്ടുള്ള സാമ്പത്തിക സഹായങ്ങളാണെന്ന് അധികൃതർ വ്യക്തമാക്കുന്നു. ആൽബർട്ടയിലെ പ്രീമിയർ ഡാനിയേൽ സ്മിത്തിന്റെ നേതൃത്വത്തിലുള്ള ഭരണകൂടമാണ് ഈ പുതിയ ആശ്വാസ പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്.

ഇന്ധനവിലയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെ വിലയും വർദ്ധിച്ച സാഹചര്യത്തിൽ കുടുംബങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യത്തോടെ പണം ചിലവഴിക്കാൻ ഇത് സഹായിക്കും. വാഹനം ഉപയോഗിക്കുന്നവർക്ക് മാത്രമല്ല പ്രവിശ്യയിലെ യോഗ്യരായ എല്ലാ മുതിർന്ന പൗരന്മാർക്കും ഈ തുക ലഭ്യമാകും.

ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനായി ജനങ്ങൾക്ക് അപേക്ഷിക്കാനുള്ള പ്രത്യേക ഓൺലൈൻ പോർട്ടൽ ഇപ്പോൾ പ്രവർത്തനസജ്ജമായിട്ടുണ്ട്. ആൽബർട്ടയിൽ താമസിക്കുന്ന പതിനെട്ട് വയസ്സ് തികഞ്ഞ ഏതൊരു വ്യക്തിക്കും ഈ ധനസഹായത്തിനായി ഓൺലൈൻ വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സമയപരിധി സെപ്രംബർ മുപ്പത് വരെയാണെന്ന് സാമ്പത്തിക മന്ത്രാലയം അറിയിച്ചു.

ധനസഹായം ലഭിക്കുന്നതിനായി അപേക്ഷകർക്ക് ചില കൃത്യമായ യോഗ്യതാ മാനദണ്ഡങ്ങൾ സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷിക്കുന്ന ആളുടെ വാർഷിക കുടുംബ വരുമാനം രണ്ട് ലക്ഷത്തി ഇരുപതിനായിരം ഡോളറിൽ താഴെയായിരിക്കണം എന്നതാണ് പ്രധാന നിബന്ധന. കൂടാതെ അപേക്ഷകർ തങ്ങളുടെ രണ്ടായിരത്തി ഇരുപത്തിയഞ്ചിലെ നികുതി റിട്ടേണുകൾ കൃത്യമായി സമർപ്പിച്ചവരും ആയിരിക്കണം.

ഒരു വീട്ടിൽ താമസിക്കുന്ന ഒന്നിലധികം മുതിർന്ന ആളുകൾക്ക് ഈ പദ്ധതി പ്രകാരം പ്രത്യേകം അപേക്ഷിക്കാൻ സാധിക്കും. വിവാഹിതരായ ദമ്പതികൾക്ക് ഒരുമിച്ച് ഇരുന്നൂറ് ഡോളർ വരെ ഈ പദ്ധതിയിലൂടെ അടിയന്തിര സഹായമായി അക്കൗണ്ടിൽ ലഭിക്കും. ഒരുമിച്ച് താമസിക്കുന്ന സുഹൃത്തുക്കൾക്കും മറ്റ് കുടുംബാംഗങ്ങൾക്കും വ്യക്തിഗതമായി ഈ തുകയ്ക്കായി പോർട്ടൽ വഴി അപേക്ഷിക്കാം.

പ്രവിശ്യയിലെ മുതിർന്ന പൗരന്മാർക്കുള്ള പ്രത്യേക ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവർ ഈ പദ്ധതിക്കായി പ്രത്യേകം അപേക്ഷിക്കേണ്ടതില്ല. ഭിന്നശേഷിക്കാർക്കുള്ള സാമ്പത്തിക സഹായ പദ്ധതികളിൽ അംഗങ്ങളായവർക്കും തുക നേരിട്ട് അക്കൗണ്ടുകളിൽ എത്തും. ഇത്തരത്തിലുള്ള പ്രത്യേക വിഭാഗങ്ങളെ അപേക്ഷ സമർപ്പിക്കുന്നതിൽ നിന്നും സർക്കാർ പൂർണ്ണമായി ഒഴിവാക്കിയിട്ടുണ്ട്.

ഓൺലൈൻ വഴി വിജയകരമായി അപേക്ഷ സമർപ്പിക്കുന്നവർക്ക് പതിനാല് ദിവസത്തിനകം തുക ബാങ്ക് അക്കൗണ്ടുകളിൽ ലഭ്യമാകും. ഇന്ററാക് ഇട്രാൻസ്ഫർ സംവിധാനം വഴിയാണ് പണം സുരക്ഷിതമായി ജനങ്ങളിലേക്ക് എത്തിക്കുന്നത്. ഈ തുകയ്ക്ക് പ്രത്യേകം നികുതി നൽകേണ്ടതില്ലെന്നും മറ്റ് സർക്കാർ ആനുകൂല്യങ്ങളെ ഇത് ബാധിക്കില്ലെന്നും ധനമന്ത്രി ജേസൺ നിക്സൺ വ്യക്തമാക്കി.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഓൺലൈൻ പോർട്ടലിൽ വലിയ രീതിയിലുള്ള തിരക്കാണ് അനുഭവപ്പെടുന്നത്. ഒരേസമയം ലക്ഷക്കണക്കിന് ആളുകൾ വെബ്സൈറ്റിൽ പ്രവേശിച്ചതിനെ തുടർന്ന് ചില സാങ്കേതിക തടസ്സങ്ങൾ ഉണ്ടായതായി റിപ്പോർട്ടുകളുണ്ട്. എന്നാൽ സാങ്കേതിക വിദഗ്ദ്ധർ അടിയന്തിരമായി ഇടപെട്ട് പ്രശ്നങ്ങൾ പരിഹരിച്ചതായും പോർട്ടൽ ഇപ്പോൾ സുഗമമായി പ്രവർത്തിക്കുന്നുണ്ടെന്നും സർക്കാർ അറിയിച്ചു.

കമ്പ്യൂട്ടറോ ഇന്റർനെറ്റ് സൗകര്യങ്ങളോ ഇല്ലാത്ത സാധാരണക്കാർക്കായി പ്രത്യേക ഹെൽപ്പ്ലൈൻ സംവിധാനങ്ങളും ആരംഭിച്ചിട്ടുണ്ട്. അർഹരായ എല്ലാ ജനങ്ങൾക്കും സഹായം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ആഗോളതലത്തിൽ ഉണ്ടായ സാമ്പത്തിക പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ ആൽബർട്ട സർക്കാർ കൊണ്ടുവന്ന ഈ പദ്ധതി ജനങ്ങൾക്ക് വലിയ തണലായി മാറുകയാണ്.

## കാനഡയിലെ വാൻകൂവറിലേക്ക് സഞ്ചാരികളുടെ വൻ ഒഴുക്ക്: ക്രൂയിസ് കപ്പൽ സീസണിൽ ചരിത്ര റെക്കോർഡ് നേട്ടത്തിലേക്ക്, കോടികളുടെ വരുമാനം

കാനഡയിലെ പ്രശസ്ത തുറമുഖ നഗരമായ വാൻകൂവറിലേക്ക് വൻതോതിൽ വിനോദസഞ്ചാരികൾ ഒഴുകിയെത്തുന്നതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇത്തവണത്തെ ക്രൂയിസ് കപ്പൽ സീസൺ ചരിത്രത്തിലെ എക്കാലത്തെയും വലിയ റെക്കോർഡുകൾ ഭേദിക്കുമെന്നാണ് ഈ മേഖലയിലുള്ളവർ വ്യക്തമാക്കുന്നത്. പ്രകൃതിഭംഗി ആസ്വദിക്കാനും അവധിക്കാലം ആഘോഷിക്കാനുമായി ലക്ഷക്കണക്കിന് അന്താരാഷ്ട്ര സഞ്ചാരികളാണ് കപ്പലുകളിൽ ഇവിടെ എത്തിച്ചേരുന്നത്.



വിനോദസഞ്ചാരികളുടെ ഈ വൻ വരവ് വാൻകൂവറിലെ പ്രാദേശിക സമ്പദ്‌വ്യവസ്ഥയ്ക്ക് വലിയ രീതിയിലുള്ള ഉണർവാണ് സമ്മാനിക്കുന്നത്. ജൂലൈ മാസത്തിൽ മാത്രം ഏകദേശം രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തോളം യാത്രികർ വാൻകൂവർ നഗരത്തിൽ എത്തുമെന്നാണ് കണക്കാക്കപ്പെടുന്നത്. വരാനിരിക്കുന്ന ഓഗസ്റ്റ് മാസത്തിലും സമാനമായ രീതിയിൽ സഞ്ചാരികളുടെ വൻ തിരക്ക് അനുഭവപ്പെടുമെന്നാണ് അധികൃതർ പ്രവചിക്കുന്നത്.

വാൻകൂവർ ഫ്രേസർ പോർട്ട് അതോറിറ്റിയുടെ ഔദ്യോഗിക കണക്കുകൾ പ്രകാരം ഓരോ ക്രൂയിസ് കപ്പലും നഗരത്തിന് വലിയ സാമ്പത്തിക നേട്ടമുണ്ടാക്കുന്നുണ്ട്. ഒരു കപ്പൽ വാൻകൂവർ തുറമുഖത്ത് അടുക്കുമ്പോൾ പ്രാദേശിക വിപണിയിലേക്ക് വലിയൊരു തുകയാണ് വിവിധ ആവശ്യങ്ങൾക്കായി ഒഴുകിയെത്തുന്നത്. ഈ സീസൺ പൂർണ്ണമാകുമ്പോൾ വാൻകൂവറിന്റെ സമ്പദ് വ്യവസ്ഥയിലേക്ക് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക നേട്ടം ഉണ്ടാകുമെന്നാണ് കരുതപ്പെടുന്നത്.

അലാസ്ക ക്രൂയിസ് കപ്പൽ യാത്രകളുടെ പ്രധാന കേന്ദ്രമായി വാൻകൂവർ മാറിയതാണ് ഇത്രയും വലിയ വിജയത്തിന് പ്രധാന കാരണം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആഡംബര കപ്പലുകളുടെ ഒരു ഹോംപോർട്ടായി വാൻകൂവർ തുറമുഖം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. കപ്പലുകൾക്ക് ആവശ്യമായ ഇന്ധനം നിറയ്ക്കാനും മറ്റ് അറ്റകുറ്റപ്പണികൾ നടത്താനും ഉള്ള മികച്ച സൗകര്യങ്ങൾ ഇവിടെ ലഭ്യമാണ്.

യാത്രക്കാർക്ക് കപ്പലിൽ നിന്നും വളരെ എളുപ്പത്തിൽ വാൻകൂവർ നഗരത്തിന്റെ മനോഹാരിത ആസ്വദിക്കാൻ സാധിക്കുന്നുണ്ട്. കപ്പൽ വന്നിറങ്ങുന്ന കാനഡ പ്ലേസിന് സമീപം തന്നെ നിരവധി വിനോദ കേന്ദ്രങ്ങളും ഷോപ്പിംഗ് മാളുകളും സ്ഥിതി ചെയ്യുന്നുണ്ട്. നഗരത്തിലെ വൃത്തിയും ജനങ്ങളുടെ സൗഹൃദപരമായ പെരുമാറ്റവും മികച്ച ഭക്ഷണരീതികളും സഞ്ചാരികളെ വല്ലാതെ ആകർഷിക്കുന്നു.ഇവിടെയെത്തുന്ന ഓരോ യാത്രികനും ശരാശരി വലിയൊരു തുകയാണ് ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, മറ്റ് പ്രാദേശിക വിപണികൾ എന്നിവയ്ക്കായി ചിലവഴിക്കുന്നത്. വാൻകൂവറിലെ പ്രശസ്തമായ ഗാസ്ടൗൺ എന്ന പ്രദേശം സന്ദർശിക്കാനാണ് ഭൂരിഭാഗം വിനോദ സഞ്ചാരികളും താല്പര്യം കാണിക്കുന്നത്. കപ്പലുകൾ എത്തുന്നതോടെ ഇവിടുത്തെ പ്രാദേശിക കച്ചവടക്കാരുടെ ബിസിനസ്സിൽ അറുപത് ശതമാനത്തിലധികം വർദ്ധനവാണ് രേഖപ്പെടുത്തുന്നത്.

മുൻകാലങ്ങളെ അപേക്ഷിച്ച് ഇപ്പോൾ ക്രൂയിസ് കപ്പൽ സീസണിന്റെ കാലയളവ് വലിയ രീതിയിൽ വർദ്ധിച്ചിട്ടുണ്ടെന്ന് വ്യാപാരികൾ സാക്ഷ്യപ്പെടുത്തുന്നു. മുൻപ് മേയ് മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിൽ മാത്രമായി ഒതുങ്ങിയിരുന്ന തിരക്ക് ഇപ്പോൾ കൂടുതൽ മാസങ്ങളിലേക്ക് നീണ്ടിരിക്കുകയാണ്. ഇത്കാനഡയിലെ ടൂറിസം മേഖലയ്ക്ക് വലിയ രീതിയിലുള്ള പുതിയ പ്രതീക്ഷകളാണ് നൽകുന്നത്. നിലവിൽ നടക്കുന്ന ഫിഫ ലോകകപ്പ് 2026 മത്സരങ്ങളുടെ ആവേശവും വാൻകൂവർ നഗരത്തിലെ തിരക്ക് വർദ്ധിക്കാൻ കാരണമായിട്ടുണ്ട്. ഫുട്ബോൾ മത്സരങ്ങൾ കാണാൻ എത്തുന്നവരും ക്രൂയിസ് യാത്രികരും ചേരുന്നതോടെ വാൻകൂവർ ഡൗൺടൗൺ പ്രദേശം ജനസാഗരമായി മാറും.

വരും ദിവസങ്ങളിൽ നഗരത്തിൽ വലിയ തോതിലുള്ള ഗതാഗതക്കുരുക്ക് ഉണ്ടായേക്കാമെന്ന് പോർട്ട് അതോറിറ്റി ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നുണ്ട്. വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി വാൻകൂവർ പോലീസും നഗരസഭയും കനത്ത ജാഗ്രതയിലാണ്. വിമാനത്താവളങ്ങളിലും റെയിൽവേ സ്റ്റേഷനുകളിലും സഞ്ചാരികൾക്കായി പ്രത്യേക സഹായ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്. കാനഡയിലെ ടൂറിസം മേഖലയുടെ ചരിത്രപരമായ ഈ കുതിച്ചുചാട്ടം രാജ്യത്തിന്റെ മറ്റ് പ്രവിശ്യകൾക്കും വലിയ മാതൃകയായി മാറുകയാണ്.

# കാനഡയിൽ ട്രാൻസ്‌ലിങ്ക് യാത്രാനിരക്കുകൾ കുത്തനെ കൂട്ടി: സാധാരണക്കാർ പ്രതിസന്ധിയിൽ, പ്രതിഷേധവുമായി യാത്രാ അവകാശ പ്രവർത്തകർ




കാനഡയിലെ മെട്രോ വാൻകൂവർ മേഖലയിൽ പൊതുഗതാഗത സംവിധാനമായ ട്രാൻസ്‌ലിങ്ക് യാത്രാനിരക്കുകൾ വർദ്ധിപ്പിച്ചത് സാധാരണക്കാരായ ജനങ്ങളെ വലിയ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. ശരാശരി അഞ്ച് ശതമാത്തോളം വർദ്ധനവാണ് ടിക്കറ്റ് നിരക്കുകളിൽ പെട്ടെന്ന് നടപ്പിലാക്കിയിരിക്കുന്നത്. ജീവിതച്ചെലവ് ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ യാത്രാനിരക്ക് കൂട്ടിയത് ജനങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യതയായി മാറിയിട്ടുണ്ട്.

നിരക്കുകൾ വർദ്ധിപ്പിച്ച സർക്കാർ നടപടിക്കെതിരെ ശക്തമായ ജരോഷവും വലിയ രീതിയിലുള്ള പ്രതിഷേധങ്ങളുമാണ് കാനഡയിൽ ഇപ്പോൾ ഉയർന്നുവരുന്നത്. ഇതിന്റെ ഭാഗമായി വാൻകൂവറിൽ കാനഡ ദിനത്തിൽ വിപുലമായ പ്രതിഷേധ റാലിയും സംഘടിപ്പിച്ചു. കുറഞ്ഞ വരുമാനമുള്ള സാധാരണക്കാർക്കായി പ്രത്യേക ട്രാൻസിറ്റ് പാസുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടാണ് യാത്രാ അവകാശ പ്രവർത്തകരും വിവിധ സംഘടനകളും തെരുവിൽ ഇറങ്ങിയത്.

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ആളുകൾക്ക് യാത്ര കൂടുതൽ താങ്ങാനാവുന്നതാക്കാൻ ഇത്തരം പാസുകൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതുണ്ടെന്ന് പ്രതിഷേധക്കാർ വ്യക്തമാക്കുന്നു. കാനഡയിലെയും വടക്കേ അമേരിക്കയിലെയും മറ്റ് പ്രധാന നഗരങ്ങളിലെല്ലാം ഇത്തരം ഇളവുകൾ നിലവിലുണ്ട്. എന്നാൽ വാൻകൂവറിൽ മാത്രം ഈ സംവിധാനം ഇതുവരെ കൊണ്ടുവരാത്തത് വലിയ വീഴ്ചയാണെന്ന് പ്രസ്ഥാനത്തിന്റെ ഭാരവാഹികൾ കുറ്റപ്പെടുത്തുന്നു.

നിലവിൽ മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്ന ബിസി ബിസ് പാസ് ആനുകൂല്യം എല്ലാ സാധാരണക്കാർക്കും ലഭ്യമാക്കണം. സാധാരണക്കാരായ തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും ദിവസേനയുള്ള യാത്രകൾക്ക് വലിയ തുക മാറ്റിവെക്കേണ്ടി വരുന്നു. നിരക്ക് വർദ്ധനവ് കാരണം പലർക്കും ജോലി സ്ഥലങ്ങളിലും സ്കൂളുകളിലും പോകാൻ വലിയ സാമ്പത്തിക ബുദ്ധിമുട്ടാണ് നേരിടേണ്ടി വരുന്നത്.

ഒരു വർഷം മൂന്ന് സോണുകളിലായി യാത്ര ചെയ്യുന്ന ഒരു സാധാരണക്കാരന് ടിക്കറ്റിനായി മാത്രം വലിയൊരു തുക ചിലവാക്കേണ്ടി വരുന്നു.

ട്രാൻസ്‌ലിങ്ക് വരുത്തിയ ഈ നിരക്ക് വർദ്ധനവ് പാവപ്പെട്ട യാത്രക്കാരുടെ കുടുംബ ബഡ്ജറ്റുകളെ പൂർണ്ണമായും താളം തെറ്റിക്കും. വരുമാനത്തിന്റെ വലിയൊരു പങ്ക് യാത്രാച്ചെലവുകൾക്കായി മാറ്റിവെക്കേണ്ടി വരുന്നത് ജനങ്ങളുടെ സ്വാതന്ത്ര്യത്തെയും സ്വയംപര്യാപ്തതയെയും ബാധിക്കുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. എന്നാൽ ഈ വിഷയത്തിൽ ഗതാഗത മന്ത്രാലയം തങ്ങളുടെ നിലപാട് വ്യക്തമാക്കി രംഗത്തെത്തിയിട്ടുണ്ട്.

പൊതുഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ലക്ഷക്കണക്കിന് ഡോളറാണ് സർക്കാർ നിലവിൽ നിക്ഷേപിക്കുന്നത്. കൂടാതെ മുതിർന്ന പൗരന്മാർ, ഭിന്നശേഷിക്കാർ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് ഇപ്പോൾ തന്നെ വലിയ തോതിൽ യാത്രാ സബ്സിഡികൾ നൽകുന്നുണ്ടെന്നും മന്ത്രാലയം അറിയിച്ചു.

സർക്കാർ അവകാശവാദങ്ങൾ ഉന്നയിക്കുന്നുണ്ടെങ്കിലും സാധാരണക്കാരായ ജനങ്ങളുടെ നിത്യജീവിതം കൂടുതൽ ദുസ്സഹമാവുകയാണ് ചെയ്യുന്നത്. ഇന്ധനവിലയും നികുതിയും വർദ്ധിച്ചതിന് പിന്നാലെ യാത്രാനിരക്കും കൂട്ടിയത് വലിയ അടിയായി മാറി.

കുറഞ്ഞ വരുമാനമുള്ള മുഴുവൻ ആളുകൾക്കും യാത്രാ ഇളവ് ലഭിക്കുന്നതുവരെ പ്രതിഷേധവുമായി മുന്നോട്ട് പോകാനാണ് വിവിധ സംഘടനകളുടെ തീരുമാനം.



# വെള്ളാനകൾ മദിച്ചു വിലസി പി.എസ്.സിയിൽ

കേരളത്തിലെ പൊതുസമൂഹത്തിന് മുന്നിൽ കോടതികളുടെയൊപ്പം വിശ്വാസ്യതയുണ്ടായിരുന്ന പി.എസ്.സിയുടെ മേൽ കരിനിഴൽ വീണിരിക്കുന്നു. തൊഴിലില്ലായ്മ അതിരൂക്ഷമായിരിക്കവേ പി.എസ്.സിയെ പ്രതീക്ഷയോടെ ഉറ്റുനോക്കിപ്പോന്ന ലക്ഷക്കണക്കിനു കുടുംബങ്ങളെ ആധിയിലാക്കുന്ന വിവരങ്ങളാണ് ഇതിന്റെ അനുബന്ധമായി പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ദൂരവ്യാപക പ്രത്യാഘാതമുണ്ടാക്കുന്ന സംഭവ വികാസമാണിതെന്നു തീർച്ച.




സംസ്ഥാനത്ത് പി.എസ്.സി പരീക്ഷകളെക്കുറിച്ചുള്ള വിവാദങ്ങൾ പുതിയതല്ല. ചോദ്യപേപ്പർ ചോർച്ച, ഉത്തരസൂചികയിലെ പിഴവുകൾ, വ്യാജ സർട്ടിഫിക്കറ്റ് പരാതികൾ, പരീക്ഷ റദ്ദാക്കൽ, കോടതി വിധിയെ തുടർന്നുള്ള പുനഃപരിശോധന തുടങ്ങി നിരവധി വിവാദങ്ങൾ നേരത്തേ ഉയർന്നിട്ടുണ്ട്. ഏത് പരീക്ഷയിലും വല്ലപ്പോഴും തെറ്റുകൾ സംഭവിക്കുക സ്വാഭാവികമാണ്. എന്നാൽ നിരന്തരം പിഴവുകളും തെറ്റുകളും ആവർത്തിക്കാനിടവരുന്നത് പബ്ലിക് സർവീസ് കമ്മീഷന്റെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്നു. നടപടികളിലെ അതാര്യതയും വിവരങ്ങൾ യഥാസമയം പൊതുസമൂഹത്തെ അറിയിക്കുന്നതിൽ കാണിക്കുന്ന വിമുഖതയുമാണ് സ്ഥാപനത്തിലെ അഴിമതിക്കും ക്രമക്കേടിനും വളമാകുന്നത്.

2023 നവംബറിലാണ് ഇൻഡസ്ട്രി ആൻഡ് ഇൻഫ്രാ ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ ഡിവിഷൻ ചീഫ്, പെസ്പെക്റ്റീവ് പ്ലാനിംഗ് ചീഫ് എന്നീ തസ്തികകളിലേക്ക് പി.എസ്.സി പരീക്ഷ നടന്നത്. തുടർന്ന് മാസങ്ങളോളം മാർക്കുകൾ വ്യക്തമാക്കാതെ രഹസ്യമാക്കി വെച്ച കമ്മീഷൻ, വിവരാവകാശ നിമയപ്രകാരം ഉത്തരക്കടലാസിന്റെ പകർപ്പിനായി അപേക്ഷിച്ച ഉദ്യോഗാർഥികളെ ഒരു വർഷത്തോളമാണ് വട്ടംചുറ്റിച്ചത്.

സഹികെട്ട ഉദ്യോഗാർഥികൾ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയും മൂന്നാഴ്ചക്കകം കൃത്യമായ മറുപടി നൽകാൻ ട്രൈബ്യൂണൽ ആവശ്യപ്പെടുകയും ചെയ്തപ്പോഴാണ് പി.എസ്.സി രേഖകൾ പുറത്തുവിടാൻ നിർബന്ധിതമായതും പരീക്ഷയിലെ ക്രമക്കേട് പുറത്തുവന്നതും. ഭരണഘടനാപരമായ സ്ഥാപനമാണ് പി.എസ്.സി. എന്നിട്ടും ഉദ്യോഗാർഥികൾക്ക് സ്വന്തം ഉത്തരക്കടലാസ് കാണിക്കാതെ അവരെ കോടതി കയറ്റിയത് ജനാധിപത്യ കേരളത്തിന് നാണക്കേടായിപ്പോയി.

ക്രമക്കേട് കണ്ടെത്തിയതിനെ തുടർന്ന് റാങ്ക് ലിസ്റ്റ് റദ്ദാക്കി പുനർ മൂല്യനിർണയം നടത്താനുള്ള പി.എസ്.സിയുടെ തീരുമാനം സ്വാഗതാർഹമാണ്. ഇതുകൊണ്ട് മാത്രമായില്ല, പത്ത് ചോദ്യങ്ങൾക്ക് മാർക്കിടാതെ വിട്ടതെന്തുകൊണ്ടാണ്, ആരാണ് ഈ കളിക്ക് പിന്നിൽ തുടങ്ങിയ കാര്യങ്ങൾ സമഗ്രമായി അന്വേഷിച്ച് കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കണം. അന്വേഷണ റിപോർട്ട് ഫയലിൽ ഉറങ്ങുന്ന പതിവുരീതി ആവർത്തിക്കുകയുമരുത്.

നേരത്തേ പരീക്ഷാ ക്രമക്കേടുകളെക്കുറിച്ച് ആരോപണമുയർന്നപ്പോൾ ശരിയായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാത്തതു കൊണ്ടാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത്. രാഷ്ട്രീയ, സാമ്പത്തിക സ്വാധീനത്തിലൂടെ കുറ്റവാളികൾ രക്ഷപ്പെടുകയാണ് പതിവ്. ഇതിനപ്പുറം പരീക്ഷാ നടത്തിപ്പും മൂല്യനിർണയവും കുറ്റമറ്റ രീതിയിലും സുതാര്യമായും നടത്താൻ കമ്മീഷന്റെ മുഴുവൻ സംവിധാനവും ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കകയും കാര്യക്ഷമമാക്കുകയും വേണം.

പി.എസ്.സി പ്രഖ്യാപിച്ച ആഭ്യന്തര വിജിലൻസിന്റെ അന്വേഷണം ക്രമക്കേടിന്റെ യഥാർഥ ചിത്രം പുറത്തുകൊണ്ടുവരില്ലെന്ന വിലയിരുത്തലിലാണ് സർക്കാർ. ഈ സാഹചര്യത്തിലാണ് ക്രൈംബ്രാഞ്ചിനെയോ വിജിലൻസിനെയോ കൊണ്ട് അന്വേഷിപ്പിണമെന്ന നിലപാടിലേക്ക് സർക്കാർ നീങ്ങുന്നത്. അന്വേഷണ സാധ്യത സംബന്ധിച്ച് മുഖ്യമന്ത്രി അഡ്വക്കേറ്റ് ജനറലിൽനിന്ന് നിയമോപദേശം തേടി. മന്ത്രിസഭയിൽ വിഷയം കൊണ്ടുവന്നശേഷം തീരുമാനമെടുക്കാനാണ് ആലോചന. പി.എസ്.സിയിലെ നിയമന ക്രമക്കേട് സംബന്ധിച്ച് ഒട്ടേറെ പരാതികൾ മുഖ്യമന്ത്രിക്ക് ലഭിച്ചു. മുൻ സർക്കാർ രാഷ്ട്രീയ താൽപര്യങ്ങൾക്കനുസരിച്ച് പി.എസ്.സിയെ ദുരുപയോഗം ചെയ്തെന്ന് നേരത്തെ യു.ഡി.എഫ് ആരോപിച്ചിരുന്നു.

### ആഭ്യന്തര വിജിലൻസ്

ആസൂത്രണ ബോർഡിലെ ഉയർന്ന തസ്തികയിലേക്ക് നടത്തിയ പരീക്ഷയിലെ ക്രമക്കേട് തെളിവുസഹിതം പുറത്തുവന്നതോടെയാണ് പി.എസ്.സി ആഭ്യന്തര വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചത്. ഉയർന്ന ഉദ്യോഗസ്ഥരെയെല്ലാം ചോദ്യംചെയ്യാനും രേഖകൾ പരിശോധിക്കാനും ആഭ്യന്തര വിജിലൻസിന് പി.എസ്.സി ചെയർമാന്റെ അനുമതി ആവശ്യമാണ്. പരിമിത അധികാരമുള്ള ആഭ്യന്തര വിജിലൻസിന്റെ അന്വേഷണത്തിലൂടെ ക്രമക്കേടിന്റെ പൂർണ ചിത്രം പുറത്തുവരില്ലെന്നാണ് സർക്കാർ കരുതുന്നത്.

ആഭ്യന്തര വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചതിന് പിന്നാലെ ആസൂത്രണ ബോർഡിലേക്ക് പി.എസ്.സി നടത്തിയ പരീക്ഷയിലെ മറ്റൊരു ക്രമക്കേടു കൂടി പുറത്ത് വന്നു. പേർസ്പെക്റ്റീവ് പ്ലാനിങ് ഡിവിഷൻ ചീഫ് തസ്തികയിലേക്കുള്ള യോഗ്യത നിശ്ചയിക്കുന്നതിലാണ് അസാധാരണ നടപടികൾ. ഇക്കണോമിക്സിൽ ബിരുദാനന്തര ബിരുദമുള്ളവരെ, സ്റ്റാറ്റിസ്റ്റിക്സ് ഇക്കണോമെട്രിക് ഡിപ്ലോമ ഇല്ലെന്ന കാരണത്താൽ ഒഴിവാക്കി. 80 ഉദ്യോഗാർഥികളിൽ 79 പേരെയും അയോഗ്യരാക്കി. ഒരാളെ മാത്രം ഉൾപ്പെടുത്തിയാണ് റാങ്ക് പട്ടിക പ്രസിദ്ധികരിച്ചത്. സ്റ്റാറ്റിസ്റ്റിക്സ്, ഇക്കണോമിക്സിന്റെ ഭാഗമെന്നാണ് ഉദ്യോഗാർഥികൾ പറയുന്നത്.

ആസൂത്രണ ബോർഡിലെ പി.എസ്.സി നിയമനങ്ങളിൽ 2019ലും അട്ടിമറി നടന്നതായി ഉദ്യോഗാർഥിയുടെ വെളിപ്പെടുത്തൽ ഇതിനിടെ വന്നു. എഴുത്തുപരീക്ഷയിൽ പിന്നിലായ കെ.ജി.ഒ.എ നേതാവിനും ആസൂത്രണ ബോർഡിലെ താൽക്കാലിക ജീവനക്കാർക്കും അഭിമുഖത്തിൽ മാർക്ക് ദാനം ചെയ്തെന്നും ആരോപിക്കുന്നു. ചീഫ് സോഷ്യൽ സർവിസ് പരീക്ഷയിൽ ഒന്നാമതെത്തിയ ദലിത് യുവതിയെ അഭിമുഖത്തിൽ ഏറ്റവും കുറഞ്ഞ മാർക്ക് നൽകി പി.എസ്.സി പുറത്താക്കി.


ബാബു കദളിക്കാട്

ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ ലോകം വളരെയേറെ മുന്നേറിയ കാലമാണിത്. ഉദ്യോഗാർഥിയുടെ ഓരോ ഉത്തരത്തിനും മാർക്ക് രേഖപ്പെടുത്തിയിട്ടുണ്ടോ, ഏതെങ്കിലും ചോദ്യം വിലയിരുത്താതെ വിട്ടുകളഞ്ഞോ തുടങ്ങിയ കാര്യങ്ങൾ സ്വയം കണ്ടെത്താൻ കഴിയുന്ന സോഫ്റ്റ് വെയർ സംവിധാനങ്ങൾ വികസിപ്പിക്കുക ഇന്നത്ര പ്രയാസമുള്ള കാര്യമല്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇത്തരം സംവിധാനങ്ങൾ നിലവിലുണ്ട്. പരീക്ഷക്കു ശേഷം നിശ്ചിത ദിവസത്തിനകം ഉദ്യോഗാർഥിക്ക് ഉത്തരക്കടലാസിന്റെ ഡിജിറ്റൽ കോപ്പി നൽകാനുള്ള സംവിധാനവും ആവശ്യമാണ്.

പി.എസ്.സി അംഗങ്ങളുടെ നിയമനങ്ങളിൽ കക്ഷിരാഷ്ട്രീയ താത്പര്യങ്ങൾക്കപ്പുറം ഭരണപരമായ മികവ്, ഉന്നത വിദ്യാഭ്യാസ പശ്ചാത്തലം, പരീക്ഷാ നടത്തിപ്പിലെ പരിചയസമ്പത്ത് തുടങ്ങിയ ഘടകങ്ങൾക്കും ഭരണഘടനാപരമായ യോഗ്യതകൾക്കും പ്രാമുഖ്യം നൽകുകയും വേണം. നിലവിൽ അതാത് കാലത്തെ സർക്കാറുകൾ അവരുടെ രാഷ്ട്രീയ താത്പര്യങ്ങൾക്കാണ് നിയമനത്തിൽ പ്രാമുഖ്യം നൽകിവരുന്നത്.

മറ്റു അധികാര പദവികൾ ലഭിക്കാത്ത പാർട്ടിപ്രമുഖരുടെ പുനരധിവാസത്തിനുള്ള വേദിയായി ഈ ഭരണഘടനാ സ്ഥാപനം അധഃപതിക്കുകയാണ്. ഇനിയെങ്കിലും വഴിവിട്ട ഈ ശൈലി ഉപേക്ഷിച്ച് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉയർന്ന യോഗ്യതയുള്ളവരെ മാത്രം നിയമിക്കാൻ സർക്കാർ സന്നദ്ധത കാണിക്കേണ്ടിയിരിക്കുന്നു.

# ഫോമാ ഇന്റർനാഷണൽ കൺവെൻഷൻ ചരിത്രസംഭവമാക്കാൻ സംഘാടകർ

ഹൂസ്റ്റൺ: അമേരിക്കയിലെ ഏറ്റവും വലിയ മലയാളി പ്രവാസി സംഘടനയായ ഫോമായുടെ അന്താരാഷ്ട്ര കൺവെൻഷന് ഇനി ആഴ്ചകൾ മാത്രം ബാക്കി നിൽക്കെ, സംഘടനയ്ക്ക് ജന്മം നൽകിയ ഹൂസ്റ്റണിൽ നടക്കുന്ന ഈ മഹാസമ്മേളനം ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി സതേൺ റീജിയൻ പ്രവർത്തകർ ഒരുമിച്ച് പ്രവർത്തനം ആരംഭിച്ചു.



കൺവെൻഷനായി ഇതിനോടകം തന്നെ ആയിരത്തിലധികം പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സമ്മേളനം നടക്കുന്ന ഹോട്ടലിലെ ഭൂരിഭാഗം മുറികളും ബുക്ക് ചെയ്യപ്പെട്ടതായും അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഇപ്പോഴും ആവേശകരമായ രജിസ്ട്രേഷൻ തുടരുകയാണെന്നും അവർ അറിയിച്ചു. ജൂൺ 23ന് അപ്ന ബസാറിൽ ചേർന്ന സതേൺ റീജിയൻ പ്രവർത്തകയോഗത്തിൽ വിവിധ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക തുടക്കമായി. ഫോമായുടെ പ്രസിഡന്റ് ബേബി മണക്കുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ റീജിയണൽ ചെയർമാൻ വർഗീസ് രാജേഷ് മാത്യു സ്വാഗതം ആശംസിച്ചു.

വരുന്ന ജൂലൈ 30, 31 ആഗസ്റ്റ് 1, 2 (വ്യാഴം, വെള്ളി, ശനി, ഞായർ) തിയതികളിൽ 'വിൻധം ഹൂസ്റ്റണി'ൽ അരങ്ങേറുന്ന ഫോമാ ഫാമിലി കൺവൻഷനോട് അനുബന്ധിച്ചുള്ള ഹോട്ടലുകളിലെ റൂമുകളെല്ലാം നിറഞ്ഞുവെന്ന് ബേബി മണക്കുന്നേൽ വ്യക്തമാക്കി. രജിസ്ട്രേഷൻ പുരോഗമിക്കുന്ന പശ്ചാത്തലത്തിൽ കൂടുതൽ പേർക്ക് തൊട്ടടുത്തു തന്നെ മുറികൾ ലഭ്യമാക്കുന്നുണ്ട്.

തുടർന്ന് ഹൂസ്റ്റൺ കൺവെൻഷൻ ജനറൽ കൺവീനർ ജിജു കുളങ്ങര, ഫോമായുടെ ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ കൺവെൻഷനുകളിലൊന്നായി ഈ സമ്മേളനത്തെ മാറ്റുന്നതിനായി എല്ലാവരും ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് ആഹ്വാനം ചെയ്തു. കൺവെൻഷൻ ചെയർമാൻ സുബിൻ കുമാരൻ ഒരുക്കങ്ങളുടെയും പ്രവർത്തനങ്ങളുടെയും പുരോഗതി സംബന്ധിച്ച വിശദീകരണം നൽകി. കൺവെൻഷൻ സ്പെഷ്യൽ സപ്പ്ളിമെന്റിന്റെ പ്രസിദ്ധീകരണത്തിലേക്കു ഏവരുടെയും പിന്തുണ മീഡിയ ചെയർ സൈമൺ വളാച്ചേരി അഭ്യർത്ഥിച്ചു.

**സെക്യൂരിറ്റി കമ്മിറ്റി:** രാജൻ പത്തനാപുരം, **ഓൺലൈൻ മീഡിയ കമ്മിറ്റി:** ജീമോൻ റാന്നി, **ഉദ്ഘാടന ഘോഷയാത്ര കമ്മിറ്റി:** പൊടിയമ്മ പിള്ള, **സ്വീകരണ അതിഥി സത്കാര കമ്മിറ്റി:** ജോയ് എൻ. സാമുവൽ, **ബിസിനസ് മീറ്റ് കമ്മിറ്റി:** ജോൺ ഉമ്മൻ (പ്രസാദ്).

വി.ഐ.പി സ്വീകരണ കമ്മിറ്റി ചെയർ പേഴ്സനായി എം.ജി. മാത്യുവിനെ പ്രസിഡന്റ് നോമിനേറ്റ് ചെയ്തു. ഫോമാ ദേശീയ റീജിയൻ നേതാക്കളായ തോമസ് ഒലിയാംകുന്നേൽ, ജോയ്. എൻ ശാമുവേൽ, എസ്. കെ. ചെറിയാൻ, ഷാജി എഡ്വേർഡ്, മിഖായേൽ ജോയ്, തോമസ് ജോർജ് (സഞ്ജു), ക്രിസ്റ്റഫർ ജോർജ്, മെർലിൻ സാജൻ, സാജൻ ജോൺ, ആൻസി ശാമുവേൽ, ശശി പിള്ള, ഡെന്നിസ് മാത്യു, സുരേഷ് രാമകൃഷ്ണൻ തുടങ്ങിയവർ ചർച്ചകളിൽ സജീവമായി പങ്കെടുത്തു.

*ജീമോൻ റാന്നി*

# ഫൊക്കാന കൺവൻഷൻ 2026 'ചിരിയരങ്ങിന്' നേതൃത്വം നൽകി രാജു മൈലപ്രാ

ഓഗസ്റ്റ് 6 മുതൽ പെൻസിൽവാനിയ കൽഹാരി റിസോർട്ടിൽ അരങ്ങേറുന്ന ഫൊക്കാന കൺവെൻഷനിലെ ജനപ്രിയ പരിപാടികളിൽ ഒന്നായ ചിരിയരങ്ങിന് പ്രശസ്ത ഹാസ്യസാഹിത്യകാരൻ രാജു മൈലപ്ര നേതൃത്വം നൽകും. വടക്കേ അമേരിക്കയിലെ മലയാളി സമൂഹത്തിന്റെ ഏറ്റവും വലിയ സാംസ്കാരിക കൂട്ടായ്മയായ ഫൊക്കാനയുടെ കൺവൻഷനുകളിൽ വർഷങ്ങളായി നിറഞ്ഞ സദസ്സുകളെ ആകർഷിച്ചുവരുന്ന പരിപാടിയാണ് ചിരിയരങ്ങ്.




അതിഥികളോടൊപ്പം സദസ്യരെക്കൂടി പങ്കെടുപ്പിച്ച് നർമ്മവും ആക്ഷേപഹാസ്യവും സമകാലിക വിഷയങ്ങളിലെ രസകരമായ അവതരണങ്ങളും കൊണ്ട് ശ്രദ്ധേയമായ ഈ പരിപാടിയുടെ മുഖ്യ സംഘാടകനും കോഓർഡിനേറ്ററുമായി തുടക്കം മുതൽ രാജു മൈലപ്ര പ്രവർത്തിച്ചുപോരുന്നു. മലയാള സാഹിത്യരംഗത്തും അമേരിക്കൻ മലയാളി സംഘടനാപ്രവർത്തനങ്ങളിലും സജീവ സാന്നിധ്യമായ രാജു മൈലപ്ര ഫൊക്കാനയുടെ മുൻ ദേശീയ ജോയിന്റ് സെക്രട്ടറിയായും ന്യൂയോർക്ക് റീജിയണൽ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

'ചിരി മനുഷ്യരെ തമ്മിൽ കൂടുതൽ അടുപ്പിക്കുന്നു'. പ്രവാസി ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ സന്തോഷത്തിന്റെയും സൗഹൃദത്തിന്റെയും നിമിഷങ്ങൾ സമ്മാനിക്കുകയാണ് ചിരിയരങ്ങിന്റെ ലക്ഷ്യം. ഈ പരിപാടിയുടെ കോ ഓർഡിനേറ്ററായി രാജു മൈലപ്രയെ ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു എന്ന് ഫൊക്കാന പ്രസിഡന്റ് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും ട്രഷറർ ജോയി ചാക്കപ്പനും സംയുക്തമായി പ്രസ്താവിച്ചു.

# ഫൊക്കാന കൺവൻഷനിൽ പുരുഷന്മാർക്കായി 56 കാർഡ് ഗെയിം മത്സരം; രജിസ്ട്രേഷൻ ആരംഭിച്ചു

ന്യൂയോർക്ക്: നോർത്ത് അമേരിക്കയിലെ മലയാളികളുടെ ഏറ്റവും വലിയ സംഘടനകളിലൊന്നായ ഫൊക്കാനയുടെ 2026 അന്തർദേശീയ കൺവൻഷന്റെ ഭാഗമായി പുരുഷന്മാർക്കായി ആവേശകരമായ 56 കാർഡ് ഗെയിം മത്സരം സംഘടിപ്പിക്കുമെന്ന് ഫൊക്കാന മെൻസ് ഫോറം അറിയിച്ചു. മലയാളി സമൂഹത്തിനിടയിൽ ഏറെ ജനപ്രിയമായ ഈ കാർഡ് ഗെയിമിലൂടെ സൗഹൃദവും കൂട്ടായ്മയും വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് മത്സരം ഒരുക്കുന്നത്.

മെൻസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 56 ഗെയിം മത്സരം കൺവൻഷനിലെ പ്രധാന ആകർഷണങ്ങളിലൊന്നാകുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. വിജയികൾക്ക് ട്രോഫികളും പ്രത്യേക ക്യാഷ് സമ്മാനങ്ങളും നൽകും.

കൺവൻഷനിൽ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മലയാളികൾ പങ്കെടുക്കുന്ന ഈ മഹാസമ്മേളനത്തിൽ 56 ഗെയിം മത്സരം ഒരു പ്രത്യേക പരിപാടിയായിരിക്കുമെന്ന് 56 ഗെയിം മത്സരത്തിന്റെ ചെയർമാൻ സക്കറിയ പെരിയപ്പുറം (302-690-9227), കോർഡിനേറ്റേഴ്സ് ആയ വർഗീസ് തോമസ് (ജിമ്മിച്ചൻ 586-604-64740, ജോയി തട്ടാർകുന്നേൽ എന്നിവർ അറിയിച്ചു.

മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കൺവൻഷൻ രജിസ്ട്രേഷനോടൊപ്പം മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണമെന്ന് ഭാരവാഹികൾ അഭ്യർഥിച്ചു.

*ശ്രീകുമാർ ഉണ്ണിത്താൻ*




# യുവജനങ്ങളുടെ തൊഴിൽ സംരക്ഷണത്തിന് നയവേദിയുമായി 'ടീം വോയ്സ് ഓഫ് ഫോമാ'

ന്യൂയോർക്ക്: യുവജനങ്ങളുടെ തൊഴിൽ സംരക്ഷണത്തിനായി ടീം വോയ്സ് ഓഫ് ഫോമാ നയവേദി (പോളിസി ഫോറം) രൂപീകരിക്കും. അർഹതക്കനുസരിച്ചുള്ള തൊഴിലില്ലായ്മ, ഇതിനൊരു പരിഹാരം കാണുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി, ഈ മേഖലകളിൽ പ്രവർത്തന പരിചയമുള്ളവരെ ഉൾപ്പെടുത്തി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും പ്രസ്തുത സമിതിയുടെ സേവനം നോർത്ത് അമേരിക്ക മുഴുവനും ലഭ്യമാക്കുകയും ചെയ്യുമെന്ന് ഫോമായുടെ 2026-2028 ഭരണസമിതിയിലേയ്ക്ക് ജനവിധി തേടുന്ന ടീം വോയ്സ് ഓഫ് ഫോമാ'യുടെ പ്രസിഡന്റ് സ്ഥാനാർത്ഥി ബിജു തോണിക്കടവിൽ വ്യക്തമാക്കി.

എച്ച്-1ബി വിസയിലെത്തി അമേരിക്കൻ മലയാളി സമൂഹത്തിൽ തൊഴിലില്ലാതെ പ്രയാസമനുഭവിക്കുന്ന ഐ.റ്റി പ്രോഫഷണലുകൾ ഉൾപ്പെടെയുള്ള യുവ മലയാളികൾക്കായി ഗവൺമെന്റ് തലത്തിൽ ലോബിയിങ് നടത്താൻ നയവേദിയുടെ നേതൃത്ത്വത്തിൽ 'ടീം വോയ്സ് ഓഫ് ഫോമാ' ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് ബിജു തോണിക്കടവിൽ പറഞ്ഞു. തൊഴിൽ ആവശ്യങ്ങൾക്കായി എത്തുന്ന യുവതലമുറയിൽ ഭൂരിഭാഗവും ആശ്രയിക്കുന്നത് എച്ച് -1ബി വിസയെയാണെന്നിരിക്കെ മാറിയ യു.എസ് വിസ നയങ്ങളും, തൊഴിൽ വിപണിയിലെ അനിശ്ചിതത്വങ്ങളും പുതിയ ഇമിഗ്രന്റ്സിന് വലിയ വെല്ലുവിളികൾ ഉയർത്തുന്ന പശ്ചാത്തലത്തിലാണ് അവർക്ക് നിയമ സഹായം ഉൾപ്പെടെയുള്ള കൃത്യമായ മാർഗ നിർദേശങ്ങൾ നൽകാൻ 'ടീം വോയ്സ് ഓഫ് ഫോമാ' മുന്നോട്ടു വരുന്നത്.

ടീം വോയ്സ് ഓഫ് ഫോമാ നയവേദിയിലൂടെ മുന്നോട്ട് വയ്ക്കുന്ന ഈ ലോബിയിംഗ് ശ്രമങ്ങൾ ഫലപ്രദമാക്കാൻ നമ്മുടെ ബിസിനസുകാരടെയും അഭ്യുദയകാംക്ഷികളുടെയും അകമഴിഞ്ഞ പിന്തുണ ആവശ്യമാണ്.

പുതിയ എച്ച്-1ബി പ്രവാസികൾക്ക് ജോലിസ്ഥലത്തും ജീവിതത്തിലും കൂടുതൽ സ്ഥിരതയും മികച്ചൊരു ഭാവിയും കെട്ടിപ്പടുക്കാൻ ഈ പദ്ധതിക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ബിജു തോണിക്കടവിൽ നേതൃത്വം നൽകുന്ന ടീം ഫോമായുടെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന പോൾ പി ജോസ് (ജനറൽ സെക്രട്ടറി), പ്രദീപ് നായർ (ട്രഷറർ), സാമുവൽ മത്തായി (വൈസ് പ്രസിഡന്റ്), ഡോ. മഞ്ജു പിള്ള (ജോയിന്റ് സെക്രട്ടറി) ജോൺസൺ കണ്ണൂക്കാടൻ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു.

*എ.എസ് ശ്രീകുമാർ*




JAMES AUTO GROUP
DRIVE MORE. PAY LESS.
ONLY AT JAMES AUTO GROUP!
UNBEATABLE OFFERS. UNMATCHED SELECTION.
www.jamesauto.ca
850+ CARS AVAILABLE, BROWSE OUR INVENTORY AT
Stratford NISSAN
ALL-NEW 2026
ROGUE
0% FINANCING FOR UP TO 60 MONTHS
Stratford KIA
ALL-NEW 2027
SELTOS
ALL NEW. ALL YOU.
$99 WEEKLY FINANCE
MISSISSAUGA CHRYSLER
0%
FINANCING FOR UP TO 84 MONTHS
2026 JEEP
WRANGLER
OAKVILLE MITSUBISHI
MITSUBISHI MOTORS
2026 PHEV
FINANCE FOR
4.99%
FOR UP TO 84 MONTHS
MISSISSAUGA USED CAR SUPERSTORE
LONDON USED CAR SUPERSTORE
$250
GAS CARD
WITH EVERY PRE-OWNED PURCHASE!
GAS CARD
LONDON USED CAR SUPERSTORE
746 WHARNCLIFFE RD S
LONDON, ON N6J 2N4
(519) 937-3000
STRATFORD KIA
863 ERIE ST
STRATFORD, ON N4Z 0A6
(519) 508-5755
OAKVILLE MITSUBISHI
1450 SPEERS RD
OAKVILLE, ON L6L 2X6
(905) 847-3822
MISSISSAUGA USED CAR SUPERSTORE
225 DUNDAS ST. E
MISSISSAUGA, ON L5A 1W8
(905) 866-4000
STRATFORD NISSAN
2001 ONTARIO ST EAST
STRATFORD, ON N5A 6S5
(519) 273-3119
MISSISSAUGA CHRYSLER
2260 BATTLEFORD RD
MISSISSAUGA, ON L5N 3K6
(905) 567-1700
*T&C APPLY - PLEASE SEE DEALER FOR DETAILS AND LATEST OFFERS. INCENTIVES ARE BASED ON JUNE 2026 PROGRAMS AND MAY BE SUBJECT TO CHANGE. ON SELECT MODELS & TRIMS ONLY

## അധ്യായം 39

# പ്രകാശം പരത്തിയ വയോവൃദ്ധൻ..!

### കഥ ഇതുവരെ

റിപ്പോർട്ടർ റോബിൻസ് ഒരു വിമാന അപകടത്തെക്കുറിച്ച് അറിയാൻ അമേരിക്കയിൽ നിന്നും കെനിയായിൽ എത്തി. അവിടത്തെ ദാരിദ്ര്യം ഭയാനകമായിരുന്നു. രക്ഷപെടാൻ ചിലർ കപ്പലിലും വിമാനത്തിലും ഒളിച്ചു കയറുന്നതായി അറിയുന്നു. ആ അനുഭവം നേരിട്ടറിയാൻ അയാൾ ഒരു ചരക്കുകപ്പലിൽ രഹസ്യമായി കയറി. ആ യാത്രക്കിടെ അയാൾക്ക് നടുക്കടലിലേക്ക് ചാടേണ്ടിവന്നു. ഒടുവിൽ ഒരു ദ്വീപിലെത്തി. അവിടെ അലൂമ എന്ന സ്ത്രീയോട് തന്റെ പൂർവ്വകാലകഥ പറയുന്നു. അതിനുശേഷം അലൂമയുടെയും ആ ദ്വീപിന്റേയും കഥ എഴുതാൻ തുനിയുന്നു റോബിൻസ്. ആ സമയം ആരെയോ തിരക്കി ഒരു കപ്പൽ ആ ദ്വീപിനെ ലക്ഷ്യമാക്കി യാത്രതിരിക്കുന്നു. റോബിൻസ് വീണ്ടും അമേരിക്കയിലെത്തി. ദ്വീപിനെക്കുറിച്ചുള്ള ഫീച്ചർ തയ്യാറാക്കിയതിനു ശേഷം കേരളത്തിൽ എത്തി. റോബിൻസ് ബീനയെ കണ്ടുമുട്ടുന്നു. തുടർന്നയാൾ അപ്രത്യക്ഷനാകുന്നു. ഈ അവസരത്തിൽ റോബിൻസിന് പുലിറ്റ്സർ അവാർഡ് ലഭിക്കുന്നു.

തുടർന്നു വായിക്കുക

2002 പുലിറ്റ്സർ അവാർഡിന്റെ സുവർണ്ണ ശോഭയിൽ ന്യൂയോർക്കിലെ 'ദി വേൾഡ് ടൈംസ്' ആസ്ഥാനം തിളങ്ങിനിൽക്കേണ്ട നിമിഷമായിരുന്നു അത്. എന്നാൽ, അവിടുത്തെ അന്തരീക്ഷം ഒരു ശ്മശാനത്തിന്റേതുപോലെ മൂകമായിരുന്നു. ചരിത്രവിജയത്തിന്റെ വാർത്താ ലിങ്കുകളും ടെലക്സ് സന്ദേശങ്ങളും കൺട്രോൾ റൂമിലെ മെഷീനുകളിൽ നിന്ന് തുടർച്ചയായി അച്ചടിച്ചു വീഴുന്നുണ്ടായിരുന്നെങ്കിലും, അതൊന്നും ശ്രദ്ധിക്കാൻ ആർക്കും സമയമില്ലായിരുന്നു.

എല്ലാവരുടെയും കണ്ണുകൾ ചാനലുകളിൽ മിന്നിമറയുന്ന ആ പുതിയ ബ്രേക്കിംഗ് ന്യൂസിലായിരുന്നു. ഇന്ത്യയിലെ പ്രമുഖ ഈവനിംഗ് ഡെയ്‌ലികളിലും ചാനലുകളിലും ആദ്യം പ്രത്യക്ഷപ്പെട്ട ആ വാർത്ത ഇപ്പോൾ അന്താരാഷ്ട്ര മാധ്യമങ്ങളും ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നു:

"പുലിറ്റ്സർ ജേതാവ് റോബിൻസിനെ നെടുമ്പാശേരി വിമാനത്താവളത്തിൽ നിന്നും അന്താരാഷ്ട്ര കപ്പൽമാഫിയ സംഘം തട്ടിക്കൊണ്ടുപോയി!"

"ദി വേൾഡ് ടൈംസി"ന്റെ എക്സിക്യൂട്ടീവ് എഡിറ്റർ ജോർജ് ലൂക്കാസ് കനത്ത ആലോചനയോടെ ന്യൂസ് റൂമിൽ അങ്ങോട്ടുമിങ്ങോട്ടും നടക്കുകയായിരുന്നു. അയാളുടെ കൈകൾ കോട്ടിന്റെ പോക്കറ്റിൽ മുറുകിപ്പിടിച്ചിരുന്നു. മുഖത്ത് പതിവില്ലാത്തവിധം അമർഷവും ആകുലതയും നിഴലിച്ചു. തന്റെ ഏറ്റവും മികച്ച ഇൻവെസ്റ്റിഗേറ്റീവ് റിപ്പോർട്ടർ, ലോകത്തിന്റെ നെറുകയിൽ എത്തിയ അതേ നിമിഷം ശത്രുക്കളുടെ കൈകളിൽ അകപ്പെട്ടിരിക്കുന്നു!

"എങ്ങനെയെങ്കിലും... ഒരു നിമിഷം മുമ്പേ റോബിൻസിനെ നമുക്ക് കണ്ടെത്തിയേ പറ്റൂ!" ജോർജ് ലൂക്കാസ് പെട്ടെന്ന് തിരിഞ്ഞുനിന്ന് എഡിറ്റോറിയൽ ബോർഡിനോട് കർക്കശമായ സ്വരത്തിൽ പറഞ്ഞു. അതോടെ എഡിറ്റോറിയൽ റൂമിൽ അതിഗൗരവമായ ചർച്ചകൾക്ക് തുടക്കമായി. അന്തരീക്ഷം വലിഞ്ഞുമുറുകി.

"ചീഫ്, നമ്മുടെ കയ്യിലുള്ള വിവരങ്ങൾ വെച്ച് ഡ്രാഗൂണിന്റെ ആളുകൾ റോബിൻസിനെ ഇന്ത്യ വിടാൻ അനുവദിക്കില്ല. എയർപോർട്ടിലെ ആ കോർണറിൽ വെച്ച് അവർ ലക്ഷ്യമിട്ടത് അയാളെ വകവരുത്താനല്ല, മറിച്ച് എന്തോ ഒരു ഒത്തുതീർപ്പിനാണ്. അത് നടക്കാതെ വന്നപ്പോഴാണ്..." അസോസിയേറ്റ് എഡിറ്റർ ഫിലിപ്പ് ഫയലുകൾ മേശപ്പുറത്തേക്ക് വെച്ചുകൊണ്ട് പറഞ്ഞു.

"പക്ഷേ, വിമാനത്താവളത്തിലെ യാത്രക്കാരുടെ ലിസ്റ്റിൽ റോബിൻസിന്റെ പേരുണ്ടായിരുന്നല്ലോ? അയാൾ ബോർഡിംഗ് പാസ് എടുത്തിരന്നോ ഇല്ലയോ എന്നതിൽ ഇപ്പോഴും ദുരൂഹതയുണ്ട്. "

"ഇന്ത്യയിലെ നമ്മുടെ ബ്യൂറോ ചീഫിനെ ഞാൻ വിളിച്ചിരുന്നു. എയർപോർട്ടിന് പുറത്തുവെച്ചാണ് സംഘർഷം നടന്നതെന്നാണ് പ്രാഥമിക വിവരം," മറ്റൊരു മുതിർന്ന സബ് എഡിറ്റർ ചർച്ചയിലേക്ക് കടന്നുവന്നു.

ജോർജ് ലൂക്കാസ് മേശപ്പുറത്തിരുന്ന ഭൂപടത്തിലേക്ക് നോക്കി. ഏതാണ്ട് ആയിരത്തിഅഞ്ഞൂറോളം നാഴിക നീണ്ടുകിടക്കുന്ന മഞ്ഞുപുതഞ്ഞുകിടക്കുന്ന ഭവനത്തിലേക്ക് നീളുന്ന ആ നിഗൂഢമായ വഴി കാണിച്ച് കൊടുക്കാൻ ആ ഭൂപടത്തിന് കഴിയുമായിരുന്നില്ല..!

"നമ്മൾ ഒരു കാര്യം മനസ്സിലാക്കണം," ലൂക്കാസിന്റെ ശബ്ദം താഴ്ന്നു, എങ്കിലും അതിൽ ഒരു പ്രത്യേക ഭയമുണ്ടായിരുന്നു.

"ഡ്രാഗൂണിന്റെ സംഘം റോബിൻസിനെ ജീവനോടെ പിടികൂടിയിട്ടുണ്ടെങ്കിൽ, അത് ഒരു ഒപ്പിന് വേണ്ടിയാണ്. അതിന് റോബിൻസ് വഴങ്ങില്ലെന്ന് നമുക്കറിയാം. സമയം വളരെ കുറവാണ്. ഒന്നെങ്കിൽ അവർ അയാളെ വകവരുത്തി കാണും... അല്ലെങ്കിൽ..." അയാൾ വാക്കുകൾ പൂർത്തിയാക്കിയില്ല.

ആ എഡിറ്റോറിയൽ മുറിയിലെ ഓരോ മാധ്യമപ്രവർത്തകന്റെയും ഉള്ളിൽ ഒരേസമയം ഭീതിയും ഉദ്വേഗവും പുകഞ്ഞു കൊണ്ടിരുന്നു. വിമാനത്താവളത്തിന്റെ ഇരുളിൽ നിന്നും റോബിൻസ് എങ്ങോട്ടാണ് മറഞ്ഞത്? മാഫിയയുടെ തടവറയിലേക്കോ, അതോ എല്ലാവരുടെയും കണ്ണുവെട്ടിച്ച് മറ്റേതെങ്കിലും സുരക്ഷിത താവളത്തിലേക്കോ? ഉത്തരമില്ലാത്ത ആ ചോദ്യങ്ങൾ ന്യൂയോർക്കിലെ ആ രാത്രിയെ കൂടുതൽ ഭയാനകമാക്കി തീർത്തു.




ഇതേസമയം നേര്യമംഗലത്തെ പുനർജനിയിൽ ഇപ്പോൾ നിശബ്ദതയ്ക്ക് കട്ടി കൂടിയിട്ടെന്നപോലെ തോന്നി. മേശപ്പുറത്തിരുന്ന ടെലിവിഷൻ സ്ക്രീനിൽ നിന്നും വരുന്ന നീലവെളിച്ചം ബീനയുടെ വിളറിയ മുഖത്ത് തട്ടിച്ചിതറുന്നുണ്ടായിരുന്നു. വാർത്താ ചാനലുകളിൽ 'ദി വേൾഡ് ടൈംസ്' പത്രത്തിന്റെ പേരും നെടുമ്പാശേരി എയർപോർട്ടിന്റെ ദൃശ്യങ്ങളും മാറിമാറി തെളിയുന്നുണ്ട്. എന്നാൽ അതൊന്നും കാണാനോ കേൾക്കാനോ ഉള്ള ശേഷി അവൾക്ക് നഷ്ടപ്പെട്ടിരുന്നു. അപ്രതീക്ഷിതമായി കൈകളിലെത്തിയ കനപ്പെട്ട നിധി പെട്ടെന്നൊരു നിമിഷം വഴുതി അഗാധമായ കയത്തിലേക്ക് വീണുപോയ അവസ്ഥയിലായിരുന്നു ഡോ. ബീന.

അവൾക്ക് ഇപ്പോൾ ഊണില്ല, ഉറക്കമില്ല. ദിവസങ്ങളായി കണ്ണുകളിലേക്ക് ഉറക്കം വന്നിട്ട്. മസ്തിഷ്കത്തെയും മനുഷ്യശരീരത്തെയും കുറിച്ചും, കഠിനമായ രോഗാവസ്ഥകളിൽ മനസ്സിനെ എങ്ങനെ നിയന്ത്രിക്കണമെന്നും രോഗികൾക്ക് ഉപദേശങ്ങൾ നൽകുന്ന ഒരു മെഡിക്കൽ ഡോക്ടറാണ് അവൾ. പക്ഷേ, സ്വന്തം ജീവിതം ഒരു കൊടുങ്കാറ്റിൽ പെട്ടുലയുമ്പോൾ ഒരു ഡോക്ടർക്ക് പഠിച്ച തിയറികളോ മെഡിക്കൽ ശാസ്ത്രമോ ഒന്നും തുണയാകില്ലെന്ന കഠിനമായ യാഥാർത്ഥ്യം അവൾ തിരിച്ചറിയുകയായിരുന്നു. റോബിൻസ് എന്ന മനുഷ്യൻ അവളുടെ ജീവിതത്തിലേക്ക് വന്നതും, ആ കൈകൾ കോർത്തുപിടിച്ച് അയാൾ നൽകിയ കെയറിങ്ങും ആ വ്യക്തിത്വമഹിമയും ഓരോന്നായി അവളുടെ ഓർമ്മച്ചെപ്പുകളിൽ നിന്ന് പുറത്തേക്ക് ചാടി അവളെ ശ്വാസം മുട്ടിച്ചു കൊണ്ടിരുന്നു.

"നിങ്ങളെവിടെയാണ് റോബിൻസ്...?" അവളുടെ വരണ്ട ചുണ്ടുകൾ പതുക്കെ മന്ത്രിച്ചു.

ആ ചോദ്യം ആ മുറിയുടെ ചുവരുകളിൽ തട്ടി പ്രതിധ്വനിക്കുകയല്ലാതെ ഒന്നുമായില്ല. ക്യാപ്ടൻ ഡ്രാഗൂണിന്റെ ക്രൂരന്മാരായ മനുഷ്യർ റോബിൻസിനെ എയർപോർട്ടിൽ വെച്ച് തട്ടിക്കൊണ്ടുപോയി എന്ന വാർത്ത കേട്ടത് മുതൽ അവളുടെ ഉള്ളിൽ ഒരു അഗ്നിപർവ്വതം പുകയുന്നുണ്ടായിരുന്നു. അവർ അയാളെ എന്ത് ചെയ്തു കാണും? ജീവനോടെ വച്ചിട്ടുണ്ടാകുമോ? അതോ ആ രാത്രിയുടെ ഇരുളിൽ അവരയാളെ...? ഓർക്കാൻ പോലും വയ്യാത്ത ചിന്തകൾ അവളുടെ തലച്ചോറിനെ മരവിപ്പിച്ചു കളഞ്ഞു.

കൈകൾ അനിയന്ത്രിതമായി വിറയ്ക്കുന്നുണ്ടായിരുന്നു. മേശപ്പുറത്തിരുന്ന ഗ്ലാസ്സ് വാട്ടർ ജഗ്ഗിൽ നിന്നും വെള്ളം പകരാൻ നോക്കിയ അവളുടെ കൈകളിൽ നിന്നും ഗ്ലാസ്സ് തറയിലേക്ക് വീണു പൊട്ടിത്തെറിച്ചു. ചിതറിപ്പോയ ആ ചില്ലുകഷ്ണങ്ങൾ അവളുടെ തകർന്നടിഞ്ഞ മനസ്സിന്റെ പ്രതീകം പോലെയായിരുന്നു.

അവളുടെ അമ്മ മോളി ശബ്ദം കേട്ട് ഓടിവന്നു.

"എന്താ മോളെ ഇത്. എന്നെ വിളിച്ചാൽ പോരായിരുന്നോ..? "

അവൾ ഒന്നും മിണ്ടിയില്ല.

ആ സമയത്തുതന്നെയാണ് ബിനോയിയുടെ ആവശ്യപ്രകാരം വന്ദ്യ വയോധികനായൊരു സുഹൃത്ത് ബീനയെ കാണാൻ എത്തിയത്. അദ്ദേഹം മുറിയിലേക്കു പ്രവേശിച്ചിട്ട് കുറേ നേരം ബീനയെ നിശബ്ദമായി നിരീക്ഷിച്ചുകൊണ്ടിരുന്നു. ബീന വെള്ളമെടുക്കാൻ ഉപയോഗിച്ച ഗ്ലാസ് പൊട്ടിച്ചിതറിയത് മോളി ഡെസ്പാനിലേക്ക് ഒരു സ്പോഞ്ചുകൊണ്ട് ഒപ്പിയെടുത്തിടുന്നു.

"കരയാൻ കഴിയുന്നവരെക്കുറിച്ച് എനിക്ക് ഭയമില്ല. കരയാൻ കഴിയാത്തവരെയാണ് ഞാൻ ഭയപ്പെടുന്നത്." ആ മനുഷ്യൻ ആരോടെന്നില്ലാതെ പറഞ്ഞു.

കുപ്പിച്ചില്ല് ഡെസ്പാനിലാക്കിയശേഷം അത് ഒരു മൂലയിലേക്ക് മാറ്റിവയ്ക്കുന്ന മോളിയോടായി അദ്ദേഹം പറഞ്ഞു:

"സഹോദരി, ഈ മകളെ ഉപദേശിക്കേണ്ട. അവളുടെ ഉള്ളിലെ കാർമേഘം പെയ്തൊഴിയണം."

ഡെസ്പാൻ ഒരു മൂലയിലേക്ക് മാറ്റി വച്ച ശേഷം മോളി തിരകെ വന്നപ്പോൾ ആ മനുഷ്യൻ മോളിയോട് ബീനയെ ചേർത്തുപിടിക്കാൻ ആവശ്യപ്പെട്ടു. മോളി അതനുസരിച്ച് ബീനയെ ചേർത്ത് കെട്ടിപ്പിടിച്ചു. അല്പം കഴിഞ്ഞ് സാവകാശം അവളുടെ പുറത്ത് മെല്ലെ തട്ടിക്കൊടുക്കാൻ പറഞ്ഞു. ആ പ്രവൃത്തിയുടെ ആത്മീയ മായ ആഴം ചെറുതായിരുന്നില്ല.

ബീനയുടെ ഉള്ളിലെവിടെയോ അത് പോയി തൊട്ടു. നിമിഷങ്ങൾക്കകം, ദിവസങ്ങളായി ഉള്ളിൽ അടക്കിപ്പിടിച്ചിരുന്ന എല്ലാ സങ്കടങ്ങളും കനലുകളും ഉരുകാൻ തുടങ്ങി. ബീന ഏങ്ങിയേങ്ങി കരഞ്ഞുകൊണ്ടിരുന്നു. ഒരു ഘട്ടത്തിലത് വല്ലാത്തൊരു അവസ്ഥയിലെത്തി. അവളുടെ നിയന്ത്രണങ്ങളെല്ലാം തകർന്നപോയിരുന്നു.

ബിനോയ് പരിഭ്രമത്തോടെ അവളെ പിടിക്കാൻ ആഞ്ഞെങ്കിലും ആ വൃദ്ധൻ കൈ കൊണ്ടവനെ തടഞ്ഞു.

"ഡോക്ടറാണെന്നത് കൊണ്ട്, മനുഷ്യയല്ലാതാകുന്നില്ല. മറ്റുള്ളവരുടെ വേദന ചുമക്കുന്നവർക്ക് സ്വന്തം വേദന ഇറക്കിവെക്കാനും ഒരിടം വേണം.

"അവൾ കരയട്ടെ... ആ കണ്ണീർ ഒഴുകിപ്പോകട്ടെ..."

ആ പ്രാർത്ഥനാനിർഭരമായ കരച്ചിലിനൊടുവിൽ ബീനയുടെ മനസ്സിലേക്ക് ഒരു അപൂർവ്വ ശാന്തത പടർന്നു കയറുകയായിരുന്നു. ഒടുവിൽ, ആ മുറിയിലെ ഘനമേറിയ നിശബ്ദതയെ ഭേദിച്ചുകൊണ്ട് അയാൾ പറഞ്ഞു:

"ഇപ്പോൾ നമുക്കറിയാത്ത കാര്യങ്ങളെക്കുറിച്ച് വിധിയെഴുതരുത്. വിവരം കിട്ടുന്നതുവരെ മനസ്സ് തകർന്നപോകരുത്.'

ഒടുവിൽ അദ്ദേഹം ബീനയോടായി പറഞ്ഞു:

"മകളെ..., നിന്നെ കാത്തിരിക്കുന്ന വാർത്ത ശുഭകരമാകട്ടെ. ആ വാർത്ത എപ്പോൾ വേണമെങ്കിലും വരാം. മോൾ ധൈര്യമായിരിക്കൂ.."

ആ മനുഷ്യൻ ശാന്തമായി അവിടെ നിന്നും പുറത്തേക്ക് നടന്നിറങ്ങി. അയാൾ പുറത്തേക്കുപോയെങ്കിലും അദ്ദേഹത്തിന്റെവാക്കുകൾ ബീനയുടെ മനസ്സിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. എന്തെന്നില്ലാത്തൊരു ആത്മവിശ്വാസം തന്നെ പൊതിയുന്നതായി ബീനയ്ക്കു തോന്നി.

(തുടരും)

# ലോസ് ആഞ്ചലസിൽ വിവിധ മലയാളി സംഘടനാ പ്രതിനിധികളുമായി 'ടീം പ്രോമിസി'ന്റെ സംവാദം ക്രിയാത്മകമായി

ലോസ് ആഞ്ചലസ്: അമേരിക്കൻ മലയാളി സംഘടനകളുടെ നെടും തൂണായ ഫോമായെ കൂടുതൽ കരുത്തോടെ, സുതാര്യതയോടെ മുന്നോട്ട് നയിക്കാനുള്ള ദൃഢപ്രതിജ്ഞയുമായി 'ടീം പ്രോമിസ്' സ്ഥാനാർത്ഥികൾ ഫോമാ 2026-2028 വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുപ്പിന്റെ ഭാഗമായി ലോസ് ആഞ്ചലസ് സന്ദർശിച്ച് വിവിധ മലയാളി സംഘടനകളുടെ പ്രതിനിധികളുമായും ഡെലിഗേറ്റുമാരുമായും സംവാദം നടത്തി. കേരള അസോസിയേഷൻ ഓഫ് ലോസ് ആഞ്ചലസ് (കല) ഇൻലൻഡ് എമ്പയർ മലയാളി അസോസിയേഷൻ (ഐ.ഇ.എം.എ), വാലി മലയാളി അസോസിയേഷൻ (വി.എം.എ), ഒരുമ എന്നീ സംഘടനകളിലെ പ്രതിനിധികളുമായാണ് ടീം ആശയവിനിമയം നടത്തിയത്.



സന്ദർശനത്തോടനുബന്ധിച്ച് ദേശീയ പുരസ്കാര ജേതാവും പ്രശസ്ത മേക്കപ്പ് ആർട്ടിസ്റ്റും എഴുത്തുകാരനുമായ പട്ടണം റഷീദ് ലോസ് ആഞ്ചലസിലുണ്ടായിരുന്നതിനാൽ, അദ്ദേഹത്തിന്റെ പുതിയ പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പങ്കെടുക്കാൻ ടീം പ്രോമിസിന് അവസരം ലഭിച്ചു. ഇതിനോടനുബന്ധിച്ച് ഒരുമ സംഘടിപ്പിച്ച ചടങ്ങിൽ വനിതാ പ്രതിനിധി സ്ഥാനത്തേക്ക് സെൽബിയെയും യുവജന പ്രതിനിധി സ്ഥാനത്തേക്ക് എലെയ്ൻ കാപ്പാട്ടിൽനെയും ഔദ്യോഗികമായി എൻഡോഴ്സ് ചെയ്തു. ഈ പ്രഖ്യാപനം ടീം പ്രോമിസിന്റെ വനിതായുവജന ശാക്തീകരണ ദൗത്യത്തിന് കൂടുതൽ കരുത്തേകുന്നതായി വിലയിരുത്തപ്പെട്ടു.

യോഗത്തിൽ സേവ്യർ പടയാട്ടി (വാലി മലയാളി അസോസിയേഷൻ സെക്രട്ടറി), ഹോളിവുഡ് റീജിയണിൽ നിന്നുള്ള നാഷണൽ കമ്മിറ്റി സ്ഥാനാർത്ഥി ലോജ ലോന, സാം ഉമ്മൻ, മനു തുരുത്തിക്കാടൻ, ജോൺ കെ ജോൺ (സന്തു), ടോമി പൊട്ടുകുളം (വാലി ക്ലബ് മുൻ പ്രസിഡന്റ്), ബിജു തോട്ടുങ്കണ്ടത്തിൽ (വാലി ക്ലബ്), ഥാഡ് ജോൺസൺ, ഒരുമ പ്രസിഡന്റ് സിജു എബ്രഹാം, സെക്രട്ടറി അനീഷ് മാത്യു, ട്രഷറർ വർഗീസ് പടിഞ്ഞാറേമുറിയിൽ, നാഷണൽ കമ്മിറ്റി വനിതാ റെപ് സ്ഥാനാർത്ഥി സെൽബി കുര്യാക്കോസ്, നാഷണൽ കമ്മിറ്റി യൂത്ത് റെപ് സ്ഥാനാർത്ഥി ആഗ്നസ് ബിജു, ബിജു പി ജോർജ് (സെക്രട്ടറി, കല), സണ്ണിനടുവിലേക്കുറ്റ് (ട്രഷറർ, കല), മാത്യു ചാക്കോ (ഐ.ഇ.എം.എ മുൻ പ്രസിഡന്റ്), സുജ ഔസോ (ഐ.ഇ.എം.എ), ജോസഫ് ഔസോ, ഫ്രാൻസിസ് മാത്യു (ഒരുമ), ലില്ലി ഫ്രാൻസിസ് (ഒരുമ), ബിനോയ് പുല്ലുകാലായിൽ (ഒരുമ), നെസി പുല്ലുകാലായിൽ, റോയ് വല്യാനേൽ (ഒരുമ), ജോസ് പാമ്പാടി തുടങ്ങിയവർ ആശംസകൾ നേർന്ന് സംസാരിച്ചു.

ഫോമയോടുള്ള ശക്തമായ പ്രതിബദ്ധത മുൻനിർത്തി, തിരഞ്ഞെടുപ്പിന് മുൻപ് തന്നെ കൃത്യവും വ്യക്തവുമായ ഒരു മാനിഫെസ്റ്റോ ഞങ്ങൾ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നതായിരിക്കുമെന്നും വെറും വാഗ്ദാനങ്ങൾ നൽകി കടന്നുപോകാനല്ല, മറിച്ച് പ്രകടനപത്രികയിലെ ഓരോ കാര്യവും സമയബന്ധിതമായി, വിശ്വാസ്യതയോടെയും സുതാര്യതയോടെയും സത്യസന്ധതയോടെയും നടപ്പിലാക്കാൻ തങ്ങൾ ബാധ്യസ്ഥരായിരിക്കുമെന്നും മാത്യു വർഗീസ് നേതൃത്വം നൽകുന്ന 'ട്രീം പ്രോമീസിലെ വിവിധ സ്ഥാനങ്ങളിലേയ്ക്ക് ജനവിധി തേടുന്ന അനു സ്കറിയ (ജനറൽ സെക്രട്ടറി), ബിനോയ് തോമസ് (ട്രഷറർ), ജോൺസൺ ജോസഫ് (വൈസ് പ്രസിഡന്റ്), രേഷ്മ രഞ്ജൻ (ജോയിന്റ് സെക്രട്ടറി), ടിറ്റോ ജോൺ (ജോയിന്റ് ട്രഷറർ) എന്നിവർ പറഞ്ഞു.

ലോസ് ആഞ്ചലസ് സന്ദർശനം, വടക്കേ അമേരിക്കയിലെ വിവിധ മേഖലകളിലെ അംഗസംഘടനകളുമായും ഡെലിഗേറ്റുമാരുമായും നേരിട്ട് സംവദിച്ച് ഫോമായെ കൂടുതൽ സുതാര്യവും ഉൾക്കൊള്ളുന്നതും സേവനോന്മുഖവുമായ സംഘടനയായി വളർത്താനുള്ള ടീം പ്രോമിസിന്റെ പ്രതിബദ്ധത ഒരിക്കൽക്കൂടി ഊട്ടിയുറപ്പിക്കുന്നതായി തങ്ങൾക്ക് ലഭിച്ച ഊഷ്മളമായ സ്വീകരണത്തിന് ഹൃദ്യമായ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് നേതാക്കൾ അഭിപ്രായപ്പെട്ടു.



# ഗോളടിച്ച്, ഗോളടിച്ച് 'മെസ്സി'യായി സതീശൻ, വലകുലുങ്ങുന്നതുകണ്ട് 'കിളിപോയി' പ്രതിപക്ഷവും!

കേരളാ വിൻഡോ



ആന്റണി ചടയംമുറി



പകൽ സമയത്ത് സഭാ ടി.വി.യിൽ ജനം ഭരണപ്രതിപക്ഷ ഏറ്റുമുട്ടൽ കണ്ട് പുളകിതരാകുന്നു. രാത്രിയാകട്ടെ ലോകകപ്പിന്റെ പിരിമുറുക്കം. ഇതിനിടെ ജില്ലതിരിച്ചുള്ള മഴമുന്നറിയിപ്പുകൾ. ഒപ്പം കാലവർഷം ചതിച്ചുവെന്ന വൈദ്യുതി മന്ത്രി സണ്ണി വക്കീലിന്റെ നിലവിളി. നിയമസഭയിൽ നടന്നുവരുന്ന ബജറ്റ് ചർച്ചകൾ ചിലപ്പോഴെങ്കിലും ലോകകപ്പ് മൂഡിലേക്ക് ഉയരുന്നു. ഏതായാലും മുഖ്യമന്ത്രി വി.ഡി. സതീശനും സ്പീക്കർ തിരുവഞ്ചൂരും നല്ല ഫോമിലാണ്. പ്രതിപക്ഷത്തിന്റെ ഗോൾ പോസ്റ്റിന്റെ മുമ്പിലാണ് മുഖ്യമന്ത്രി എപ്പോഴും. അംഗങ്ങളെ അച്ചടക്കം പഠിപ്പിക്കുന്ന സൂപ്പർ റഫറിയായി തിരുവഞ്ചൂരും 'പൊളി' ഫോമിൽ. എന്തായാലും സതീശൻ മന്ത്രിസഭയ്ക്ക് ശുക്രദശയാണ്.

വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള വരുമാനം കുത്തനെ കൂടാൻപോകുകയാണ്. എം.എൻ.സി. കമ്പനി അദാനിയുടെ കൈവശമുള്ള 49 ശതമാനം ഓഹരികൾ വാങ്ങുന്നതോടെ, വിദേശ നിക്ഷേപത്തിന്റെ വരവ് വർധിക്കും. സുതാര്യവും സത്യസന്ധവുമായ ഒരു ഭരണം കേരളത്തിൽ ഇപ്പോഴുണ്ടെന്ന് വിദേശ കമ്പനികൾപോലും കരുതുന്നു. കണക്കറിയാവുന്ന ധനമന്ത്രിയും പ്രതിപക്ഷത്തിന്റെ പോയകാല അഴിമതികൾ എണ്ണിയെണ്ണി പറയുന്ന മുഖ്യമന്ത്രിയുമെന്ന ഡബിൾ റോളിൽ കലക്കുകയാണ് വി.ഡി. സതീശൻ.

പ്രതിപക്ഷം 'പോകുന്ന പോക്കിൽ' അടുത്ത സർക്കാരിനായി ഒരുക്കിവച്ച കെണികളെക്കുറിച്ചും പണികളെക്കുറിച്ചും വാതോരാതെ പറയുന്നുണ്ട് മുഖ്യമന്ത്രി. അതിനൊന്നും വേണ്ടവിധം ഉത്തരം പറയാൻപോലും പ്രതിപക്ഷ നേതാവിന് കഴിയുന്നില്ല.

## നിയമസഭയിൽ ലീഡർ സ്മരണ

വി.ഡി. സതീശന്റെ രാഷ്ട്രീയത്തിലെ ഗുരു മുൻ മന്ത്രി ജി. കാർത്തികേയനാണ്. എന്നാൽ, ഇപ്പോൾ സതീശന്റെ രാഷ്ട്രീയ ശൈലി പഴയ ലീഡർ കെ. കരുണാകരന്റേതാണെന്ന് സോഷ്യൽ മീഡിയയിൽ പ്രചരണമുണ്ട്. ചിലപ്പോൾ കരുണാകരനെക്കാൾ കാഞ്ഞ ബുദ്ധി സതീശൻ കാണിച്ചു തുടങ്ങിയിട്ടുണ്ടെന്നുവരെ യൂട്യൂബർമാർ തട്ടിവിടുന്നു. പ്രതിപക്ഷ ബഹളത്തെ മുഖവിലയ്ക്കെടുക്കാതെ 102 അംഗങ്ങളുടെ പിന്തുണയോടെ ഭരിക്കുമ്പോൾ ആരെ പേടിക്കണമെന്ന രാഷ്ട്രീയ ന്യായംപോലും സതീശൻ ഉന്നയിക്കുന്നു. പ്രതിപക്ഷത്തെക്കാൾ, കോൺഗ്രസിലെ സുധീരനെപ്പോലെയുള്ളവർ സതീശന്റെ പുതിയ ഭരണ ശൈലിയിൽ അപകടം മണക്കുന്നു.

മദ്യനയവും കരിമണൽ ഖനനവും സുധീരന് എക്കാലത്തും ഇഷ്ടപ്പെട്ട വിഷയങ്ങളാണ്. മദ്യനയത്തിന്റെ കാര്യത്തിലാണ് സുധീരൻ വെള്ളാപ്പള്ളിയുടെ ശത്രുവായി മാറിയത്. കരിമണൽ ഖനനത്തിൽ കർത്തായും സുധീരന്റെ എതിർപക്ഷത്തായി. അങ്ങനെ നടേശനും കർത്തായും ഒന്നിച്ചപ്പോൾ സുധീരൻ തെരഞ്ഞെടുപ്പിൽ തോറ്റുവെന്നുമാത്രമല്ല, രാഷ്ട്രീയത്തിൽ കട്ടപ്പുറത്തുമായി. കെ.പി.സി.സി. പ്രസിഡന്റ് പദത്തിലിരിക്കെ, യു.ഡി.എഫ്. ഭരണത്തിന് 'കുഴിതോണ്ടിയ' ആദർശവാദിയെന്ന ചീത്തപ്പേരും പിൽക്കാലത്ത് സുധീരനെ തേടിയെത്തിയിരുന്നു. വിചിത്രമെന്നു പറയട്ടെ, സതീശന് മുഖ്യമന്ത്രിപദത്തിലെത്താൻ ഹൈക്കമാൻഡിന്റെ മുമ്പിലെ സുധീരന്റെ നിലപാടും കാരണമായെന്ന കാര്യം മറക്കാനാവില്ല.

എന്നാൽ, വീര്യം കുറഞ്ഞ മദ്യവിൽപ്പന ഈഴവരിൽപ്പെട്ട മദ്യലോബിയെ സോപ്പിടാനാണെന്ന് ചിലർ ആരോപിക്കുന്നുണ്ട്. ഏതായാലും 29 ബാറുകളിൽനിന്ന് 900ത്തിലധികം ബാറുകൾ അനുവദിച്ച ഇടതുപക്ഷത്തിന് മദ്യനയത്തിന്റെ കാര്യത്തിൽ മേനി നടിക്കാനാവില്ല. വീര്യം കുറഞ്ഞ മദ്യത്തിന് നികുതി നിർണയിച്ച ഫയൽ മിന്നൽ വേഗത്തിലാണ് നീങ്ങിയതെന്ന മുൻ എക്സൈസ് വകുപ്പു മന്ത്രി എം.ബി. രാജേഷ് പറഞ്ഞതുകേട്ട് ചിരിക്കാത്തവരുണ്ടാവില്ല.

പാലക്കാട്ട് സ്വകാര്യ ഡിസ്റ്റിലറി അനുവദിച്ച ഫയലിന്റെ ഹൈസ്പീഡ് മുൻ മന്ത്രി മറന്നുവോ? മാത്രമല്ല, ഭരണമൊഴിയുന്നതിന് മുമ്പ് 22 ബാറുകൾക്ക് തിരക്കിട്ട് അനുമതി നൽകിയ കാര്യവും ജനത്തിന്റെ ഓർമയിലുണ്ട്. എന്നിട്ടും, മദ്യത്തിനെതിരെ പഴയ എം.പി. മന്മഥന്റെ ശൈലിയിലുള്ള ഗുണപാഠവർത്തമാനങ്ങൾ മുൻമന്ത്രി പറയുന്നത് ആരാണ് വിശ്വസിക്കുക?

## ഇരുട്ടിലാക്കിയതിന്റെ 'ക്രെഡിറ്റ്' ആർക്ക്?

വൈദ്യുതി പ്രതിസന്ധി തുടരുമെന്ന മന്ത്രി സണ്ണി ജോസഫിന്റെ മാധ്യമങ്ങൾക്കു മുന്നിലെ ഏറ്റുപറച്ചിൽ കേട്ടതോടെ, പാർട്ടി സെക്രട്ടറി എം.വി. ഗോവിന്ദൻ എ.കെ.ജി. സെന്ററിൽ വാർത്താസമ്മേളനം വിളിച്ചുകൂട്ടി. 'ദേ ഇരുണ്ടകാലം വരവായെന്ന്'മട്ടിൽ, സർക്കാരിനെ കുറ്റപ്പെടുത്തുകയായിരുന്നു ഗോവിന്ദൻ ചെയ്തത്. എന്നാൽ എന്തുകൊണ്ട് ഇപ്പോൾ ഡാമുകളിൽ 21.34 ശതമാനം മാത്രം ജലമായി കുറഞ്ഞുവെന്നതിന്റെ വിശദീകരണം ഗോവിന്ദന്റെ ഭാഗത്തുനിന്നുണ്ടാവേണ്ടതായിരുന്നു. പക്ഷെ, ഗോവിന്ദൻ മിണ്ടില്ല. കാരണം, ഈ വൈദ്യുതി പ്രതിസന്ധിക്കും കാരണം ഇടതുഭരണംതന്നെയാണ്. ഈ ആരോപണം തെളിയിക്കാൻ ചെറിയൊരു ഫ്ളാഷ്ബാക്ക് വേണം.

2023, 2024, 2025 വർഷങ്ങളിലെ ഡാമുകളിലേക്കുള്ള നീരൊഴുക്കിന്റെ കണക്കിൽ ഏറ്റവും കൂടുതൽ വെള്ളമൊഴുകിയെത്തിയത് 2025-26 സാമ്പത്തികവർഷത്തിലാണ്. ഇതുമൂലം ആ വർഷം കേന്ദ്രപൂളിൽനിന്നുള്ള 1514 ദശലക്ഷം വൈദ്യുതി സംസ്ഥാനം വാങ്ങിയില്ല. പകരം ജലവൈദ്യുതി ഉപയോഗിച്ചു. എന്നാൽ 500 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളംപോലും ബോർഡ് കരുതിവയ്ക്കാഞ്ഞത് വലിയ പിഴവായി. ഉമ്മൻചാണ്ടി സർക്കാർ ഒപ്പുവച്ച കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭിക്കാനുള്ള ദീർഘകാല കരാറുകൾ ഇതിനകം ഇടതുഭരണകാലത്ത് റദ്ദാക്കിയിരുന്നു. ഇതാകട്ടെ, ജലക്ഷാമം വന്നപ്പോൾ കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങേണ്ട അവസ്ഥയിലേക്ക് കേരളത്തെ നയിച്ചു.

2023-24 മാർച്ച് 31ലെ കണക്കനുസരിച്ച് 1916 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള വെള്ളമുണ്ടായിരുന്നത് 2024-25ൽ അതേ കാലയളവിൽ 1935 ദശലക്ഷം യൂണിറ്റ് ഉല്പാദിപ്പിക്കാനുള്ള ജലശേഖരമായി. പക്ഷേ, 2025 മാർച്ച് 31ൽ ഇതേ ജലശേഖരം 1749.53 ദശലക്ഷം യൂണിറ്റിനുള്ളതായി ശോഷിച്ചു. ചെറുഡാമുകൾ നിറയ്ക്കുകയും ഇടുക്കി ഡാമിലെ വെള്ളം പരമാവധി ഉപയോഗിക്കുകയും ചെയ്ത വലിയ അബദ്ധം ആ നാളുകളിൽ ബോർഡിന് പറ്റി.

2025 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കുറഞ്ഞ വിലയ്ക്ക് വൈദ്യുതി വിപണിയിൽ ലഭ്യമായിരുന്നു. ഈ കാലഘട്ടത്തിൽ എന്തിന് ഇടുക്കി ഡാമിലെ വെള്ളം ശേഖരിച്ചുവയ്ക്കാൻ ബോർഡ് മടികാണിച്ചു? പിന്നീട് വൈദ്യുതിയായിത്തന്നെ മടക്കിനൽകാവുന്ന കരാറനുസരിച്ച് 4900 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ബാധ്യതയും പുതിയ സർക്കാരിന്റെ ചുമലിൽ വച്ചിട്ടാണ് ഇടതുസർക്കാർ പടിയിറങ്ങിയത്. എന്നിട്ടും 'ഇരുണ്ടകാലം' പുതിയ സർക്കാരിന്റെ വകയായി മാധ്യമങ്ങൾക്കുമുന്നിൽ അവതരിപ്പിക്കാൻ ഗോവിന്ദൻ മാഷ് നടത്തിയ ശ്രമം പരിഹാസ്യമെന്നേ പറയാനാവൂ.

## പബ്ലിക് സർവീസോ പാർട്ടി സർവീസോ?

ഇടതു ഭരണകാലത്ത് നടത്തിയ പിൻവാതിൽ നിയമനങ്ങൾ കുപ്രസിദ്ധമാണെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. 1957ൽ പബ്ലിക് സർവീസ് കമ്മീഷൻ ആരംഭിച്ചപ്പോൾ അഞ്ച് പി.എസ്.സി. അംഗങ്ങളേ ഉണ്ടായിരുന്നുള്ളു. പിന്നീട് അത് 13 ആയി ഉയർന്നു. ഇടതുഭരണകാലത്താകട്ടെ അംഗങ്ങൾ 21 ആയി. ആശാവർക്കർമാർ തങ്ങളുടെ ഓണറേറിയത്തിൽ ചെറിയൊരു വർധനയെങ്കിലും വരുത്താൻ പിണറായി സർക്കാരിനോട് കരഞ്ഞ് യാചിച്ചിരുന്ന നാളുകളിലാണ് പി.എസ്.സി. മെമ്പർമാരുടെ ശമ്പളം കുത്തനെ കൂട്ടിയത്.

പി.എസ്.സി. മെമ്പർമാരെ നിയമിക്കുന്നത് അതാത് സംസ്ഥാനങ്ങളിലെ ഗവർണർമാരാണ്. യു.പി.എസ്.സിയിൽ നിയമനം നടത്തുന്നത് രാഷ്ട്രപതിയാണ്. 50 ശതമാനം സർക്കാർ സർവീസിൽനിന്നുള്ളവരും, ബാക്കി രാഷ്ട്രീയ നിയമനവുമെന്ന മട്ടിലാണ് മെമ്പർമാരെ നിയമിച്ചിരുന്നത്. ഇപ്പോൾ മെമ്പർമാരുടെ ഒഴിവുണ്ടായിട്ടും പുതിയ മെമ്പർമാരെ നിയമിക്കാനുള്ള പട്ടിക പഴയ ഗവർണർ ആരിഫ്ഖാനോ പുതിയ ഗവർണർ അർലേക്കറിനോ ഇടതുസർക്കാർ നൽകിയിരുന്നില്ല. കാരണം സി.പി.എം. കൊടുക്കുന്ന പട്ടികയിൽനിന്ന് മെമ്പർമാരെ നിയമിക്കാൻ ബി.ജെ.പി.യുടെ നോമിനിയായ ഗവർണർമാർ തയ്യാറാവില്ലല്ലോ.

ഒന്നര ലക്ഷം രൂപ അടിസ്ഥാന ശമ്പളമായുള്ള (ഇതനുസരിച്ച് മൊത്തം ശമ്പളം രണ്ടര ലക്ഷം രൂപ കടക്കും) ആസൂത്രണ ബോർഡിലെ മൂന്ന് നിയമനങ്ങൾ ഇപ്പോൾ വിവാദമായിരിക്കുകയാണ്. എഴുത്തുപരീക്ഷയിലെ ഉത്തരങ്ങൾ പൂർണമായും വാല്യുവേഷൻ നടത്താതെ സി.പി.എം. അവരുടെ ഇഷ്ടക്കാർക്ക് നിയമനം നൽകിയെന്ന ആരോപണമാണ് ഉയർന്നിട്ടുള്ളത്. അഡ്മിനിസ്ട്രേറ്റ് ട്രൈബ്യൂണലിൽ കേസ് നിലവിലിരിക്കെപോലും ഇടതു സർക്കാർ വിവാദ തസ്തികയിൽ നിയമനം നടത്തിയതും ദുരൂഹമാണെന്ന് മാധ്യമങ്ങൾ പറയുന്നു. ഇക്കാര്യത്തിൽ പി.എസ്.സി. നടത്തുന്ന ആഭ്യന്തര അന്വേഷണംപോലും പ്രഹസനമാകുമോയെന്ന് ജനം സംശയിക്കുന്നുണ്ട്.

## ഊരാളുങ്കൽ എന്നുകേട്ടാൽ ഉരുളുന്നതെന്തിന്?

പണ്ട് അന്നാ അലുമിനിയം കമ്പനിയുടെ ഉരുളിക്കുവേണ്ടിയുള്ള പരസ്യവാചകം ശ്രദ്ധേയമായിരുന്നു: ഉരുളിയെന്നുകേട്ടാൽ ഉരുളരുതെന്നായിരുന്നു മീഡിയാമേറ്റ് എന്ന പരസ്യ കമ്പനി ഉരുളിക്കായി തയ്യാറാക്കിയ ക്യാച്ച്ലൈൻ. ഊരാളുങ്കൽ ലേബർ സൊസൈറ്റിയെക്കുറിച്ച് മന്ത്രി പി.കെ. ബഷീർ നിയമസഭയിൽ നൽകിയ ഉത്തരം ഈ പരസ്യത്തെ ഓർമ്മിപ്പിക്കുന്നതായി. മന്ത്രിസഭയിലുള്ള ലീഗ് മന്ത്രി ഷാജി ഊരാളുങ്കലിനെ സി.പി.എം.ന്റെ 'അദാനി'യെന്നുവരെ വിശേഷിപ്പിച്ച ക്ലിപ്പിംഗുകൾ ഏഷ്യാനെറ്റ് ന്യൂസിലെ അന്തിചർച്ചയിൽ കണ്ടു. ഊരാളുങ്കലിന് 'വിശുദ്ധ പദവി' നൽകാൻ മന്ത്രി ബഷീർ നടത്തിയ ശ്രമത്തിനു പിന്നിൽ എന്തെങ്കിലും 'ഫൗൾ പ്ലേ' ഉണ്ടോ?

'ഈ നിയമസഭ' എന്ന ആശയം നടപ്പാക്കാൻ ഊരാളുങ്കൽ സൊസൈറ്റി ആറ് വർഷം മുമ്പ് വാങ്ങിയ 9.4 കോടി രൂപ ക്രമവത്ക്കരിക്കാൻ ഇടതുസർക്കാർ ഭരണമൊഴിയുന്നതിനു മുമ്പ് കാണിച്ച തിടുക്കം അന്ന് പ്രതിപക്ഷമായിരുന്ന യു.ഡി.എഫ്. വിമർശിച്ചത് മറന്നോ? 2026 ഫെബ്രുവരി 22നാണ് ഊരാളുങ്കൽ വാങ്ങിയ പണം ക്രമവത്കരിച്ച് സർക്കാർ ഉത്തരവിറക്കിയത്. 2020 ജൂണിൽ പൂർത്തിയാക്കേണ്ടിയിരുന്ന ഈ പദ്ധതി 13 തവണയാണ് നീട്ടി നൽകിയത്. 2019ൽ കൈപ്പറ്റിയ പണത്തിന് ഊരാളുങ്കൽ ജി.എസ്.ടി.പോലും അടച്ചിരുന്നില്ല. പിന്നീട് 2025 ജൂണിൽ 1.43 കോടി രൂപ ജി.എസ്.ടി.യായി അടച്ച കണക്കും പിൽക്കാലത്ത് പുറത്തുവന്നിട്ടുണ്ട്.

മുണ്ടക്കൈചൂരൽമല പുനരധിവാസ പദ്ധതി നടപ്പാക്കുന്നതിൽ ഊരാളുങ്കലിന്റെ കരാറുകൾപോലും വിവാദമായി മാറിയ കാര്യവും യു.ഡി.എഫ്. നേതാക്കൾ മറന്നുവോ? ഇനി ജനം വേണ്ടിവരും ഈ പഴയ കഥകൾ ഓർമിപ്പിക്കാനെന്നു പറഞ്ഞ് ഈ ആഴ്ചക്കുറിപ്പ് അവസാനിപ്പിക്കട്ടെ.

നാഴികമണി

# അമ്പലക്കൊള്ള: സോമനാഥം മുതൽ അയോധ്യ വരെ



എൻ.പി. ചെക്കുട്ടി

ഇന്ത്യയിൽ അമ്പലക്കൊള്ള പുതിയ ഒരു ഏർപ്പാടല്ല. പ്രാചീനകാലം മുതൽ അമ്പലങ്ങളും വിഹാരങ്ങളും ഈ നാട്ടിൽ ധാരാളമായി ഉണ്ടായിരുന്നു. മൗര്യകാലം മുതൽ അത്തരം ക്ഷേത്രങ്ങൾക്കും ആരാധനാലയങ്ങൾക്കും ധാരാളം ധനം അധികാരികൾ വാരിക്കോരി നൽകിയിട്ടുമുണ്ട്. പുരാണങ്ങളിൽ യാഗങ്ങളും യജ്ഞങ്ങളും സംബന്ധിച്ചുള്ള പല കഥകളുമുണ്ട്. ഓരോ യാഗത്തിന്റെയും അവസാനത്തിൽ രാജാവ് തന്റെ സമ്പത്തിൽ വലിയ പങ്ക് ദാനം ചെയ്യും. ബ്രാഹ്മണന്മാരാണ് ദാനമൊക്കെ വാങ്ങിക്കൊണ്ടു പോകുന്നത്. അതിനാൽ അക്കാലം മുതൽ ബ്രാഹ്മണർ വമ്പിച്ച സ്വത്തിന്റെ ഉടമകളായി.

വിഹാരങ്ങൾ വ്യത്യസ്തമാണ്. ബ്രാഹ്മണമതത്തോടുള്ള വിയോജിപ്പിന്റെ ഫലമായാണ് ബുദ്ധമതവും ജൈനമതവും ഉണ്ടായത്. ബുദ്ധനും ജൈന മഹാവീരനും ഭൗതിക സമ്പത്തിൽ വലിയ താല്പര്യം പ്രകടിപ്പിച്ചല്ലെങ്കിലും അവരുടെ പേരിൽ ഉയർന്നുവന്ന ബൗദ്ധജൈന ക്ഷേത്രങ്ങളും വമ്പിച്ച സമ്പത്തിന് ഉടമകളായി. ബുദ്ധവിഹാരങ്ങൾ മാത്രമല്ല, നളന്ദയിലെയും തക്ഷശിലയിലേയും ബൗദ്ധ സർവ്വകലാശാലകൾക്കും വമ്പിച്ച സ്വത്തുക്കൾ കൈവശമുണ്ടായിരുന്നു.

ഇത്തരം സ്ഥാപനങ്ങൾക്കു രാജാക്കന്മാർ സംഭാവനകൾ നൽകിയതിന്റെ രേഖകളും ഇന്ത്യാചരിത്രത്തിൽ ധാരാളമായുണ്ട്. ക്രിസ്തുവിനു മൂന്നു നൂറ്റാണ്ടു മുമ്പ് ജീവിച്ച അശോക ചക്രവർത്തിയുടെ ലിഖിതങ്ങളിലൊന്നിൽ ബ്രാഹ്മണർക്കും ശ്രമണർക്കുംമറ്റുസമാജങ്ങൾക്കുംചക്രവർത്തി നൽകിയ സംഭാവനകളെപ്പറ്റി പറയുന്നുണ്ട്.

അതിനാൽ ഇന്ത്യയിലെ ക്ഷേത്രങ്ങളും വിഹാരങ്ങളുംസർവകലാശാലകളുംഎളുപ്പത്തിൽ സമ്പത്തു തേടിയിറങ്ങിയ കൂട്ടരുടെ സവിശേഷ ശ്രദ്ധാകേന്ദ്രമായി മാറി. അക്കാരണത്താൽ തന്നെ ക്ഷേത്രക്കൊള്ള ഇന്ത്യാചരിത്രത്തിലെ ഒരു സ്ഥിരം സംഭവമാണ്. ഗുജറാത്തിലെ പേരുകേട്ട സോമനാഥ ക്ഷേത്രം മുഹമ്മദ് ഗസ്നി കൊള്ളയടിച്ചു എന്നാണ് ചരിത്രത്തിൽ പറയുന്നത്.




എന്നാൽ സോമനാഥ ക്ഷേത്രത്തിലെ കൊള്ളയുടെ ചരിത്രം പരിശോധിച്ച റോമിലാ ഥാപ്പർ പറയുന്നത് മുഹമ്മദ് ഗസ്നി മാത്രമല്ല പ്രസ്തുത ക്ഷേത്രം കൊള്ളയടിച്ചതെന്നാണ്.

സോമനാഥ ക്ഷേത്രം പല കാലങ്ങളിൽ കൊള്ളയടിച്ചവരിൽ മുഹമ്മദ് ഗസ്നി പോലുള്ള മുസ്ലിം ഭരണാധികാരികൾ മാത്രമല്ല, ഹൈന്ദവരായ രാജാക്കന്മാരുമുണ്ടെന്നു സ്വാതന്ത്ര്യത്തിനു ശേഷം ക്ഷേത്ര പുനർനിർമാണത്തിന് ഇറങ്ങിത്തിരിച്ച കുലപതി കെ.എം. മുൻഷി മുതൽ അക്കാലത്തെ ഇന്ത്യൻ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദ് വരെയുള്ള പ്രമാണിമാർക്ക് അറിയാമായിരുന്നു. എന്നാലും അവർ മുഹമ്മദ് ഗസ്നിയുടെ പേരുമാത്രമാണ് പരാമർശിച്ചത്. കാരണം മുസ്ലിം അക്രമികൾ ക്ഷേത്രം കൊള്ളയടിച്ചു എന്നു പറയുമ്പോൾ അതിന്റെ ഗുണങ്ങൾ പലതാണ്.

കൊള്ളയുടെ ഉത്തരവാദിത്വം മുഴുക്കെ ഒരു കൂട്ടരുടെ തലയിൽ കെട്ടിവെക്കാം. ക്ഷേത്ര പുനരുദ്ധാരണത്തിനു വമ്പിച്ച പിരിവു നടത്താം. ആ വകയിൽ രാഷ്ട്രീയ നേട്ടങ്ങളും കൈവരിക്കാം. ഒരു വെടിക്കു രണ്ടുപക്ഷി എന്നാണ് മലയാളികളുടെ പഴഞ്ചൊല്ലിൽ പറയുന്നത്. എന്നാൽ ഉത്തരേന്ത്യൻ ഗോസായി രാഷ്ട്രീയക്കാർക്കു ഒരു വെടിക്കു ഒരുപാടു പക്ഷികളെ വീഴ്ത്താനുള്ള ശേഷിയുണ്ട്.

അതാണ് ശബരിമലയും അയോധ്യയും തമ്മിലുള്ള വ്യത്യാസം. ശബരിമല പ്രാചീനമായ കേരള ക്ഷേത്രമാണ്. സത്യത്തിൽ അതൊരു ബൗദ്ധ വിഹാരമായിരുന്നു എന്നും അയ്യപ്പൻ ബുദ്ധന്റെ പ്രതിരൂപമാണ് എന്നും പല ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നുണ്ട്. അയ്യപ്പ വിഗ്രഹത്തിന്റെ ഇരിപ്പും ധ്യാനനിരതനായ ബുദ്ധന്റെ ഇരിപ്പും ഒരേതരത്തിലാണ്. ബൗദ്ധ സ്വാധീനം അശോകന്റെ കാലം മുതൽ തെക്കൻ പ്രദേശങ്ങളിൽ ശക്തമായിരുന്നു താനും.

ശബരിമലയ്ക്കും തെക്കു ഇന്ത്യാസമുദ്ര ദ്വീപായ ശ്രീലങ്കയിൽ ബുദ്ധമതം പ്രചാരം നേടിയിരുന്നു. ഇന്നും അന്നാട്ടിൽ ബുദ്ധമതത്തിനാണ് പ്രാമുഖ്യം. ശ്രീലങ്കയുടെ പ്രാചീന ചരിത്രമായ ദ്വീപവംശത്തിൽ പറയുന്ന ഒരു കാര്യം, അശോകന്റെ കാലത്തു ബുദ്ധമതം സ്വീകരിച്ച ദ്വീപിലെ രാജാവ് ബോധ് ഗയയിലെ പുണ്യവൃക്ഷത്തിന്റെ ഒരു കമ്പ് സ്വന്തം നാട്ടിൽ നട്ടുവളർത്താനായി ആവശ്യപ്പെട്ടുവെന്നും അശോകൻ സ്വന്തം മകന്റെ കൈവശം കപ്പലിൽ അത് ദ്വീപിലേക്കു കൊടുത്തയച്ചു എന്നുമാണ്.

ബുദ്ധനോടുള്ള അശോകന്റെ അമിതമായ ഭക്തിയിൽ അരിശം പൂണ്ട രാജ്ഞി പുണ്യവൃക്ഷത്തിനു വിഷം കുത്തിവെച്ചു അതിനെ നശിപ്പിച്ചു കളഞ്ഞു. ഉണങ്ങിപ്പോകുന്ന വൃക്ഷത്തിന്റെ സ്ഥിതി കണ്ടു അശോകൻ മോഹാലസ്യപ്പെട്ടു വീഴുന്ന ഒരു ചിത്രം സാരനാഥിലെ അദ്ദേഹത്തിന്റെ ശിലാലിഖിതങ്ങളുടെ കൂട്ടത്തിൽ കാണാനുണ്ട്. ഏതായാലും ആയിരത്തഞ്ഞൂറു വർഷം കഴിഞ്ഞു പത്തൊമ്പതാം നൂറ്റാണ്ടിൽ അലക്സാണ്ടർ കണ്ണിങ്ഹാം എന്ന ബ്രിട്ടീഷ് ആർക്കിയോളജിസ്റ്റാണ് ലങ്കയിലേക്ക് അശോകൻ കൊടുത്തുവിട്ട ആൽമരത്തിൽ നിന്നും ഒരു കമ്പ് തിരിച്ചു കൊണ്ടുവന്ന് ഗയയിൽ വീണ്ടും പുണ്യവൃക്ഷം നട്ടുവളർത്തിയത്. അതായതു ബുദ്ധന്റെ ജന്മനാട്ടിൽ ഇന്നു കാണുന്ന അദ്ദേഹത്തിന്റെ ബോധോദയത്തിന്റെ വേദിയായ ആൽമരം ശ്രീലങ്കയുടെയും ഗ്രേറ്റ് ബ്രിട്ടന്റെയും സംഭാവനയാണ്. ബുദ്ധന്റെ നാടായ ഇന്ത്യയുടെയല്ല.

ഇത്തരം കഥകളൊന്നും രാഷ്ട്രീയക്കാർ നാട്ടുകാരോടു പറയാറില്ല. കാരണം വോട്ടുകിട്ടാൻ അതൊന്നും അവരെ സഹായിക്കുകയില്ല. ജാതിയും മതവും പറഞ്ഞു വോട്ടു പിടിക്കണമെങ്കിൽ ചരിത്രം ചവറ്റുകുട്ടയിൽ തള്ളണം. വ്യാജ ചരിത്രങ്ങൾ എഴുതിയുണ്ടാക്കണം.

അതാണ് ഇന്ന് ഇന്ത്യയിലും കേരളത്തിലും നടക്കുന്നത്. ശബരിമലയിലെ സ്വർണക്കൊള്ളയുടെ പിന്നിൽ പ്രവർത്തിച്ചത് ആരെന്നു ഒരിക്കലും ഈ നാട് അറിയാൻ പോകുന്നില്ല. ദൈവതുല്യരായ ചിലരാണ് കൊള്ളയ്ക്കു പിന്നിലെന്ന് ദേവസ്വം അധ്യക്ഷനായിരുന്ന പദ്മകുമാർ പറഞ്ഞിട്ടുണ്ട്. ആരാണ് ഈ ദൈവതുല്യൻ? സഖാക്കൾക്ക്ഏതുദൈവം?എന്തുദൈവം?അപ്പോൾ യഥാർത്ഥത്തിൽ കൊള്ളത്തലവൻ ആരെന്ന ചോദ്യത്തിന് ഇനിയും ഉത്തരമില്ല.

അതൊക്കെ പോകട്ടെ. ശബരിമലയിൽ മാത്രമല്ല ഇന്ത്യയിൽ കൊള്ള നടക്കുന്നത് എന്നറിയുമ്പോൾ മലയാളികൾക്ക് അല്പം ആശ്വാസത്തിനു വകയുണ്ട്. ശബരിമല അയ്യപ്പൻ ബൗദ്ധനോ അല്ലയോ എന്നതിരിക്കട്ടെ. അയ്യപ്പന്റെ ശക്തി കൊള്ളക്കാർക്കു ബാധകമാണോ അല്ലയോ എന്നതും ഇരിക്കട്ടെ. വാതിൽപ്പാളി പോയെങ്കിലും ശബരിമലയിൽ തങ്കവിഗ്രഹമെങ്കിലും ബാക്കി ഇരിപ്പുണ്ടല്ലോ. ഭാഗ്യം.

എന്നാൽ എന്താണ് അയോധ്യയിലെ ശ്രീരാമന്റെ സ്ഥിതി? ശ്രീരാമൻ ഹിന്ദുക്കളുടെ ഹൃദയ രാജകുമാരനാണ് എന്നല്ലേ സംഘപരിവാരം ഉൽഘോഷിച്ചത്? അവരല്ലേ അവിടെയുള്ള പള്ളി പൊളിച്ചു രാമജന്മഭൂമി സ്ഥലം കൈക്കലാക്കി അവിടെ ക്ഷേത്രം പണിതത്? എന്നിട്ടിപ്പോൾ എന്താണ് രാമജന്മഭൂമിയിലെ ഹിന്ദു ഹൃദയസാമ്രാട്ടിന്റെ അവസ്ഥ? അമ്പലം ഉത്ഘാടനം കഴിഞ്ഞപ്പോൾ അങ്ങോട്ട് ഒഴുകിയ പൊന്നിനും പണത്തിനും കണക്കില്ല. എന്നിട്ട് അതൊക്കെ എങ്ങോട്ടു പോയി? കോടാനുകോടികൾ ആർഎസ്എസ്വിശ്വഹിന്ദു പരിഷദ് കർസേവകർ അടിച്ചുമാറ്റി കൊണ്ടുപോയി എന്നാണ് അമ്പലത്തിലെ കൊള്ളയെപ്പറ്റി അന്വേഷിക്കുന്ന യു.പി പോലീസ് സംഘം പറയുന്നത്. എന്നാൽ ആരും പേടിക്കേണ്ട. കേസൊക്കെ തേഞ്ഞുമാഞ്ഞു പോകും. കാരണം ശബരിമലയായാലും അയോധ്യയായാലും അവിടെ തടവിൽ കിടക്കുന്ന വിഗ്രഹങ്ങൾക്ക് പണത്തിന്റെ ആവശ്യമില്ല. വിഗ്രഹങ്ങളുടെ കാവൽക്കർക്കും അവരുടെ സിൽബന്ധികൾക്കും പണം ആവശ്യമുണ്ടു താനും. അതിനാൽ അവർ ഭഗവാനിൽ നിന്നും അല്പം ധനം കടമെടുത്തു തങ്ങളുടെ ആവശ്യങ്ങൾ നിർവഹിക്കുന്നു.

ഭഗവാനെന്തിനു പണം എന്നാണ് അവരും ചോദിക്കുന്നത്. തനിക്കു പണത്തിനു ആവശ്യമുണ്ടെന്നു ഒരു ഭഗവാനുമായ തുറന്നു പറയാനിടയില്ലെന്നു അവർക്ക് ഉറപ്പുണ്ട്. അതിനാൽ അമ്പലക്കൊള്ള നിർബാധം ഇനിയും നടക്കും. പരാതിയുണ്ടെങ്കിൽ ദൈവങ്ങൾ അടുത്ത പോലീസ് സ്റ്റേഷനിൽ എഴുതി കൊടുക്കട്ടെ. നമ്മുടെ ജനാധിപത്യ സർക്കാർ അക്കാര്യം പരിഗണിക്കും.



# അഭിഷേകിനെ പിന്തള്ളി ടി20 റാങ്കിങ്ങിൽ ഇഷാൻ കിഷൻ ഒന്നാമത്

ഇന്ത്യൻ ക്രിക്കറ്റ് ആരാധകർക്ക് ആവേശം പകർന്ന് ഐസിസിയുടെ പുതിയ ടി20 ബാറ്റിങ് റാങ്കിങ് പുറത്ത്. സഹതാരം അഭിഷേക് ശർമ്മയുടെ ഒരു വർഷം നീണ്ടുനിന്ന ആധിപത്യം അവസാനിപ്പിച്ചുകൊണ്ട് ഇന്ത്യൻ വിക്കറ്റ് കീപ്പർ ബാറ്റർ ഇഷാൻ കിഷൻ കരിയറിലാദ്യമായി അന്താരാഷ്ട്ര ടി20 ബാറ്റിങ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തി. അടുത്തിടെ സമാപിച്ച 2026-ലെ ഐസിസി പുരുഷ ടി20 ലോകകപ്പിലെ തകർപ്പൻ പ്രകടനമാണ് ഇഷാനെ ഈ ചരിത്രനേട്ടത്തിന് അർഹനാക്കിയത്. വെറും ഏഴ് റേറ്റിങ് പോയിന്റുകളുടെ വ്യത്യാസത്തിലാണ് അഭിഷേക് ശർമ്മയെ മറികടന്ന് കിഷൻ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്.ഇന്ത്യ കിരീടം ചൂടിയ ലോകകപ്പ് ടൂർണമെന്റിൽ ഏതാണ്ട് ഇരുനൂറിനടുത്ത് സ്ട്രൈക്ക് റേറ്റിൽ 317 റൺസാണ് ഈ ഇടങ്കയ്യൻ ബാറ്റർ അടിച്ചുകൂട്ടിയത്. കൊളംബോയിൽ പാകിസ്ഥാനെതിരെ താരം പുറത്തെടുത്ത മാച്ച് വിന്നിങ് പ്രകടനം ഇഷാന്റെ കരിയറിലെ തന്നെ ഏറ്റവും മികച്ച നിമിഷങ്ങളിലൊന്നായി മാറി.വിരാട് കോഹ്‌ലി, സൂര്യകുമാർ യാദവ്, അഭിഷേക് ശർമ്മ എന്നിവർക്ക് ശേഷം ടി20 റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തുന്ന നാലാമത്തെ മാത്രം ഇന്ത്യൻ പുരുഷ ബാറ്ററാണ് ഇഷാൻ കിഷൻ. അയർലൻഡിനെതിരായ പരമ്പരയിലെ മികച്ച പ്രകടനത്തോടെ ഐറിഷ്




താരങ്ങളായ ലോർക്കൻ ടക്കർ, റോസ് അഡയർ, മാത്യു ഹംഫ്രൈസ് എന്നിവരും റാങ്കിങ്ങിൽ മുന്നേറ്റം നടത്തിയിട്ടുണ്ട്.ടെസ്റ്റ് റാങ്കിങ്ങിലും വലിയ മാറ്റങ്ങളാണ് പുതിയ അപ്ഡേറ്റിൽ ദൃശ്യമാകുന്നത്. ഇംഗ്ലണ്ടിന്റെ ഹാരി ബ്രൂക്കിനെയും ജോ റൂട്ടിനെയും പിന്തള്ളി ഓസ്ട്രേലിയൻ താരം ട്രാവിസ് ഹെഡ് കരിയറിലാദ്യമായി ലോക ഒന്നാം നമ്പർ ടെസ്റ്റ് ബാറ്ററായി മാറി. കൂടാതെ, ന്യൂസിലൻഡ് താരം മാറ്റ് ഹെൻറിയെ മറികടന്ന് ഇന്ത്യൻ പേസ് വിസ്മയം ജസ്പ്രീത് ബുമ്ര ടെസ്റ്റ് ബൗളിങ് റാങ്കിങ്ങിൽ വീണ്ടും ഒന്നാം സ്ഥാനം തിരിച്ചുപിടിച്ചു.



# ഈജിപ്തിന് ആശ്വാസം, രാജാവ് തിരിച്ചെത്തി; മുഹമ്മദ് സലാ പരിശീലനത്തിൽ

ഫിഫ ലോകകപ്പിന്റെ ചരിത്രപ്രസിദ്ധമായ നോക്കൗട്ട് റൗണ്ട് മത്സരത്തിൽ ഓസ്ട്രേലിയയെ നേരിടാനൊരുങ്ങുന്ന ഈജിപ്തിന് കളിക്ക് മുൻപ് വൻ ആശ്വാസ വാർത്ത. ഹാംസ്ട്രിങ് പരിക്കിനെ തുടർന്ന് വിശ്രമത്തിലായിരുന്ന ഈജിപ്ഷ്യൻ നായകൻ മുഹമ്മദ് സലാ ചൊവ്വാഴ്ച ടീമിനൊപ്പം പരിശീലന മൈതാനത്തേക്ക് തിരിച്ചെത്തി. വെള്ളിയാഴ്ച നടക്കുന്ന നിർണായക മത്സരത്തിന് മുന്നോടിയായി സ്പോകെനിൽ നടക്കുന്ന പരിശീലന സെഷനിലാണ് താരം ഭാഗികമായി പങ്കെടുത്തത്. സലാ സഹതാരങ്ങൾക്കൊപ്പം പുഞ്ചിരിയോടെ നിൽക്കുന്ന ചിത്രങ്ങൾ ഈജിപ്ഷ്യൻ ഫുട്ബോൾ അസോസിയേഷൻ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചുകൊണ്ട് 'രാജാവ് തിരിച്ചെത്തി' എന്ന് കുറിച്ചു.ഗ്രൂപ്പ് ഘട്ടത്തിൽ ഇറാനെതിരായ മത്സരത്തിനിടയിലാണ് ലിവർപൂൾ ഫോർവേഡായ സലാക്ക് പരിക്കേറ്റത്. മത്സരത്തിന്റെ 57-ാം മിനിറ്റിൽ താരം കളം വിട്ടത് ഈജിപ്ഷ്യൻ ആരാധകരിൽ വലിയ ആശങ്ക ഉണ്ടാക്കിയിരുന്നു. എന്നാൽ സലായുടെ പരിക്ക് ഗുരുതരമല്ലെന്നും താരം അടുത്ത മത്സരത്തിൽ തിരിച്ചെത്തുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഈജിപ്ത് കോച്ച് ഹൊസാം ഹസ്സൻ വ്യക്തമാക്കി. താരം പൂർണ്ണമായ രീതിയിൽ പരിശീലനം പുനരാരംഭിച്ചിട്ടില്ലെങ്കിലും ചൊവ്വാഴ്ച മൈതാനത്തിറങ്ങിയത് ഓസ്ട്രേലിയക്കെതിരെ താരം കളിച്ചേക്കുമെന്ന വലിയ പ്രതീക്ഷയാണ് നൽകുന്നത്.ഫിഫയുടെ പുതുക്കിയ ടൂർണമെന്റ് ഘടന പ്രകാരം ചരിത്രത്തിലാദ്യമായാണ് ഈജിപ്ത് ലോകകപ്പിന്റെ നോക്കൗട്ട് ഘട്ടത്തിലേക്ക് യോഗ്യത നേടുന്നത്. ബെൽജിയത്തിന് തൊട്ടുപിന്നാലെ അഞ്ച് പോയിന്റുമായി ഗ്രൂപ്പിൽ രണ്ടാം സ്ഥാനക്കാരായാണ് ഈജിപ്ത് മുന്നേറിയത്. ടൂർണമെന്റിൽ ന്യൂസിലാൻഡിനെതിരെ ഈജിപ്ത് നേടിയ ചരിത്രത്തിലെ ആദ്യ ലോകകപ്പ് വിജയത്തിൽ സലാ തന്റെ 68-ാം അന്താരാഷ്ട്ര ഗോൾ സ്വന്തമാക്കിയിരുന്നു. നോക്കൗട്ട് കടമ്പ കടന്ന് അടുത്ത റൗണ്ടിലേക്ക് യോഗ്യത നേടാൻ സലായുടെ സാന്നിധ്യം ഈജിപ്തിന് വലിയ ഊർജ്ജമാകും.

# നെതർലൻഡ്സ് പരിശീലക സ്ഥാനം രാജിവെച്ച് കൂമാൻ



ഫിഫ ലോകകപ്പിൽ മൊറോക്കോയ്ക്കെതിരായ പെനാൽറ്റി ഷൂട്ടൗട്ട് തോൽവിക്ക് പിന്നാലെ നെതർലൻഡ്സ് ദേശീയ ഫുട്ബോൾ ടീമിന്റെ മുഖ്യ പരിശീലക സ്ഥാനം രാജിവെച്ച് ഇതിഹാസ താരം റൊണാൾഡ് കൂമാൻ.ലോകകപ്പിന്റെ ചരിത്രത്തിൽ ആദ്യമായാണ് നെതർലൻഡ്സ് പ്രീ-ക്വാർട്ടർ കാണാതെ റൗണ്ട് ഓഫ് 32 ഘട്ടത്തിൽ പുറത്താകുന്നത്. ടീമിന്റെ ഈ ചരിത്ര പരാജയത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ് ഡച്ച് ടീമിലെ തന്റെ രണ്ടാം പരിശീലക ദൗത്യം അവസാനിപ്പിക്കുന്നതായി 63-കാരനായ കൂമാൻ പ്രഖ്യാപിച്ചത്.താൻ ഇനി ഫുട്ബോൾ പരിശീലന രംഗത്തേക്ക് തിരികെ വന്നേക്കില്ലെന്ന സൂചനയും ഇൻസ്റ്റാഗ്രാമിൽ പങ്കുവെച്ച വൈകാരികമായ കുറിപ്പിൽ അദ്ദേഹം നൽകിയിട്ടുണ്ട്. മെക്സിക്കോയിലെ മോണ്ടെറെയിൽ നടന്ന ആവേശകരമായ മത്സരത്തിൽ നിശ്ചിത സമയത്ത് ഇരുടീമുകളും 1-1 എന്ന നിലയിൽ സമനില പാലിച്ചതിനെ തുടർന്നാണ് മത്സരം പെനാൽറ്റി ഷൂട്ടൗട്ടിലേക്ക് നീണ്ടത്.ഷൂട്ടൗട്ടിൽ ഡച്ച് താരങ്ങളായ ജസ്റ്റിൻ ക്ലൂവർട്ട്, ക്വിന്റൻ ടിംബർ, ക്രിസെൻസിയോ സമ്മർവില്ലെ എന്നിവരുടെ ഷോട്ടുകൾ തടുത്തിട്ട് മൊറോക്കോ ഗോൾകീപ്പർ ബോണോ ഹീറോയായതോടെ നെതർലൻഡ്സ് 3-2 ന് തോൽവി വഴങ്ങി. മത്സരത്തിന് പിന്നാലെ പെനാൽറ്റി പാഴാക്കിയ മൂന്ന് യുവതാരങ്ങൾക്കെതിരെയും സോഷ്യൽ മീഡിയയിൽ കടുത്ത വംശീയ അധിക്ഷേപങ്ങൾ ഉയർന്നതായും ഇതിനെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ഡച്ച് ഫുട്ബോൾ അസോസിയേഷൻ വ്യക്തമാക്കി. തന്റെ കരിയറിനെക്കുറിച്ച് അഭിമാനമുണ്ടെന്നും എന്നാൽ ലോകകപ്പിൽ ചരിത്രം കുറിക്കണമെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ കഴിയാത്തതിൽ തനിക്കാണ് ഏറ്റവും കൂടുതൽ നിരാശയെന്നും കൂമാൻ കുറിപ്പിൽ പറഞ്ഞു. ഫുട്ബോളിനേക്കാൾ പ്രാധാന്യമുള്ള മറ്റ് ചില കാര്യങ്ങൾ ജീവിതത്തിലുണ്ടെന്ന് കഴിഞ്ഞ കുറച്ചുകാലമായി താൻ മനസ്സിലാക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ശ്രീശാന്തിനേർപ്പെടുത്തിയ 3 വർഷ വിലക്ക് പിൻവലിച്ച് കെസിഎ

മലയാളി ക്രിക്കറ്റ് താരം സഞ്ജു സാംസണെ പിന്തുണച്ച് കേരള ക്രിക്കറ്റ് അസോസിയേഷനെതിരെ (കെസിഎ) നടത്തിയ വിവാദ പരാമർശങ്ങളുടെ പേരിൽ മുൻ ഇന്ത്യൻ താരം എസ്. ശ്രീശാന്തിന് ഏർപ്പെടുത്തിയിരുന്ന മൂന്ന് വർഷത്തെ വിലക്ക് പിൻവലിച്ചു.കെസിഎ ഭാരവാഹികൾക്കെതിരെ ഉന്നയിച്ച വിമർശനങ്ങളിൽ ശ്രീശാന്ത് നിരുപാധികം ഖേദം പ്രകടിപ്പിച്ച് മാപ്പപേക്ഷ നൽകിയതിനെത്തുടർന്നാണ് നടപടി. കേരള ക്രിക്കറ്റ് ലീഗിൻറെ പുതിയ സീസൺ ആരംഭി



ക്കാനിരിക്കെയാണ് ശ്രീശാന്തിന് അനുകൂലമായ ഈ നിർണായക തീരുമാനം വന്നിരിക്കുന്നത്.കഴിഞ്ഞ കെസിഎൽ സീസൺ മത്സരങ്ങൾക്ക് തൊട്ടുമുമ്പായിരുന്നു ദൃശ്യ-സമൂഹ മാധ്യമങ്ങളിലൂടെ അസോസിയേഷന് അപകീർത്തി വരുത്തുന്ന രീതിയിൽ സംസാരിച്ചതിന് ശ്രീശാന്തിന് കെസിഎ വിലക്കേർപ്പെടുത്തിയത്.സഞ്ജു സാംസണെ പിന്തുണച്ചുകൊണ്ട് കെസിഎ നേതൃത്വത്തിനെതിരെ താരം കടുത്ത ഭാഷയിൽ രംഗത്തുവന്നിരുന്നു. ഈ നടപടിക്കെതിരെ ശ്രീശാന്ത് തിരുവനന്തപുരം മുൻസിഫ് കോടതിയെ സമീപിച്ചെങ്കിലും കോടതി ഹർജി തള്ളിയിരുന്നു.

# അമേരിക്ക – ഇറാൻ സംഘർഷവും ഇന്ത്യയുടെ പുതിയ പ്രതിരോധ തന്ത്രങ്ങളും

സൈനികമായി എത്ര തന്നെ ശക്തരായാലും ഒരു രാജ്യത്തിനുമേൽ പൂർണ്ണമായ ആധിപത്യം സ്ഥാപിക്കാൻ വൻ ശക്തികൾക്ക് പോലും സാധിക്കില്ലെന്ന വലിയ പാഠമാണ് പുതിയ ആഗോള സാഹചര്യങ്ങൾ ലോകത്തെ പഠിപ്പിക്കുന്നത്. അമേരിക്ക-ഇറാൻ സംഘർഷങ്ങളും, പാക് ഭീകര കേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂറും വിരൽ ചൂണ്ടുന്നത് ഈയൊരു യാഥാർത്ഥ്യത്തിലേക്കാണ്.

കേവലം ആയുധബലം കൊണ്ട് മാത്രം യുദ്ധങ്ങൾ ജയിക്കാനാകില്ലെന്നും സൈനിക വിജയങ്ങളെ രാഷ്ട്രീയ നേട്ടങ്ങളാക്കി മാറ്റാൻ തന്ത്രപരമായ നയതന്ത്രം ആവശ്യമാണെന്നും ഈ സംഭവങ്ങൾ തെളിയിക്കുന്നു.

### ഇറാൻ പ്രതിസന്ധി: താൽക്കാലിക ആശ്വാസം, പരിഹരിക്കപ്പെടാത്ത ആശങ്കകൾ

യു.എസും ടെഹ്റാനും തമ്മിലുണ്ടാക്കിയ 60 ദിവസത്തെ കർമ്മ പദ്ധതിയും ധാരണകളും ആഗോള തലത്തിൽ താൽക്കാലിക ആശ്വാസം നൽകുന്നുണ്ട്. ഹോർമുസ് കടലിടുക്ക് വീണ്ടും തുറന്നതും എണ്ണ വിതരണം സാധാരണ നിലയിലായതും ആഗോള ഊർജ്ജ വിപണിയിലെ സമ്മർദ്ദം കുറച്ചു. എങ്കിലും ഇത് ശാശ്വതമായ ഒരു സമാധാനമല്ല.

**പ്രതിരോധത്തിന്റെ പുതിയ മുഖം:** യുഎസ് സൈനിക നീക്കങ്ങളിൽ വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടും ഇറാൻ കീഴടങ്ങാൻ തയാറായില്ല. തങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, മിസൈലുകൾ, ഡ്രോണുകൾ, പ്രോക്സി ഗ്രൂപ്പുകൾ എന്നിവ ഉപയോഗിച്ച് അവർ ചർച്ചാമേ



ശയിൽ തങ്ങളുടെ പ്രസക്തി നിലനിർത്തി. അതേസമയം ഇറാന്റെ ആണവബാലിസ്റ്റിക് മിസൈൽ പദ്ധതികളും ഇസ്രയേലിന്റെ സുരക്ഷാ ആശങ്കകളും ഇപ്പോഴും പരിഹരിക്കപ്പെടാതെ തുടരുകയാണ്.

### ഓപ്പറേഷൻ സിന്ദൂറും ഇന്ത്യൻ യാഥാർത്ഥ്യങ്ങളും

പഹൽഗാം ആക്രമണത്തിന് മറുപടിയായി പാക് അധിനിവേശ കശ്മീരിലെ ഭീകരകേന്ദ്രങ്ങൾക്ക് നേരെ ഇന്ത്യ നടത്തിയ ഓപ്പറേഷൻ സിന്ദൂർ അതിർത്തി കടന്നും ശത്രുവിനെ തകർക്കാനുള്ള ഇന്ത്യയുടെ പ്രഹരശേഷി തെളിയിച്ചതാണ്. എന്നാൽ സൈനികമായ ഈ വലിയ വിജയം പാകിസ്ഥാന്റെ ഭീകരവാദ നയങ്ങളിൽ മാറ്റം വരുത്താൻ പൂർണ്ണമായി പര്യാപ്തമായില്ല.

കൃത്യമായ ഇന്റലിജൻസ് വിവരങ്ങളോടെ ഇന്ത്യ ശത്രുവിന് വലിയ നാശനഷ്ടം വരുത്തിയെങ്കിലും, പാകിസ്ഥാൻ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വ്യാജ പ്രചാരണങ്ങൾ നടത്തുകയും തങ്ങളുടെ അതിജീവനത്തെ വലിയൊരു വിജയമായി ചിത്രീകരിക്കുകയുമാണ് ചെയ്തത്. സൈനിക ആക്രമണങ്ങൾ കൊണ്ട് ശത്രുവിനെ തളർത്താം, എന്നാൽ അവരുടെ സ്വഭാവം മാറ്റാൻ മറ്റ് തന്ത്രങ്ങൾ കൂടി അനിവാര്യമാണ്.

### സൈനിക വിജയം രാഷ്ട്രീയ വിജയമാകാത്തത് എന്തുകൊണ്ട്?

വലിയ സൈനിക ശക്തികൾക്ക് പോലും തങ്ങളേക്കാൾ ദുർബലരായ ശത്രുക്കൾക്ക് മുന്നിൽ പൂർണ്ണ വിജയം നേടാനാകാത്തതിന് പിന്നിൽ പ്രധാനമായും നാല് കാരണങ്ങളാണുള്ളത്:

**അസമത്വങ്ങളിലെ പ്രതിരോധം:** പരമ്പരാഗത യുദ്ധമുറകളിൽ വൻശക്തികളോട് മുട്ടിനിൽക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കുന്ന ചെറിയ രാജ്യങ്ങൾ പ്രതിരോധത്തിനായി മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കുന്നു. അമേരിക്കക്കെതിരെ പ്രോക്സി ഗ്രൂപ്പുകളെയും മിസൈലുകളെയും ഇറാൻ ആയുധമാക്കുമ്പോൾ, ഇന്ത്യക്കെതിരെ ആണവ ഭീഷണിയും അതിർത്തി കടന്നുള്ള ഭീകരവാദവുമാണ് പാകിസ്ഥാൻ പ്രയോഗിക്കുന്നത്. ഇത്തരം തന്ത്രങ്ങൾ വൻശക്തികളുടെ സൈനിക മേധാവിത്വത്തെ പ്രതിരോധിക്കാൻ ചെറുകിട രാജ്യങ്ങളെ സഹായിക്കുന്നു.

**വിവരയുദ്ധം:** ഇന്നത്തെ കാലത്ത് യുദ്ധങ്ങൾ നടക്കുന്നത് വെറും അതിർത്തികളിൽ മാത്രമല്ല, ഡിജിറ്റൽ ലോകത്ത് കൂടിയാണ്. യുദ്ധക്കളത്തിൽ നേരിടുന്ന പരാജയങ്ങളെ സോഷ്യൽ മീഡിയ തന്ത്രങ്ങളിലൂടെയും ആസൂത്രിതമായ വ്യാജപ്രചാരണങ്ങളിലൂടെയും മറച്ചുവെക്കാൻ ശത്രു രാജ്യങ്ങൾ ശ്രമിക്കുന്നു. ഇത് പൊതുജന മധ്യത്തിൽ സൈനിക വിജയങ്ങളുടെ പ്രാധാന്യം കുറയ്ക്കുകയും രാഷ്ട്രീയമായ നേട്ടമുണ്ടാക്കുന്നതിൽ നിന്ന് വലിയ രാജ്യങ്ങളെ തടയുകയും ചെയ്യുന്നു.

**ബാഹ്യശക്തികളുടെ ഇടപെടൽ:** ഏതൊരു പ്രാദേശിക സംഘർഷത്തിലും മറ്റ് ആഗോള ശക്തികളുടെ ഇടപെടൽ സാധാരണമാണ്. അമേരിക്കഇറാൻ തർക്കത്തിൽ ഇസ്രയേലും ഗൾഫ് രാജ്യങ്ങളും തങ്ങളുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് ഇടപെട്ടപ്പോൾ, ഇന്ത്യപാക് വിഷയത്തിൽ ചൈനയുടെ പിന്തുണയും അന്താരാഷ്ട്ര സമൂഹത്തിന്റെ ശ്രദ്ധയും നിർണ്ണായക പങ്കുവഹിക്കുന്നു. ഇത്തരം ബാഹ്യ ഇടപെടലുകൾ പലപ്പോഴും സൈനിക നീക്കങ്ങളെ അതിന്റെ ലക്ഷ്യത്തിൽ എത്തിക്കാൻ അനുവദിക്കാറില്ല.

**സാമ്പത്തിക ആഘാതങ്ങൾ:** ദീർഘകാലം നീണ്ടുനിൽക്കുന്ന യുദ്ധങ്ങൾ വൻ സാമ്പത്തിക ബാധ്യത വരുത്തിവെക്കുമെന്ന് എല്ലാ രാജ്യങ്ങൾക്കും അറിയാം. ഹോർമുസ് കടലിടുക്കിലെ അനിശ്ചിതത്വം ആഗോള എണ്ണ വിപണിയെ തകിടം മറിക്കുമെന്നതിനാൽ യുദ്ധം വേഗത്തിൽ അവസാനിപ്പിക്കാൻ ലോക രാജ്യങ്ങൾ സമ്മർദ്ദം ചെലുത്തി. സമാനമായി ഇന്ത്യയ്ക്കും തങ്ങളുടെ സാമ്പത്തിക വളർച്ച നിലനിർത്താൻ സുരക്ഷിതമായ അന്തരീക്ഷം ആവശ്യമായതിനാൽ ദീർഘകാല സംഘർഷങ്ങൾ ആരും ആഗ്രഹിക്കുന്നില്ല.

### ഇന്ത്യ ഇനി സ്വീകരിക്കേണ്ട തന്ത്രങ്ങൾ

കേവലമൊരു സൈനിക തിരിച്ചടി എന്നതിനപ്പുറം, ദീർഘകാലാടിസ്ഥാനത്തിൽ ശത്രുവിന്റെ സ്വഭാവത്തിൽ മാറ്റം വരുത്താൻ ഇന്ത്യ ഇനിപ്പറയുന്ന തന്ത്രങ്ങളിലേക്ക് മാറേണ്ടതുണ്ട്:

**മൾട്ടിഡൊമെയ്ൻ പ്രതിരോധ സംവിധാനം**

സൈനിക ശേഷിക്ക് പുറമെ നയതന്ത്രം, സൈബർ സുരക്ഷ, സാമ്പത്തിക ഉപരോധങ്ങൾ എന്നിവ ഒരേസമയം ഏകോപിപ്പിക്കണം. ഒറ്റത്തവണയുള്ള സൈനിക നീക്കങ്ങൾക്ക് പകരം ശത്രുവിനെ സാമ്പത്തികമായും നയതന്ത്രപരമായും ഒറ്റപ്പെടുത്തുന്ന ദീർഘകാല തന്ത്രങ്ങൾ വേണം.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസും ഇന്റലിജൻസ് നവീകരണവും**

ഭീകരരുടെ നീക്കങ്ങൾ, അവരുടെ സാമ്പത്തിക സ്രോതസ്സുകൾ, ഡിജിറ്റൽ മാധ്യമങ്ങളിലൂടെയുള്ള വ്യാജ പ്രചാരണങ്ങൾ എന്നിവ മുൻകൂട്ടി അറിയാനും തടയാനും എഐ, അത്യാധുനിക സോഫ്റ്റ്‌വെയറുകൾ എന്നിവയുടെ സഹായം തേടണം.

**ഇൻഫർമേഷൻ വാർഫെയറിലെ മേധാവിത്വം**

സൈനിക നീക്കങ്ങൾ കഴിഞ്ഞയുടൻ തന്നെ അതിന്റെ കൃത്യമായ തെളിവുകൾ വേഗത്തിൽ ആഗോള പൊതുസമൂഹത്തിന് മുന്നിൽ എത്തിക്കണം. ശത്രുവിന്റെ വ്യാജ പ്രചാരണങ്ങളുടെ ആയുധം മൂർച്ചയില്ലാത്തതാക്കാൻ ഇത് സഹായിക്കും.

ആരാണ് കൂടുതൽ ശക്തമായി ആക്രമിച്ചത് എന്നതില്ല, മറിച്ച് സൈനിക ശക്തിയെ കൃത്യമായ രാഷ്ട്രീയനയതന്ത്ര നേട്ടമാക്കി മാറ്റാൻ ആർക്ക് കഴിഞ്ഞു എന്നതിലായിരിക്കും ഭാവിയിലെ വിജയം.

# അമേരിക്കൻ മണ്ണിലെ പൗരത്വ അവകാശം: ട്രംപിന്റെ ഉത്തരവ് യു.എസ് സുപ്രീംകോടതി തള്ളി; ഏഷ്യൻ വംശജർക്ക് നിർണ്ണായക വിജയം

2026 ജൂൺ 30. വാഷിംഗ്ടണിലെ യു.എസ് സുപ്രീം കോടതി സമുച്ചയത്തിൽ നിന്ന് ഇന്ന് പുറത്തുവന്ന ഒരു ചരിത്രവിധി ആഗോള കുടിയേറ്റ ഭൂപടത്തെയും ദശലക്ഷക്കണക്കിന് ഏഷ്യൻ വംശജരുടെ ഭാവിയെയും മാറ്റിമറിച്ചിരിക്കുകയാണ്. അമേരിക്കൻ മണ്ണിൽ ജനിക്കുന്ന കുട്ടികൾക്ക് സ്വയമേവ ലഭിക്കുന്ന പൗരത്വ അവകാശം അഥവാ ബർത്ത്റൈറ്റ് സിറ്റിസൺഷിപ്പ് നിർത്തലാക്കാനുള്ള പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വിപ്ലവകരമായ നീക്കത്തിന് സുപ്രീം കോടതി പൂർണ്ണമായി തടയിട്ടു. ട്രംപ് ഗവൺമെന്റ് പുറപ്പെടുവിച്ച വിവാദപരമായ എക്സിക്യൂട്ടീവ് ഉത്തരവ് ഭരണഘടനാ വിരുദ്ധമാണെന്ന് വ്യക്തമാക്കിക്കൊണ്ട് ആറിനെതിരെ മൂന്ന് വോട്ടുകൾക്കാണ് ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സിന്റെ നേതൃത്വത്തിലുള്ള ബെഞ്ച് ഈ സുപ്രധാന വിധി പ്രസ്താവിച്ചത്.

അമേരിക്കൻ ഭരണഘടനയുടെ പതിനാലാം ഭേദഗതിക്ക് വിരുദ്ധമായ ഈ നടപടിയെ സുപ്രീം കോടതി തള്ളിയതോടെ അമേരിക്കയിലുള്ള ലക്ഷക്കണക്കിന് ഇന്ത്യൻ ഐടി പ്രൊഫഷണലുകളും വിദ്യാർത്ഥികളും വലിയൊരു ആശ്വാസത്തിലാണ്.

അമേരിക്കയിൽ താൽക്കാലിക വിസകളിൽ ജോലി ചെയ്യുന്നവരുടെയും നിയമപരമായ രേഖകളില്ലാതെ താമസിക്കുന്നവരുടെയും മക്കൾക്ക് പൗരത്വം നൽകേണ്ടതില്ല എന്നതായിരുന്നു ട്രംപ് ഭരണകൂടത്തിന്റെ നിലപാട്. തന്റെ രണ്ടാം ഭരണകാലത്തിന്റെ തുടക്കത്തിൽ ഒപ്പിട്ട എക്സിക്യൂട്ടീവ് ഉത്തരവ് 14160 വഴിയാണ് ട്രംപ് ഈ കടുത്ത മാറ്റത്തിന് ശ്രമിച്ചത്. എന്നാൽ ഈ ഉത്തരവ് അമേരിക്കയുടെ അടിസ്ഥാന മൂല്യങ്ങൾക്കും ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ള നിയമപരമായ മുൻഗണനകൾക്കും എതിരാണെന്ന് കോടതി നിരീക്ഷിച്ചു.

### 1. വിധിന്യായത്തിന്റെ കാതലും ഭരണഘടനാ സംരക്ഷണവും

അമേരിക്കൻ ഭരണഘടനയുടെ അന്തസ്സ് ഉയർത്തിപ്പിടിക്കുന്നതായിരുന്നു ചീഫ് ജസ്റ്റിസ് ജോൺ റോബർട്ട്സിന്റെ വിധിന്യായം.

**പതിനാലാം ഭേദഗതിയുടെ വിജയം:** അമേരിക്കൻ മണ്ണിൽ ജനിക്കുന്ന ഏതൊരു വ്യക്തിയും യു.എസ് പൗരനായിരിക്കുമെന്ന ഭരണഘടനയുടെ പതിനാലാം ഭേദഗതിയിലെ സിറ്റിസൺഷിപ്പ് ക്ലോസ് കോടതി പൂർണ്ണമായി ശരിവെച്ചു. മാതാപിതാക്കളുടെ വിസ സ്റ്റാറ്റസ് കുട്ടികളുടെ ജന്മസിദ്ധമായ അവകാശത്തെ ഹനിക്കാൻ കാരണമാകില്ലെന്ന് കോടതി വ്യക്തമാക്കി.

**റോബർട്ട്സിന്റെ നിരീക്ഷണം:** ഭരണഘടനയിലെ ലളിതമായ വരികളെ തിരുത്താൻ എക്സിക്യൂട്ടീവ് ഉത്തരവുകൾക്ക് കഴിയില്ലെന്ന് ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. മാതാപിതാക്കളുടെ താൽക്കാലിക താമസമോ നിയമസാധുതയോ പൗരത്വ നിർണ്ണയത്തിൽ ഒരു മാനദണ്ഡമല്ലെന്ന് ഭൂരിപക്ഷ വിധി വ്യക്തമാക്കുന്നു.

**ഭൂരിപക്ഷത്തിന്റെ നിലപാട്:** കോടതിയിലെ കൺസർവേറ്റീവ് ജഡ്ജിമാരിൽ ചിലർ പോലും ട്രംപിന്റെ വാദങ്ങളെ തള്ളിക്കൊണ്ട് ഭരണഘടനാപരമായ സ്ഥിരതയ്ക്കാണ് വോട്ട് ചെയ്തത്. ഇത് ട്രംപിന്റെ കടുത്ത കുടിയേറ്റ വിരുദ്ധ നയങ്ങൾക്ക് ലഭിച്ച വലിയൊരു തിരിച്ചടിയാണ്.

### 2. ഇന്ത്യൻ വംശജർക്കും ഏഷ്യക്കാർക്കും ലഭിക്കുന്ന വലിയ നേട്ടങ്ങൾ

ഈ വിധി ഏറ്റവുമധികം സ്വാധീനിക്കുന്നത് അമേരിക്കയിലെ ഇന്ത്യൻ കമ്മ്യൂണിറ്റിയെയാണ്.

**താൽക്കാലിക വിസ ജീവനക്കാരുടെ ആശ്വാസം:** എച്ച്‌വൺബി, എൽവൺ തുടങ്ങിയ താൽക്കാലിക തൊഴിൽ വിസകളിൽ അമേരിക്കയിൽ ജോലി ചെയ്യുന്ന പതിനായിരക്കണക്കിന് ഇന്ത്യൻ പ്രൊഫഷണലുകൾക്ക് ഈ വിധി വലിയ സുരക്ഷിതത്വം നൽകുന്നു. ഗ്രീൻ കാർഡിനായുള്ള ദശാബ്ദങ്ങൾ നീണ്ട കാത്തിരിപ്പിനിടയിലും തങ്ങളുടെ മക്കൾക്ക് യു.എസ് പൗരത്വം ലഭിക്കുമെന്നത് അവരുടെ ആശങ്കകൾ ഇല്ലാതാക്കുന്നു.



**ഉന്നത വിദ്യാഭ്യാസ രംഗത്തെ സാധ്യതകൾ:** അമേരിക്കയിൽ ജനിച്ച കുട്ടികൾക്ക് പൗരത്വം ലഭിക്കുന്നതിലൂടെ അവർക്ക് യു.എസ് പൗരന്മാർക്ക് ലഭിക്കുന്ന കുറഞ്ഞ ഫീസിലുള്ള ഉന്നത വിദ്യാഭ്യാസ ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും സ്വന്തമാക്കാൻ സാധിക്കും. ഇത് ഇന്ത്യൻ കുടുംബങ്ങളുടെ സാമ്പത്തിക ബാധ്യത ഗണ്യമായി കുറയ്ക്കും.

**സാമൂഹിക സുരക്ഷിതത്വം:** വിസ പുതുക്കുന്നതുമായി ബന്ധപ്പെട്ട് മാതാപിതാക്കൾ നേരിടുന്ന അനിശ്ചിതത്വങ്ങൾ കുട്ടികളുടെ ഭാവിക്ക് തടസ്സമാകില്ലെന്നതാണ് ഈ വിധിയുടെ ഏറ്റവും വലിയ സവിശേഷത. കുട്ടികൾക്ക് യു.എസ് പാസ്പോർട്ട് ലഭിക്കുന്നതോടെ അവർക്ക് ആഗോളതലത്തിൽ മികച്ച അവസരങ്ങൾ തുറക്കപ്പെടും.

### 3. ട്രംപിന്റെ അടുത്ത തന്ത്രങ്ങൾ: വരാനിരിക്കുന്ന നിയമപോരാട്ടങ്ങൾ

സുപ്രീം കോടതിയിൽ നിന്ന് കടുത്ത തിരിച്ചടി നേരിട്ടെങ്കിലും ട്രംപ് തന്റെ കുടിയേറ്റ വിരുദ്ധ നയങ്ങളിൽ നിന്ന് പൂർണ്ണമായി പിന്മാറാൻ സാധ്യതയില്ല.

**ഭരണഘടനാ ഭേദഗതിക്കുള്ള നീക്കം:** എക്സിക്യൂട്ടീവ് ഉത്തരവുകൾ പരാജയപ്പെട്ട സാഹചര്യത്തിൽ, ഭരണഘടന തന്നെ ഭേദഗതി ചെയ്യാൻ കോൺഗ്രസിന് മേൽ സമ്മർദ്ദം ചെലുത്താൻ ട്രംപ് ശ്രമിച്ചേക്കാം. എന്നാൽ ഇതിനായി പ്രതിനിധി സഭയിലും സെനറ്റിലും മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമായതിനാൽ ഇത് പ്രായോഗികമാകാൻ ബുദ്ധിമുട്ടാണ്.

**വിസ നിയമങ്ങൾ കർശനമാക്കൽ:** പൗരത്വം നേരിട്ട് തടയാൻ കഴിഞ്ഞില്ലെങ്കിൽ, എച്ച്‌വൺബി വിസകളുടെ എണ്ണം കുറയ്ക്കാനും ആശ്രിത വിസകളായ എച്ച്ഫോർ വിസക്കാരുടെ തൊഴിൽ അനുമതി നിഷേധിക്കാനും ട്രംപ് ഭരണകൂടം പുതിയ നിയന്ത്രണങ്ങൾ കൊണ്ടുവന്നേക്കാം. ഇത് കുടിയേറ്റക്കാരുടെ എണ്ണം സ്വാഭാവികമായി കുറയ്ക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

**അതിർത്തി നിയന്ത്രണങ്ങൾ ശക്തമാക്കൽ:** മെക്സിക്കൻ അതിർത്തി വഴിയുള്ള അനധികൃത കുടിയേറ്റം തടയുന്നതിലൂടെ ഇത്തരം ജനനങ്ങളുടെ എണ്ണം കുറയ്ക്കാനുള്ള തന്ത്രങ്ങൾക്കായിരിക്കും ട്രംപ് ഇനി കൂടുതൽ പ്രാധാന്യം നൽകുക. വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകളിൽ ഈ സുപ്രീം കോടതി വിധിയെ തന്റെ രാഷ്ട്രീയ പ്രചാരണങ്ങൾക്കായി ട്രംപ് ഉപയോഗിക്കാനും സാധ്യതയുണ്ട്.

### 4. ആഗോള പ്രതികരണങ്ങളും നയതന്ത്ര ലോകത്തെ ചലനങ്ങളും

ഈ വിധിക്ക് അന്താരാഷ്ട്ര തലത്തിൽ വലിയ പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

**കാനഡയുടെ സ്വാഗതം:** കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണിയുടെ നേതൃത്വത്തിലുള്ള ഭരണകൂടം ഈ തീരുമാനത്തെ സ്വാഗതം ചെയ്തു. കുടിയേറ്റക്കാരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത് വടക്കേ അമേരിക്കൻ മേഖലയുടെ വികസനത്തിന് ആവശ്യമാണെന്ന് ഒട്ടാവ വ്യക്തമാക്കി.

**വത്തിക്കാന്റെ മനുഷ്യത്വപരമായ നിലപാട്:** വത്തിക്കാനിൽ നിന്ന് ലിയോ പതിനാലാമൻ മാർപാപ്പ ജന്മസിദ്ധമായ പൗരത്വ അവകാശങ്ങളെ സംരക്ഷിച്ച സുപ്രീം കോടതി വിധിയെ പ്രകീർത്തിച്ചു. കുട്ടികളെ മാതാപിതാക്കളുടെ രാഷ്ട്രീയ സാഹചര്യങ്ങളുടെ പേരിൽ വേർതിരിക്കരുതെന്നും അവർക്ക് സുരക്ഷിതമായ ഭാവി ഉറപ്പാക്കേണ്ടത് പ്രകൃതിനിയമമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

**ഏഷ്യൻ രാജ്യങ്ങളുടെ പ്രതികരണം:** ഇന്ത്യ, തായ്‌വാൻ, ദക്ഷിണ കൊറിയ തുടങ്ങിയ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രാലയങ്ങൾ ഈ വിധിയെ സസൂക്ഷ്മം നിരീക്ഷിക്കുകയും തങ്ങളുടെ പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെട്ടതിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

അമേരിക്കൻ നീതിന്യായ വ്യവസ്ഥയുടെ ചരിത്രത്തിലെ ഏറ്റവും നിർണ്ണായകമായ ഒന്നായി ഈ ജൂൺ 30ലെ വിധി രേഖപ്പെടുത്തപ്പെടും. ട്രംപിന്റെ കടുത്ത കുടിയേറ്റ നയങ്ങൾക്ക് ഭരണഘടന തന്നെ ശക്തമായ മറുപടി നൽകിയ ഈ സാഹചര്യം വരും വർഷങ്ങളിലെ ആഗോള കുടിയേറ്റ നിരക്കുകളെ സ്വാധീനിക്കും.

# പാ രഞ്ജിത്ത് ചിത്രത്തിലൂടെ തമിഴകത്തേക്ക് ചുവടുവെക്കാൻ ജാൻവി കപൂർ

ബോളിവുഡിന് പിന്നാലെ തെന്നിന്ത്യൻ സിനിമാ ലോകത്തും തന്റേതായ ഇടം കണ്ടെത്താനൊരുങ്ങി യുവനടി ജാൻവി കപൂർ. ജൂനിയർ എൻടിആർ ചിത്രം 'ദേവര', രാം ചരൺ ചിത്രം 'പെദ്ദി' എന്നിവയിലൂടെ തെലുങ്കിൽ സാന്നിധ്യമറിയിച്ച താരം ഇനി തമിഴിലേക്കും ചുവടുവെക്കുന്നു എന്നാണ് പുതിയ റിപ്പോർട്ടുകൾ.പ്രമുഖ തമിഴ് സംവിധായകൻ പാ രഞ്ജിത്തിന്റെ നീലം പ്രൊഡക്ഷൻസ് നിർമ്മിച്ച്, സർഗുണം സംവിധാനം ചെയ്യുന്ന 'കുരത്തി' എന്ന വെബ് സീരീസിലൂടെയാണ് ജാൻവി തമിഴിൽ അരങ്ങേറ്റം കുറിക്കുന്നത് എന്നാണ് സിനിമാ ലോകത്തെ പുതിയ ചർച്ചകൾ. എന്നാൽ ഈ പ്രോജക്റ്റുമായി ബന്ധപ്പെട്ട ഔദ്യോഗിക പ്രഖ്യാപനം അണിയറപ്രവർത്തകർ ഇതുവരെ നടത്തിയിട്ടില്ല. മറാഠി ഹിറ്റ് ചിത്രം 'സൈറാത്തിന്റെ' റീമേക്കായ 'ധടക്' എന്ന സിനിമയിലൂടെ 2018-ലാണ് ജാൻവി കപൂർ അഭിനയരംഗത്തേക്ക് കടന്നുവരുന്നത്. തുടർന്ന് ബോളിവുഡിൽ നിരവധി ശ്രദ്ധേയമായ വേഷങ്ങൾ ചെയ്ത താരം 2024-ൽ പുറത്തിറങ്ങിയ 'ദേവര: പാർട്ട് 1' എന്ന ചിത്രത്തിലൂടെയാണ് തെന്നിന്ത്യയിലേക്ക് എത്തിയത്.ചിത്രത്തിന്റെ തമിഴ്നാട് പ്രൊമോഷനിടെ ജാൻവി തമിഴിൽ സംസാരിച്ചത് വലിയ രീതിയിൽ ശ്രദ്ധിക്കപ്പെട്ടിരുന്നു. അതിനുശേഷം താരം തമിഴിലേക്ക് എത്തുമെന്ന വാർത്തകൾ വന്നിരുന്നെങ്കിലും ഇപ്പോൾ മാത്രമാണ് അതിനൊരു സൂചന ലഭിക്കുന്നത്.





# 'ഡെക്സ്റ്റർ:റിസറക്ഷൻ' രണ്ടാം സീസണിൽ ക്രിസ്റ്റൻ റിട്ടറും!

ഹോളിവുഡ് സിനിമാ പ്രേമികളെയും ത്രില്ലർ ആരാധകരെയും ഒരേപോലെ ആവേശത്തിലാഴ്ത്തിക്കൊണ്ട് സൂപ്പർഹിറ്റ് പരമ്പരയായ 'ഡെക്സ്റ്റർ: റിസറക്ഷൻ' രണ്ടാം സീസണിന്റെ പുതിയ അപ്ഡേറ്റ് പുറത്ത്. ഒന്നാം സീസണിൽ ആരാധകരുടെ പ്രിയപ്പെട്ട കഥാപാത്രമായി മാറിയ ക്രിസ്റ്റൻ റിട്ടർ പരമ്പരയുടെ രണ്ടാം ഭാഗത്തിലും അതിഥി വേഷത്തിൽ എത്തുമെന്നാണ് പുതിയ റിപ്പോർട്ടുകൾ. പാരാമൗണ്ട് പ്ലസ് ഒരുക്കുന്ന ഈ സീരീസിൽ ഏത് വേഷത്തിലാണ് താരം തിരിച്ചെത്തുന്നത് എന്ന കാര്യം അണിയറപ്രവർത്തകർ ഇതുവരെ വെളിപ്പെടുത്തിയിട്ടില്ല.ഒന്നാം സീസണിൽ പകൽ സമയങ്ങളിൽ വൈൻ വിദഗ്ദ്ധയായും രാത്രിയിൽ സീരിയൽ കില്ലറായും ജീവിച്ച 'മിയ' എന്ന ലേഡി വെഞ്ചൻസ് കഥാപാത്രത്തെയാണ് ക്രിസ്റ്റൻ അവതരിപ്പിച്ചത്. കഥ പ്രകാരം ജയിലിൽ വെച്ച് ഈ കഥാപാത്രം കൊല്ലപ്പെടുന്നുണ്ടെങ്കിലും, മൺമറഞ്ഞുപോയ കഥാപാത്രങ്ങളെ വീണ്ടും കഥയിലേക്ക് കൊണ്ടുവരുന്നതിൽ ഡെക്സ്റ്റർ പരമ്പരകൾ എപ്പോഴും പ്രശസ്തമാണ്. ഇരട്ട സഹോദരങ്ങളായോ അതോ ഡെക്സ്റ്ററിന്റെ മനസ്സിലെ വിഭ്രാന്തികളായോ ഒക്കെ കഥാപാത്രങ്ങൾ തിരിച്ചുവരാറുള്ളതിനാൽ ക്രിസ്റ്റന്റെ വരവ് വലിയ ആകാംഷയാണ് പ്രേക്ഷകരിൽ ഉണ്ടാക്കിയിരിക്കുന്നത്. ഉമാ തർമാൻ ചാർലി എന്ന കഥാപാത്രമായി വീണ്ടും എത്തുന്ന രണ്ടാം സീസണിൽ ഹോളിവുഡിലെ വൻ താരനിരയാണ് അണിനിരക്കുന്നത്.

# ബോക്സ് ഓഫീസിൽ തകർന്നടിഞ്ഞ് 'സൂപ്പർഗേൾ'; മിലിക്കെതിരെ വിമർശനം





ഹോളിവുഡിൽ വലിയ പ്രതീക്ഷകളോടെ തിയേറ്ററുകളിലെത്തിയ പുതിയ ഡിസി സൂപ്പർഹീറോ ചിത്രം 'സൂപ്പർഗേൾ' ബോക്സ് ഓഫീസിൽ തകർന്നടിഞ്ഞതിന് പിന്നാലെ ചിത്രത്തിലെ നായിക മിലി ആൽകോക്കിനെതിരെ കടുത്ത വിമർശനവുമായി പ്രശസ്ത ടിവി അവതാരക മേഗൻ കെല്ലി.തന്റെ പുതിയ ടോക്ക് ഷോ എപ്പിസോഡിലാണ് 55-കാരിയായ കെല്ലി, 'ഹൗസ് ഓഫ് ദി ഡ്രാഗൺ' പരമ്പരയിലൂടെ ശ്രദ്ധേയയായ മിലി ആൽകോക്കിനെ വ്യക്തിപരമായി അധിക്ഷേപിക്കുന്ന തരത്തിലുള്ള പ്രസ്താവനകൾ നടത്തിയത്.ചിത്രത്തിന്റെ ആദ്യ വാരത്തിലെ മോശം കളക്ഷൻ വിവരങ്ങൾ പങ്കുവെച്ചുകൊണ്ടായിരുന്നു കെല്ലിയുടെ പ്രതികരണം. ബലം പ്രയോഗിച്ച് പ്രേക്ഷകരുടെ മേൽ അടിച്ചേൽപ്പിക്കുന്ന 'ഗേൾബോസ്' സിനിമകളുടെ കാലം കഴിഞ്ഞെന്നും ഇത്തരം സ്ത്രീ കേന്ദ്രീകൃത സൂപ്പർഹീറോ സിനിമകൾ കാണാൻ ഇനി ആളുകൾക്ക് താല്പര്യമില്ലെന്നും മേഗൻ കെല്ലി തുറന്നടിച്ചു.ചിത്രത്തിലെ നായികയായ മിലി തികച്ചും അരോചകമായ രീതിയിലാണ് പെരുമാറുന്നതെന്നും മുൻപ് 'സ്നോ വൈറ്റ്' ചിത്രത്തിലെ നായിക റേച്ചൽ സെഗ്ലർ നേരിട്ടതുപോലെയുള്ള ജനരോഷമാണ് മിലിയും ഇപ്പോൾ നേരിടുന്നതെന്നും കെല്ലി പറഞ്ഞു. നടിയുടെ ഉയരത്തെയും രൂപത്തെയും പരിഹസിച്ച കെല്ലി, സ്ത്രീകളെ കേന്ദ്രീകരിച്ച് നിർമ്മിക്കുന്ന ഇത്തരം ചിത്രങ്ങളെ പ്രേക്ഷകർ പൂർണ്ണമായും തള്ളിക്കളയുന്നു എന്നതിന് ദി ന്യൂയോർക്ക് ടൈംസ് പുറത്തുവിട്ട കണക്കുകൾ തെളിവാണെന്നും വ്യക്തമാക്കി.

# രാമായണം മുതൽ ആൽഫ വരെ! ഇന്ത്യൻ സിനിമാലോകം കാത്തിരിക്കുന്ന 10 ചിത്രങ്ങൾ



സിനിമാ പ്രേമികൾ ഏറെ ആകാംഷയോടെ കാത്തിരിക്കുന്ന ഇന്ത്യൻ ചിത്രങ്ങളുടെ പുതിയ പട്ടിക പ്രമുഖ സിനിമാ ഡാറ്റാ ബേസ് വെബ്സൈറ്റായ ഐഎംഡിബി പുറത്തുവിട്ടു. വർഷത്തിന്റെ രണ്ടാം പകുതിയിൽ തിയേറ്ററുകളിലും ഒടിടി പ്ലാറ്റ്ഫോമുകളിലുമായി റിലീസിനൊരുങ്ങുന്ന ചിത്രങ്ങളുടെ ജനപ്രീതിയും തിരച്ചിലുകളും മുൻനിർത്തിയാണ് ഈ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ബോളിവുഡ് താരം റൺബീർ കപൂർ നായകനാകുന്ന ബിഗ് ബജറ്റ് ചിത്രം 'രാമായണം' ആണ് മറ്റെല്ലാ ചിത്രങ്ങളെയും പിന്നിലാക്കി ഈ പട്ടികയിൽ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. ആലിയ ഭട്ടിന്റെ ആക്ഷൻ ചിത്രം 'ആൽഫ', യഷിന്റെ 'ടോക്സിക്' എന്നിവയാണ് തൊട്ടുപിന്നാലെയുള്ളത്.

**രാമായണം (ഭാഗം1)**:നിതേഷ് തിവാരി സംവിധാനം ചെയ്യുന്ന ഈ ഇതിഹാസ കാവ്യത്തിൽ റൺബീർ കപൂർ ശ്രീരാമനായും, സായ് പല്ലവി സീതയായും, യഷ് രാവണനായും വേഷമിടുന്നു. രണ്ട് ഭാഗങ്ങളായി ഒരുങ്ങുന്ന ഈ ചിത്രത്തിന്റെ ആദ്യ പകുതി ഈ ദീപാവലിക്ക് തിയേറ്ററുകളിലെത്തും.




**ആൽഫ**:യഷ് രാജ് ഫിലിംസിന്റെ സ്പൈ യൂണിവേഴ്സിലെ ആദ്യ വനിതാ കേന്ദ്രീകൃത ചിത്രമാണിത്. ആലിയ ഭട്ട്, ശർവരി എന്നിവർ പ്രധാന വേഷങ്ങളിലെത്തുന്ന ചിത്രം ജൂലൈ മൂന്നിന് റിലീസ് ചെയ്യും.

**ടോക്സിക്**: ഗീതു മോഹൻദാസ് സംവിധാനം ചെയ്യുന്ന ഈ കന്നഡ ഗാങ്സ്റ്റർ ചിത്രത്തിൽ യഷ് ആണ് നായകൻ. നയൻതാര, കിയാര അദ്വാനി തുടങ്ങിയവർ അണിനിരക്കുന്ന ചിത്രത്തിന്റെ റിലീസ് ഓഗസ്റ്റ് മാസത്തിലേക്ക് മാറ്റിയിട്ടുണ്ട്.

**കിങ്**: ബോളിവുഡ് ബാദ്ഷാ ഷാരൂഖ് ഖാനും മകൾ സുഹാന ഖാനും ആദ്യമായി ഒന്നിക്കുന്ന ആക്ഷൻ ചിത്രമാണിത്. ദീപിക പദുകോൺ, അഭിഷേക് ബച്ചൻ തുടങ്ങിയ താരനിര ഇതിലുണ്ട്.




**ധമാൽ4**: ഇന്ദ്ര കുമാർ സംവിധാനം ചെയ്യുന്ന സൂപ്പർഹിറ്റ് കോമഡി ഫ്രാഞ്ചൈസിയുടെ നാലാം ഭാഗമാണിത്. അജയ് ദേവ്ഗൺ, റിതേഷ് ദേശ്മുഖ്, അർഷാദ് വാർസി എന്നിവരാണ് പ്രധാന വേഷങ്ങളിൽ.

**ദൃശ്യം3**: വിജയ് സാൽഗോങ്കറായി അജയ് ദേവ്ഗൺ വീണ്ടുമെത്തുന്ന സൂപ്പർഹിറ്റ് സസ്പെൻസ് ത്രില്ലറിന്റെ മൂന്നാം ഭാഗം ഒക്ടോബർ രണ്ടിന് തിയേറ്ററുകളിലെത്തും.

**വിശ്വനാഥ് ആൻ്റ് സൺസ്**: തമിഴ് താരം സൂര്യ നായകനാകുന്ന ഈ ചിത്രം ഒരു അന്താരാഷ്ട്ര ഷൂട്ടറുടെ ജീവിതത്തെയും അദ്ദേഹത്തിന്റെ കുടുംബ പശ്ചാത്തലത്തെയും കുറിച്ചുള്ള കഥയാണ് സംസാരിക്കുന്നത്.

**മിർസാപൂർ ദ മൂവി**:പ്രശസ്ത വെബ് സീരീസായ മിർസാപൂർ ഇപ്പോൾ വലിയ ക്യാൻവാസിൽ സിനിമയായി എത്തുകയാണ്. ചിത്രം സെപ്റ്റംബർ നാലിന് റിലീസ് ചെയ്യും

**ഹൈവാൻ**:പ്രിയദർശൻ സംവിധാനം ചെയ്ത മോഹൻലാൽ ചിത്രം 'ഒപ്പത്തിന്റെ' ഔദ്യോഗിക ഹിന്ദി റീമേക്കാണിത്. അക്ഷയ് കുമാറും സെയ്ഫ് അലി ഖാനുംഒന്നിക്കുന്ന ചിത്രത്തിൽ മോഹൻലാൽ ഒരു പ്രത്യേക അതിഥി വേഷത്തിലും എത്തുന്നുണ്ട്.

**ഈഥ**: മഹാരാഷ്ട്രയിലെ പ്രശസ്ത ലാവണി നാടോടി കലാകാരി വിതാബായി നാരായൺഗാവൻകറുടെ ജീവിതത്തെ ആസ്പദമാക്കി ലക്ഷ്മൺ ഉട്ടേക്കർ സംവിധാനം ചെയ്യുന്ന ജീവചരിത്ര സിനിമയാണിത്. ശ്രദ്ധാ കപൂറാണ് വിതാബായിയായി വേഷമിടുന്നത്.

# അര പിണറായിയാവുമോ സതീശൻ?

ഹോർമൂസ് കടലിടുക്കിൽ കാത്തുകിടക്കുന്ന എണ്ണക്കപ്പലുകളെ പോലെയാണ് പുതിയ യു.ഡി.എഫ് സർക്കാരിന്റെ നയപരിപാടികൾ. എതിർപ്പുകളുടെ തീയുണ്ടകൾ താണ്ടി വേണം ഒരോന്നിനും മറുകര കാണാൻ. വിവാദങ്ങൾ കുത്തിനിറച്ച യാനങ്ങളാണ് വി.ഡി. സതീശന്റെ ഒന്നര മാസത്തെ ഭരണത്തിനിടയിൽ നിയമനിർമ്മാണ സഭയിൽ വന്നടുത്തത്.

പ്രതിപക്ഷ എതിർപ്പുകൾ പുറം കാലുകൊണ്ട് തട്ടിയകറ്റുന്ന സതീശൻ ശൈലി ഇതിനോടകം ചർച്ചയാകുമ്പോൾ, നമ്മൾ എന്നും ഓർക്കുന്ന ഒരു നേതാവിന്റെ മുഖം തെളിഞ്ഞു വരുന്നു; സാക്ഷാൽ ലീഡർ എന്ന കെ.കരുണാകരൻ !

കേരള രാഷ്ട്രീയത്തിൽ അടിയുറച്ച ഭരണനേതൃത്വവും കർശനമായ അച്ചടക്കവും നടപ്പാക്കിയ നേതാവെന്ന നിലയിൽ കെ. കരുണാകരനെ ചിലർ 'ഏകാധിപതി' എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. എന്നാൽ, ജനകീയനായ നേതാവും യു.ഡി.എഫ്. എന്ന മുന്നണിയുടെ ശില്പിയുമായി അദ്ദേഹത്തെ കാണുന്നവരുമുണ്ട്.

1975ൽ രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ ആഭ്യന്തരമന്ത്രിയായിരുന്നു അദ്ദേഹം. ആ സമയത്ത് പ്രതിപക്ഷത്തെയടക്കം അടിച്ചമർത്താനും ശക്തമായ പോലീസ് നടപടികൾ നടപ്പാക്കാനും അദ്ദേഹം മുന്നിൽ നിന്നു.



അടിയന്തരാവസ്ഥക്കാലത്ത് കാണാതായ പി. രാജൻ എന്ന എഞ്ചിനീയറിങ് കേളേജ് വിദ്യാർത്ഥിയുടെ മരണത്തിൽ അന്നത്തെ ആഭ്യന്തരമന്ത്രിയായിരുന്ന കെ. കരുണാകരന്റെ പങ്ക് വലിയ വിമർശനങ്ങൾക്കും വിവാദങ്ങൾക്കും കാരണമായിരുന്നു.

കോൺഗ്രസ് പാർട്ടിയിലും അദ്ദേഹം നേതൃത്വം നൽകിയ 'ഐ' ഗ്രൂപ്പിലും സ്വന്തം തീരുമാനം നടപ്പാക്കുന്നതിൽ അദ്ദേഹം കർക്കശക്കാരനായിരുന്നു. എന്നാൽ,നേട്ടങ്ങളും ജനപ്രീതിയും 'ലീഡർ' എന്ന വിളിപ്പേരിന് അദ്ദേഹത്തെ അർഹനാക്കി.

കേരള രാഷ്ട്രീയത്തിൽ പാർട്ടി ഭേദമന്യേ കെ.കരുണാകരൻ 'ലീഡർ' എന്ന് അറിയപ്പെട്ടു. നാല് തവണ കേരള മുഖ്യമന്ത്രിയായി അദ്ദേഹം.

ഭരണകാര്യങ്ങളിലും പാർട്ടിയിലെ ഗ്രൂപ്പ് കളികളിലും അദ്ദേഹം പുലർത്തിയ കർശനമായ നിലപാടുകളാണ് അദ്ദേഹത്തെ ഏകാധിപതിയെന്ന് വിമർശിക്കാൻ പലരെയും പ്രേരിപ്പിച്ചത്.

അതേസമയം, ശക്തനായ ഭരണാധികാരിയെന്ന നിലയിലാണ് അദ്ദേഹത്തിന്റെ അനുയായികൾ അദ്ദേഹത്തെ ഓർക്കുന്നത്.

അത്തരം ഒരു തലത്തിലേക്ക് വി.ഡി. സതീശൻ ഉയരുമോ, അതിനുള്ള ബാല്യം അദ്ദേഹത്തിനുണ്ടോ എന്നത് ഒരു പ്രധാന ചോദ്യമാണ്.

## സതീശ ശൈലി

കരുത്ത് കാട്ടുമ്പോഴും, അത് അണികളെയും പൊതുജനത്തെയും ബോധ്യപ്പെടുത്താൻ കഴിഞ്ഞിരുന്നു എന്നതാണ് ലീഡർ കരുണാകരന്റെ സവിശേഷത. അതിന് പാർട്ടിയിൽ അദ്ദേഹത്തെ പിന്തുണയ്ക്കുന്നവരുടെ ഒരു സൈന്യം അദ്ദേഹത്തിന്റെ കരുത്തായിരുന്നു. അത്തരമൊരു സൈന്യമോ അനുയായികളോ തനിക്കുണ്ടോ എന്ന് തുടക്കക്കാരൻ എന്ന നിലയിൽ ചുരുങ്ങിയ പക്ഷം സതീശൻ ചിന്തിക്കേണ്ടതുണ്ട്. കാരണം, പാളയത്തിൽ പട നടത്താൻ കോപ്പുകൂട്ടുന്ന ഒരു സംഘം മൂത്ത നേതാക്കളുള്ള പ്രസ്ഥാനത്തിലാണ് സതീശന്റെ നിൽപ്പ് എന്നത് പ്രധാനമാണ്.

അധികാരത്തിലേറി ഒന്നരമാസം തികയും മുൻപ് പാർട്ടിയിലും മുന്നണിയിലും മുഖ്യമന്ത്രി വി.ഡി. സതീശൻ ഒറ്റപ്പെടുന്നുണ്ടോ?

മദ്യനയത്തിൽ കൈപൊള്ളിയ സതീശനെതിരെ, നേരത്തേ അദ്ദേഹത്തെ പിന്തുണച്ച് ഒപ്പം നിന്ന പാർട്ടിയിലെ മുതിർന്ന നേതാക്കളും രംഗത്തെത്തി. പാർട്ടിയിലും മുന്നണിയിലും ചർച്ച ചെയ്യാതെ ഒറ്റയ്ക്ക് തീരുമാനങ്ങളെടുക്കുന്നു എന്ന വിമർശനം തുടക്കത്തിലേ അദ്ദേഹം കേൾപ്പിക്കരുതായിരുന്നു.

നയപരമായ കാര്യങ്ങളിൽ ഉൾപ്പെടെ പാർട്ടിയിൽ യാതൊരു കൂടിയലോചനകളും ഇല്ലാതെയാണ് മുഖ്യമന്ത്രി തീരുമാനങ്ങളെടുക്കുന്നത് എന്നതാണ് പ്രധാന വിമർശനം. മദ്യനയം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ ഏകാധിപത്യപരമായ നിലപാട് സ്വീകരിച്ച് സതീശൻ മുന്നോട്ടുപോകുന്നതാണ് വി.എം. സുധീരനെ പോലെ ആദർശത്തിന്റെ അസ്കിതയുള്ള നേതാക്കളെ ചൊടിപ്പിച്ചത്. മുഖ്യമന്ത്രിത്തർക്കത്തിൽ ഉൾപ്പെടെ സതീശനൊപ്പം നിന്ന നേതാക്കൾ പലരും സതീശനെതിരെ രംഗത്തെത്തിയത് വളരെ പെട്ടെന്നാണ്. മദ്യനയം യു.ഡി.എഫുമായി മുന്നേ ചർച്ച ചെയ്ത് തീരുമാനിക്കണമായിരുന്നെന്നും സുധീരൻ നിലപാടെടുത്തു.

വീര്യം കുറഞ്ഞ മദ്യത്തിന്റെ നികുതി ഇളവിൽ യു.ഡി.എഫ് തീരുമാനമെടുക്കുമെന്ന് എക്സൈസ് മന്ത്രി എം.ലിജുവിന് വ്യക്തമക്കേണ്ടിവന്നു. വിഷയത്തിൽ തന്റെ വ്യക്തിപരമായ അഭിപ്രായത്തിന് പ്രസക്തിയില്ലെന്നും ഏത് മദ്യ വില്പനയും എക്സൈസ് വിഭാഗം അറിഞ്ഞിരിക്കണമെന്നും ലിജു പറഞ്ഞതിന് അർത്ഥം ലിജുവിനെ സതീശൻ സൈഡ് ആക്കി എന്ന് തന്നെ!

മുന്നണിയിൽ ചർച്ച ചെയ്യാതെ മദ്യനികുതി കുറയ്ക്കില്ലെന്ന് രാജ്മോഹൻ ഉണ്ണിത്താൻ എംപിയും വ്യക്തമാക്കിയതോടെ പ്രതിഷേധത്തിന്റെ വീര്യം സതീശൻ തിരിച്ചറിയേണ്ടതായിരുന്നു. തീരുമാനങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾക്കും അതൃപ്തിയുണ്ടെന്ന വിവരങ്ങൾ അറിയാത്ത ആളല്ല മുഖ്യമന്ത്രി.

'ടീം യു.ഡി.എഫ്' എന്ന് പേരുപറഞ്ഞ് അധികാരത്തിൽ വന്നതിനുശേഷം, ഏകപക്ഷീയമായി തീരുമാനങ്ങൾ എടുക്കുന്നുവെന്നും അത് അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നുവെന്നും ആരോപിക്കപ്പെടുമ്പോൾ അതിനെ കണ്ടില്ലെന്ന് വയ്ക്കുന്നത് പ്രതികരണശേഷിയുള്ള ജനത വസിക്കുന്ന ഒരു പ്രദേശത്ത് എത്രനാൾ വിലപ്പോകുമെന്ന് ചിന്തിക്കേണ്ടത് ജനവും പാർട്ടിയും ചേർന്ന് കസേരയിൽ ഇരുത്തിയ നേതാവ് തന്നെയാണ്.

പാർട്ടിയോട് ആലോചിച്ചു വേണം കാര്യങ്ങൾ ചെയ്യാൻ എന്ന് ഹൈക്കമാൻഡ് വടിയെടുക്കുന്നത് വരെ കാര്യങ്ങൾ സതീശൻ കൊണ്ടെത്തിക്കരുതായിരുന്നു എന്ന് മാത്രമേ വോട്ടർമാർക്ക് പറയാനുള്ളൂ.

*പ്രിജിത്ത് രാജ്*



## എന്താണ് വാട്സാപ്പ് യൂസർ നെയിം ഫീച്ചർ? ഇതിന്റെ പ്രാധാന്യം എന്ത്?

വാട്സാപ്പ് ചരിത്രത്തിലെ ഏറ്റവും വലിയ മാറ്റത്തിന് തുടക്കമിട്ടിരിക്കുകയാണ്. ഇനി മുതൽ മറ്റുള്ളവർക്ക് നമ്മുടെ ഫോൺ നമ്പർ നൽകാതെ തന്നെ വാട്സാപ്പിൽ ചാറ്റ് ചെയ്യാൻ സഹായിക്കുന്ന 'യൂസർ നെയിം' ഫീച്ചർ മെറ്റ അവതരിപ്പിച്ചു കഴിഞ്ഞു. ഇൻസ്റ്റഗ്രാമിലും ടെലിഗ്രാമിലും ഒക്കെയുള്ളതു പോലെ ഓരോരുത്തർക്കും തനതായ ഒരു ഐഡന്റിറ്റി (ഉദാഹരണത്തിന്: @yourname) ഇതിലൂടെ നിർമ്മിക്കാം.

നിലവിൽ ഈ ഫീച്ചർ ലോകമെമ്പാടും ഘട്ടങ്ങളായി റോളൗട്ട് ചെയ്തു കൊണ്ടിരിക്കുകയാണ്. വരും മാസങ്ങളിൽ കർശനമായ സുരക്ഷാ മാനദണ്ഡങ്ങളോടെ ഈ ഫീച്ചർ പൂർണ്ണമായി ലഭ്യമാകും. അതിനാൽ ഇപ്പോഴേ ഇതിനെക്കുറിച്ച്കൃത്യമായിഅറിഞ്ഞിരിക്കേണ്ടതും നിങ്ങളുടെ യൂസർ നെയിം റിസർവ് ചെയ്യേണ്ടതും അത്യാവശ്യമാണ്.

### നിങ്ങളുടെ വാട്സാപ്പ് യൂസർ നെയിം എങ്ങനെ ക്രിയേറ്റ്/റിസർവ് ചെയ്യാം?

നിലവിൽ ആൻഡ്രോയിഡ്, ഐഒഎസ് ഫോണുകളിൽ ഈ ഫീച്ചർ ലഭ്യമായി തുടങ്ങിയിട്ടുണ്ട്. നിങ്ങളുടെ പ്രിയപ്പെട്ട യൂസർ നെയിം മറ്റാരെങ്കിലും എടുക്കുന്നതിന് മുൻപ് റിസർവ് ചെയ്യാൻ താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുക:

1. **ആപ്പ് അപ്ഡേറ്റ് ചെയ്യുക: ആദ്യ പടി**
   ഗൂഗിൾ പ്ലേ സ്റ്റോറോ ആപ്പിൾ ആപ്പ് സ്റ്റോറോ തുറന്ന് നിങ്ങളുടെ വാട്സാപ്പ് ഏറ്റവും പുതിയ വേർഷനിലേക്ക് അപ്ഡേറ്റ് ചെയ്യുക.
2. **സെറ്റിങ്സ് തുറക്കുക**
   വാട്സാപ്പ് തുറന്ന ശേഷം മുകളിൽ വലതുഭാഗത്തുള്ള മൂന്ന് ഡോട്ടുകളിൽ (സെറ്റിംഗ്സ്) ക്ലിക്ക് ചെയ്യുക. അവിടെ നിങ്ങളുടെ പ്രൊഫൈൽ പിക്ചർ കാണുന്ന ഭാഗത്ത് ടാപ്പ് ചെയ്യുക.
3. **അക്കൗണ്ട് സെറ്റിങ്സ് പരിശോധിക്കുക:**
   Username">
   പ്രൊഫൈൽ സെറ്റിങ്സിൽ അക്കൗണ്ട് ക്ലിക്ക് ചെയ്യുമ്പോൾ അവിടെ യൂസർ നെയിം അല്ലെങ്കിൽ റിസേർവ് യൂസർനെയിം എന്നൊരു ഓപ്ഷൻ കാണാം. അതിൽ ടാപ്പ് ചെയ്യുക.
4. **യൂസർ നെയിം ടൈപ്പ് ചെയ്യുക**
   നിങ്ങൾക്ക് ആവശ്യമുള്ള പേര് ടൈപ്പ് ചെയ്യുക. (കുറഞ്ഞത് 3 അക്ഷരങ്ങളും പരമാവധി 35 അക്ഷരങ്ങളും പാടുള്ളൂ. അക്കങ്ങളും, അണ്ടർസ്കോറും _, ഫുൾസ്റ്റോപ്പും . ഉപയോഗിക്കാം). പേര് ലഭ്യമാണെങ്കിൽ Save / Done നൽകാം.

**ഒരു പ്രധാന ടിപ്പ്:** നിങ്ങൾക്ക് നിങ്ങളുടെ ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക് അക്കൗണ്ടുകളിലെ അതേ യൂസർ നെയിം തന്നെ വാട്സാപ്പിലും വേണമെന്നുണ്ടെങ്കിൽ, മെറ്റയുടെ 'Accounts Center' വഴി അക്കൗണ്ടുകൾ ലിങ്ക് ചെയ്ത് വളരെ എളുപ്പത്തിൽ ആ പേര് വാട്സാപ്പിലേക്കും സ്വന്തമാക്കാവുന്നതാണ്.

### ബ്രാൻഡുകൾക്കും ബിസിനസുകൾക്കും വരാൻ പോകുന്ന വലിയ വിന!

വാട്സാപ്പിന് ലോകത്താകമാനം 300 കോടിയിലധികം ഉപഭോക്താക്കളുണ്ട്. അതുകൊണ്ടുതന്നെ പേരുകൾ വേഗത്തിൽ തീർന്നുപോകും. ഒരു പ്രമുഖ ബ്രാൻഡോ ബിസിനസ്സോ അവരുടെ ഔദ്യോഗിക പേര് കൃത്യസമയത്ത് റിസർവ് ചെയ്തില്ലെങ്കിൽ മറ്റാരെങ്കിലും അത് സ്വന്തമാക്കിയേക്കാം (Cybersquatting).

■ **ബ്രാൻഡ് വാല്യൂ നഷ്ടപ്പെടും:** നിങ്ങളുടെ കടയുടെയോ കമ്പനിയുടെയോ പേര് മറ്റൊരാൾ എടുത്താൽ, പിന്നീട് ആ പേര് നിങ്ങൾക്ക് കിട്ടില്ല.

■ **ഉപഭോക്താക്കൾ വഴിതെറ്റും:** ആളുകൾ നിങ്ങളുടെ ബ്രാൻഡിന്റെ പേര് സെർച്ച് ചെയ്യുമ്പോൾ വ്യാജ അക്കൗണ്ടുകളിലേക്ക് എത്തിപ്പെടാൻ ഇത് കാരണമാകും.

പൊതുപ്രവർത്തകർ, സെലിബ്രിറ്റികൾ, വെരിഫൈഡ് മെറ്റാ അക്കൗണ്ടുകൾ എന്നിവരുടെ പേരുകൾ മറ്റുള്ളവർ ദുരുപയോഗം ചെയ്യാതിരിക്കാൻ വാട്സാപ്പ് ചില മുൻകരുതലുകൾ എടുത്തിട്ടുണ്ടെങ്കിലും ചെറുകിടഇടത്തരം ബിസിനസുകൾ സ്വന്തം പേര് വേഗത്തിൽ റിസർവ് ചെയ്തില്ലെങ്കിൽ വലിയ പ്രതിസന്ധിയിലാകും.

### ഈ ഫീച്ചർ എങ്ങനെ ദുരുപയോഗം ചെയ്യപ്പെടാം?

ഫോൺ നമ്പർ ഇല്ലാതെ ചാറ്റ് ചെയ്യാം എന്നത് തട്ടിപ്പുകാർക്ക് വലിയൊരു ആയുധമാണ്. പേയ്ടിഎം സ്ഥാപകൻ വിജയ് ശേഖർ ശർമ്മ ഉൾപ്പെടെയുള്ള പ്രമുഖ ടെക് വിദഗ്ധരും കേന്ദ്ര സർക്കാരും ഈ ഫീച്ചറിനെതിരെ ആശങ്ക പ്രകടിപ്പിക്കാൻ കാരണങ്ങൾ ഇവയാണ്:

■ **വ്യാജൻമാരുടെ വിളയാട്ടം:** പ്രമുഖ ബാങ്കുകളുടെയോ, കൊറിയർ കമ്പനികളുടെയോ (ഉദാഹരണത്തിന്: @Bluedart_Support, @SBI_Helpline) പേരിൽ വ്യാജ യൂസർ നെയിം ഉണ്ടാക്കി ആളുകളെ എളുപ്പത്തിൽ പറ്റിക്കാം.

■ **ഡിജിറ്റൽ അറസ്റ്റ്, ഫിഷിംഗ് തട്ടിപ്പുകൾ:** ഫോൺ നമ്പർ ഇല്ലാത്തതിനാൽ തട്ടിപ്പുകാരൻ ഏത് രാജ്യത്തിരുന്നാണ് മെസ്സേജ് അയക്കുന്നതെന്ന് പെട്ടെന്ന് കണ്ടുപിടിക്കാൻ കഴിയില്ല. ഇത് ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ വർദ്ധിപ്പിക്കും.

■ **തിരിച്ചറിയാൻ ബുദ്ധിമുട്ട്:** ഒരേപോലെ തോന്നിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ച് (ഉദാഹരണത്തിന് ഹ എന്ന ചെറിയ അക്ഷരത്തിന് പകരം 1 ഉപയോഗിച്ച്) ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ സാധിക്കും.

### വ്യക്തികളെയും ബിസിനസുകളെയും ഇത് എങ്ങനെ ബാധിക്കും?

■ **വ്യക്തികൾക്ക്:** നിങ്ങളുടെ സുഹൃത്തിന്റെയോ ബന്ധുവിന്റെയോ പേരിൽ വരുന്ന വ്യാജ യൂസർ നെയിം അക്കൗണ്ടുകളിൽ നിന്ന് പണം ചോദിച്ചുള്ള മെസ്സേജുകൾ വരാം. നമ്പർ കാണാത്തതുകൊണ്ട് അത് വ്യാജനാണോ എന്ന് തിരിച്ചറിയാൻ പ്രയാസമായിരിക്കും.

■ **ബിസിനസുകൾക്ക്:** കമ്പനിയുടെ വ്യാജ കസ്റ്റമർ കെയർ അക്കൗണ്ടുകൾ നിർമ്മിച്ച് ഉപഭോക്താക്കളുടെ ബാങ്ക് വിവരങ്ങളും പണവും തട്ടിയെടുക്കാൻ സാധിക്കും. ഇത് ബിസിനസിന്റെ വിശ്വാസ്യത തകർക്കും.

### നമ്മൾ ഇപ്പോൾ അടിയന്തരമായി ചെയ്യേണ്ടത് എന്താണ്?

ടെക്നോളജി മാറുമ്പോൾ നമ്മളും സുരക്ഷിതരായിരിക്കണം. താഴെ പറയുന്ന കാര്യങ്ങൾ ഉടൻ തന്നെ ചെയ്യുക:

■ **നിങ്ങളുടെ പേര് റിസർവ് ചെയ്യുക:** വാട്സാപ്പ് അപ്ഡേറ്റ് ചെയ്ത് നിങ്ങളുടെ പേരോ അല്ലെങ്കിൽ നിങ്ങളുടെ ബ്രാൻഡിന്റെ ഔദ്യോഗിക പേരോ ഉടൻ തന്നെ റിസർവ് ചെയ്ത് സുരക്ഷിതമാക്കുക.

■ **യൂസർ നെയിം കീ എനേബിൾ ചെയ്യുക:** ഫീച്ചർ ലഭ്യമാകുമ്പോൾ തന്നെ സെറ്റിങ്സിൽ പോയി യൂസർ നെയിം കീ ഓൺ ചെയ്തു വെക്കുക. അപരിചിതർ മെസ്സേജ് അയക്കുന്നത് തടയാൻ ഇത് സഹായിക്കും.

■ **വ്യാജന്മാരെ സൂക്ഷിക്കുക:** ഇനി മുതൽ വാട്സാപ്പിൽ ബാങ്കുകളുടെയോ മറ്റ് കമ്പനികളുടെയോ പേരിൽ വരുന്ന യൂസർ നെയിം അക്കൗണ്ടുകളിൽ നിന്ന് ലിങ്കുകളോ ഒടിപികളോ ചോദിച്ചാൽ ഒരു കാരണവശാലും നൽകരുത്. അവ വെരിഫൈഡ് അക്കൗണ്ടുകൾ (Green Tick ഉള്ളവ) ആണോ എന്ന് ഉറപ്പുവരുത്തുക.

പുതിയ സാങ്കേതികവിദ്യകൾ സ്വകാര്യത വർദ്ധിപ്പിക്കുമെങ്കിലും ജാഗ്രത കുറഞ്ഞാൽ അത് വലിയ ചതിക്കുഴിയാകും. സുരക്ഷിതരായിരിക്കുക!




◗ റോബിൻസ് ആന്റണി

---

**ഐഫോൺ ഉപയോക്താക്കൾ ശ്രദ്ധിക്കുക;**

## ആപ്പിളിന്റെ മുന്നറിയിപ്പ്, എഐ ഭീഷണികൾ നേരിടാൻ അടിയന്തര അപ്ഡേറ്റ് പുറത്തിറക്കി

ആപ്പിൾ ഐഫോൺ ഉപയോക്താക്കൾക്ക് നിർണ്ണായക സുരക്ഷാ മുന്നറിയിപ്പുമായി കമ്പനി രംഗത്തെത്തിയിരിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അഥവാ എഐ സാങ്കേതികവിദ്യ ഉപയോഗിച്ച് ഹാക്കർമാർ ഐഫോണുകളെ ലക്ഷ്യം വെക്കുന്നതായാണ് ആപ്പിൾ കണ്ടെത്തിയിരിക്കുന്നത്. ഇതിനെ പ്രതിരോധിക്കാനായി ഐഒഎസ് 26.5.2 എന്ന പുതിയ സുരക്ഷാ അപ്ഡേറ്റ് കമ്പനി ഉടൻ തന്നെ ലഭ്യമാക്കിയിട്ടുണ്ട്.



സാധാരണയായി വലിയ സോഫ്റ്റ്വെയർ മാറ്റങ്ങളോടൊപ്പം മാത്രമാണ് ആപ്പിൾ സുരക്ഷാ പാച്ചുകൾ പുറത്തിറക്കാറുള്ളത്. എന്നാൽ എഐ അധിഷ്ഠിത ഭീഷണികളുടെ വർദ്ധനവ് കണക്കിലെടുത്ത്, പതിവുരീതികൾ മാറ്റി അടിയന്തരമായി അപ്ഡേറ്റ് നൽകാൻ ആപ്പിൾ നിർബന്ധിതരാവുകയായിരുന്നു. ഹാക്കർമാർ എഐ ഉപയോഗിച്ച് ഫോണിലെ സോഫ്റ്റ്വെയർ തകരാറുകൾ വളരെ വേഗത്തിൽ കണ്ടെത്തുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ഈ സാങ്കേതികവിദ്യ ഉപയോഗിച്ച് ഹാക്കർമാർക്ക് ഫോണിലെ ഡാറ്റ ചോർത്താനും നിയന്ത്രണം ഏറ്റെടുക്കാനും സാധിക്കും. അതുകൊണ്ടുതന്നെ സുരക്ഷാ പാച്ചുകൾ നൽകുന്നതിൽ ഒട്ടും കാലതാമസം വരുത്താൻ ആപ്പിൾ തയ്യാറല്ല. പുതിയ അപ്ഡേറ്റിലൂടെ ഏകദേശം മുപ്പതോളം സുരക്ഷാ പ്രശ്നങ്ങൾക്കാണ് പരിഹാരം കാണുന്നത്.

പ്രധാനമായും വെബ്കിറ്റ് ഉൾപ്പെടെയുള്ള ഭാഗങ്ങളിലെ തകരാറുകളാണ് ഈ അപ്ഡേറ്റ് വഴി പരിഹരിക്കുന്നത്. വെബ്സൈറ്റുകൾ വഴി ഉപയോക്താക്കളുടെ സ്വകാര്യ വിവരങ്ങൾ മോഷ്ടിക്കാൻ ശ്രമിക്കുന്ന ഹാക്കർമാരുടെ നീക്കങ്ങളെ ഇത് തടയിടും. ഇതോടൊപ്പം ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ കാതലായ കേണൽ ഭാഗത്തുള്ള സുരക്ഷാ പിഴവുകളും ഈ അപ്ഡേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആപ്പിളിന്റെ ഈ പുതിയ തീരുമാനം സൈബർ സുരക്ഷാ രംഗത്ത് വലിയ ചർച്ചയായി മാറിയിട്ടുണ്ട്. എഐയുടെ വരവോടെ ഹാക്കിംഗ് കൂടുതൽ എളുപ്പമാകുന്ന സാഹചര്യത്തിൽ, വേഗത്തിലുള്ള സുരക്ഷാ സംവിധാനങ്ങൾ അനിവാര്യമാണെന്ന് വിദഗ്ധരും അഭിപ്രായപ്പെടുന്നു. അടിയന്തരമായി എല്ലാ ഉപയോക്താക്കളും ഐഫോണുകൾ പുതിയ പതിപ്പിലേക്ക് അപ്ഡേറ്റ് ചെയ്യാൻ ശ്രദ്ധിക്കണം.

ഏറ്റവും പുതിയ മോഡലുകൾ മാത്രമല്ല, ഐഫോൺ 11 മുതൽ മുകളിലോട്ടുള്ള എല്ലാ ഉപയോക്താക്കൾക്കും ഈ സുരക്ഷാ അപ്ഡേറ്റ് ലഭ്യമാണ്. നിങ്ങളുടെ ഫോണിലെ സെറ്റിംഗ്സിൽ പോയി സോഫ്റ്റ്വെയർ അപ്ഡേറ്റ് പരിശോധിക്കുന്നത് സുരക്ഷ ഉറപ്പാക്കാൻ സഹായിക്കും. അജ്ഞാതമായ വെബ് ലിങ്കുകളിൽ ക്ലിക്ക് ചെയ്യാതിരിക്കാനും പൊതു വൈഫൈ ഉപയോഗിക്കുമ്പോൾ ജാഗ്രത പാലിക്കാനും പ്രത്യേകം ശ്രദ്ധിക്കുക.

ആപ്പിളിന്റെ ഈ നടപടി ഉപയോക്താക്കളുടെ സ്വകാര്യത സംരക്ഷിക്കുന്നതിലുള്ള അവരുടെ പ്രതിബദ്ധതയെയാണ് കാണിക്കുന്നത്. വരും ദിവസങ്ങളിലും കൂടുതൽ സുരക്ഷാ അപ്ഡേറ്റുകൾ കമ്പനി പുറത്തിറക്കിയേക്കും. ഡിജിറ്റൽ സുരക്ഷയുടെ കാര്യത്തിൽ ഒട്ടും അലംഭാവം കാണിക്കരുതെന്ന് ടെക് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു.

---

## പ്രൈം വീഡിയോയിൽ പരസ്യങ്ങൾ അടിച്ചേൽപ്പിച്ചു; ആമസോണിനെതിരെ നിയമനടപടിയുമായി ഉപഭോക്താക്കൾ

ജനപ്രിയ വീഡിയോ സ്ട്രീമിംഗ് സേവനമായ ആമസോൺ പ്രൈം വീഡിയോ വലിയൊരു നിയമക്കുരുക്കിലേക്ക്. പണം നൽകി സബ്സ്ക്രിപ്ഷൻ എടുത്തവർക്ക് പോലും പരസ്യങ്ങൾ കാണേണ്ടി വരുന്ന അവസ്ഥയിലാണ് പുതിയ നിയമനടപടി. പരസ്യങ്ങൾ ഒഴിവാക്കാൻ അധിക തുക ഈടാക്കുന്ന ആമസോണിന്റെ രീതിക്കെതിരെ ഉപഭോക്താക്കൾ പരാതിയുമായി കോടതിയെ സമീപിച്ചു.




ആമസോൺ പ്രൈം വീഡിയോ സബ്സ്ക്രിപ്ഷൻ എടുക്കുമ്പോൾ പരസ്യങ്ങളില്ലാത്ത സേവനം ഉറപ്പുനൽകിയിരുന്നുവെന്ന് ഉപഭോക്താക്കൾ ചൂണ്ടിക്കാട്ടുന്നു. എന്നാൽ പിന്നീട് കാര്യങ്ങൾ മാറിമറിഞ്ഞു. പണമടച്ചാലും വീഡിയോകൾക്കിടയിൽ പരസ്യങ്ങൾ ഉൾപ്പെടുത്താൻ കമ്പനി തീരുമാനിച്ചത് വലിയ പ്രതിഷേധത്തിന് കാരണമായി.

കൂടാതെ, പരസ്യങ്ങൾ ഒഴിവാക്കാൻ ഉപഭോക്താക്കൾ മാസത്തിൽ അധിക തുക നൽകണമെന്ന നിബന്ധനയും ആമസോൺ വെച്ചു. ഇത് നിലവിലുള്ള കരാറുകളുടെ ലംഘനമാണെന്നാണ് ഉപഭോക്താക്കളുടെ വാദം. ഈ രീതിയിൽ അധിക പണം പിരിക്കുന്നത് ന്യായീകരിക്കാനാവില്ലെന്നും ഇവർ ആരോപിക്കുന്നു.

ഈ വിഷയത്തിൽ വലിയൊരു ക്ലാസ് ആക്ഷൻ ലോ സ്യൂട്ട് ആണ് ഫയൽ ചെയ്തിരിക്കുന്നത്. ആമസോൺ തങ്ങളുടെ വാണിജ്യപരമായ ലാഭത്തിന് വേണ്ടി സേവനത്തിന്റെ ഗുണനിലവാരം കുറച്ചെന്ന് പരാതിക്കാർ വാദിക്കുന്നു. പ്രൈം മെമ്പർഷിപ്പിന്റെ പ്രധാന ഗുണങ്ങളിൽ ഒന്ന് പരസ്യരഹിത വിനോദമായിരുന്നു എന്ന് ഇവർ ഓർമ്മിപ്പിക്കുന്നു.

ആഗോളതലത്തിൽ തന്നെ ആമസോണിനെതിരെ ഈ പരാതി ശക്തമാണ്. ഉപഭോക്താക്കളെ തെറ്റിദ്ധരിപ്പിച്ചുവെന്നും കരാറിൽ നിന്ന് ഏകപക്ഷീയമായി പിന്മാറിയെന്നും കോടതിയിൽ സമർപ്പിച്ച പരാതിയിൽ പറയുന്നു. അധിക തുക ഈടാക്കി പരസ്യങ്ങൾ ഒഴിവാക്കാനുള്ള ഓപ്ഷൻ നൽകുന്നത് ഉപഭോക്താക്കളോടുള്ള അനീതിയാണെന്ന് പലരും കരുതുന്നു.

ഈ സംഭവത്തെത്തുടർന്ന് സോഷ്യൽമീഡിയയിലും കടുത്ത വിമർശനങ്ങളാണ് ആമസോണിനെതിരെ ഉയരുന്നത്. പ്രൈം വീഡിയോയുടെ സബ്സ്ക്രൈബർമാർ തങ്ങൾ വഞ്ചിക്കപ്പെട്ടതായി വിശ്വസിക്കുന്നു. സ്ട്രീമിംഗ് രംഗത്തെ മുൻനിര കമ്പനികളിൽ ഒന്നായ ആമസോണിന്റെ വിശ്വാസ്യതയെ തന്നെ ഈ കേസ് ബാധിച്ചേക്കാം.

കമ്പനി അധികൃതർ ഈ ആരോപണങ്ങളോട് ഇതുവരെ കൃത്യമായി പ്രതികരിച്ചിട്ടില്ല. നിയമപരമായ നടപടികൾ മുന്നോട്ട് പോകുന്നതോടെ ആമസോണിന് വലിയ തുക പിഴയായി നൽകേണ്ടി വരുമോ എന്നതും കാത്തിരുന്ന് കാണേണ്ടതാണ്. വരും ദിവസങ്ങളിൽ ഈ കേസിന്റെ വിധി നിർണ്ണായകമാകും.

ആമസോൺ പ്രൈം വീഡിയോയുടെ ഭാവി പ്രവർത്തനങ്ങളെ ഈ കേസ് എങ്ങനെ ബാധിക്കുമെന്ന് വ്യക്തമല്ല. എങ്കിലും ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇത്തരത്തിലുള്ള നിയമനടപടികൾ അത്യാവശ്യമാണെന്ന് പല സാങ്കേതിക വിദഗ്ധരും അഭിപ്രായപ്പെടുന്നു. വലിയ കമ്പനികൾ ഉപഭോക്താക്കളെ തങ്ങളുടെ ഇഷ്ടത്തിന് അനുസരിച്ച് നിയന്ത്രിക്കുന്നത് അംഗീകരിക്കാൻ കഴിയില്ല.

ഡിജിറ്റൽ സ്ട്രീമിംഗ് സേവനങ്ങൾ ഉപയോഗിക്കുന്നവർക്ക് ഇത് വലിയ പാഠമാണ്. കരാറുകൾ വായിക്കുമ്പോൾ കൂടുതൽ ശ്രദ്ധ വേണമെന്നും കമ്പനികളുടെ ഇത്തരത്തിലുള്ള മാറ്റങ്ങളെ ചോദ്യം ചെയ്യണമെന്നും സന്ദേശം ഉയരുന്നു. ആമസോൺ പ്രൈം വീഡിയോയുടെ നടപടിയിൽ മാറ്റം ഉണ്ടാകുമോ എന്ന് ലോകമെമ്പാടുമുള്ള വരിക്കാർ ശ്രദ്ധയോടെ നിരീക്ഷിക്കുകയാണ്.

# ന്യൂയോർക്ക് നഗരം സ്തംഭിക്കും; ആയിരം അതിഥികളും സംഗീത നിശയുമായി ടെയ്‌ലർ–ട്രാവിസ് വിവാഹാഘോഷം!

ആഗോള പോപ്പ് ഗായിക ടെയ്‌ലർ സ്വിഫ്റ്റും അമേരിക്കൻ ഫുട്ബോൾ താരം ട്രാവിസ് കെൽസിയും തമ്മിലുള്ള വരാനിരിക്കുന്ന വിവാഹം വെറുമൊരു



ചടങ്ങല്ല, മറിച്ച് ന്യൂയോർക്ക് നഗരത്തിന്റെ ഒരു ഭാഗത്തെത്തന്നെ പൂർണ്ണമായും നിശ്ചലമാക്കാൻ പോകുന്ന ഒരു മഹാവിസ്മയമായിരിക്കുമെന്നാണ് ഏറ്റവും പുതിയ ഹോളിവുഡ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ന്യൂയോർക്കിലെ ചരിത്രപ്രസിദ്ധമായ മാഡിസൺ സ്ക്വയർ ഗാർഡൻ സ്റ്റേഡിയത്തിൽ വെച്ച് ദിവസങ്ങൾ നീണ്ടുനിൽക്കുന്ന വൻ വിവാഹാഘോഷങ്ങളാണ് ദമ്പതികൾ ആസൂത്രണം ചെയ്യുന്നത്. ആയിരത്തിലധികം അതിഥികൾ പങ്കെടുക്കുന്ന ചടങ്ങിനായി നഗരത്തിൽ വൻ സുരക്ഷാ ക്രമീകരണങ്ങളും ഗതാഗത നിയന്ത്രണങ്ങളുമാണ് ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. വിവാഹത്തോടനുബന്ധിച്ച് ജൂലൈ 3-ന് മാഡിസൺ സ്ക്വയർ ഗാർഡന് ചുറ്റുമുള്ള റോഡുകൾ അടച്ചിടുന്നതിനായി അണിയറപ്രവർത്തകർ ന്യൂയോർക്ക് സിറ്റി അധികൃതരിൽ നിന്നും അനുമതി വാങ്ങിയിട്ടുണ്ട്. ആരാധകരുടെയും മാധ്യമങ്ങളുടെയും വൻ തിരക്ക് പ്രതീക്ഷിക്കുന്നതിനാൽ ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ട്മെന്റ് പ്രത്യേക സുരക്ഷാ സന്നാഹമാണ് പ്രദേശത്ത് ഒരുക്കുന്നത്. ഫോട്ടോഗ്രാഫർമാരിൽ നിന്നും ഹെലികോപ്റ്ററുകളിൽ നിന്നും ദൃശ്യങ്ങൾ ചോരാതിരിക്കാൻ ജനലുകളില്ലാത്ത മാഡിസൺ സ്ക്വയർ ഗാർഡൻ തിരഞ്ഞെടുത്തത് തന്നെ സുരക്ഷ മുൻനിർത്തിയാണ്. കൂടാതെ, വിവാഹ വിവരങ്ങൾ ചോരാതിരിക്കാൻ അതിഥികൾക്ക് നൽകിയ ക്ഷണക്കത്തുകളിൽ പ്രത്യേക വാട്ടർമാർക്കുകൾ വരെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ. വിവാഹ ചടങ്ങിന് തലേദിവസം നൂറോളം അടുത്ത സുഹൃത്തുക്കൾക്കായി പ്രത്യേക വിരുന്നും സ്റ്റേഡിയത്തിൽ ഒരുക്കിയിട്ടുണ്ട്. സംഗീത ലോകത്തെ പ്രമുഖരായ സ്റ്റീവി നിക്സ്, ടിം മക്ഗ്രോ എന്നിവരുടെ പ്രത്യേക പ്രകടനങ്ങളും ചടങ്ങിൽ ഉണ്ടായേക്കുമെന്ന് സൂചനയുണ്ട്.

## ‘സിംഗിളാണ്, 10 വർഷമായി പ്രണയത്തിലായിട്ടില്ല‘; ആഞ്ജലീന ജോളി



ഹോളിവുഡ് സിനിമാ ലോകത്തെ എക്കാലത്തെയും പ്രിയപ്പെട്ട ദമ്പതികളായിരുന്ന ബ്രാഡ് പിറ്റും ആഞ്ജലീന ജോളിയും വേർപിരിഞ്ഞതിന് ശേഷം ഇവരുടെ വ്യക്തിജീവിതത്തെക്കുറിച്ചുള്ള ചർച്ചകൾ എപ്പോഴും മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കാറുണ്ട്. ബ്രാഡ് പിറ്റിന്റെ പുതിയ പങ്കാളിയായ ഇനെസ് ഡി റാമോണിനെക്കുറിച്ച് വിവരങ്ങൾ പുറത്തുവന്നിട്ടുണ്ടെങ്കിലും ആഞ്ജലീന തന്റെ വ്യക്തിജീവിതം രഹസ്യമായി സൂക്ഷിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ വർഷങ്ങൾക്ക് ശേഷം തന്റെ പ്രണയജീവിതത്തെക്കുറിച്ചും സിംഗിൾ മദർ എന്ന നിലയിലുള്ള ജീവിതത്തെക്കുറിച്ചും മനസ്സ് തുറന്നിരിക്കുകയാണ് താരം. തന്റെ പുതിയ ചിത്രമായ ‘കൂട്ടൂർ’ എന്ന സിനിമയുടെ പ്രൊമോഷന്റെ ഭാഗമായി യാഹൂ എന്റർടൈൻമെന്റിന് നൽകിയ അഭിമുഖത്തിലാണ് 51കാരിയായ ആഞ്ജലീന ജോളി മനസ്സ് തുറന്നത്. ബ്രാഡ് പിറ്റുമായുള്ള വേർപിരിയലിന് ശേഷം കഴിഞ്ഞ പത്ത് വർഷമായി താൻ ആരുമായും പ്രണയത്തിലായിട്ടില്ലെന്ന് താരം വെളിപ്പെടുത്തി. എന്നാൽ ഇപ്പോൾ കുട്ടികളെല്ലാം വളർന്നുവെന്നും താൻ വെറുമൊരു അമ്മയായി മാത്രം ഒതുങ്ങിക്കൂടാതെ സ്വന്തം ജീവിതത്തിലേക്ക് തിരിച്ചുവരണമെന്ന് അവർ ആഗ്രഹിക്കുന്നുണ്ടെന്നും താരം വ്യക്തമാക്കി.കുട്ടികളാണ് തന്റെ കരുത്തെന്നും ലോകം ചുറ്റി സഞ്ചരിക്കാനും ജീവിതം ആസ്വദിക്കാനും അവർ തന്നെ പ്രോത്സാഹിപ്പിക്കുന്നുണ്ടെന്നും ആഞ്ജലീന കൂട്ടിച്ചേർത്തു.

## ‘ഏകഭാര്യത്വം സൗകര്യപ്രദവും ബഹുഭാര്യത്വം രസകരവുമാണ്;’ കമൽഹാസൻ



ഇതിഹാസ നടനും സംവിധായകനുമായ കമൽഹാസന്റെ സിനിമാജീവിതം പോലെത്തന്നെ അദ്ദേഹത്തിന്റെ വ്യക്തിജീവിതവും എപ്പോഴും മാധ്യമങ്ങളിലും ജനങ്ങൾക്കിടയിലും വലിയ രീതിയിൽ ചർച്ചചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ്. എന്നാൽ തന്റെ കലാജീവിതത്തിന് പ്രാധാന്യം നൽകുന്നതിന് പകരം, ആളുകൾ തന്റെ വ്യക്തിപരമായ കാര്യങ്ങളിലും പ്രണയബന്ധങ്ങളിലും അമിതമായി ശ്രദ്ധ ചെലുത്തുന്നതിൽ തനിക്കുള്ള അതൃപ്തി താരം ഒരിക്കൽ പരസ്യമായി പ്രകടിപ്പിച്ചിരുന്നു. ‘കമൽഹാസൻ വിവാഹങ്ങൾ കൊണ്ടല്ല പ്രശസ്തൻ, ജോലി നന്നായി ചെയ്യുന്നതുകൊണ്ടാണ്. ആർക്കും വിവാഹം കഴിക്കാം. എന്നാൽ കഥകൾ അവതരിപ്പിക്കുക, നിർമ്മാതാവാകുക, സിനിമ സംവിധാനം ചെയ്യുക, എഴുതുക എന്നിവയെല്ലാം വലിയ കാര്യങ്ങളാണ്,‘ എന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.നർത്തകിയായ വാണി ഗണപതി (1978-1988), നടി സരിക ഠാക്കൂർ (1988-2004) എന്നിവരുമായുള്ള അദ്ദേഹത്തിന്റെ വിവാഹബന്ധങ്ങൾ വേർപിരിയലിലാണ് കലാശിച്ചത്. പിന്നീട് നടി ഗൗതമിയുമായി ഒരു ദശകത്തിലേറെ ലിവിങ് റിലേഷനിലായിരുന്ന അദ്ദേഹം.

# തന്റെ ആഡംബര ബംഗ്ലാവ് വിൽക്കാനൊരുങ്ങി ജെന്നർ



ആഗോളതലത്തിൽ ദശലക്ഷക്കണക്കിന് ആരാധകരുള്ള പ്രശസ്ത അമേരിക്കൻ റിയാലിറ്റി ടിവി താരവും വ്യവസായിയുമായ കൈലി ജെന്നർ തന്റെ ഉടമസ്ഥതയിലുള്ള ആഡംബര ബംഗ്ലാവ് വൻ വിലക്കുറവിൽ വിൽക്കാൻ ഒരുങ്ങുന്നു. ലോസ് ആഞ്ചലസിലെ ഏറ്റവും പ്രശസ്തമായ ഹോംബി ഹിൽസ് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ കോൺക്രീറ്റ് കൊട്ടാരം ആദ്യം 48 മില്യൺ ഡോളറിനാണ് (ഏകദേശം 400 കോടിയിലധികം രൂപ) വിൽക്കാൻ വെച്ചിരുന്നത്. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും അനുയോജ്യമായ ഒരാളെ കണ്ടെത്താൻ കഴിയാത്തതിനെ തുടർന്ന് ഇപ്പോൾ വിലയിൽ ഏകദേശം 10 മില്യൺ ഡോളർ (83 കോടിയിലധികം രൂപ) കുറച്ച്, 38.5 മില്യൺ ഡോളറിനാണ് വീട് വീണ്ടും വിപണിയിൽ എത്തിച്ചിരിക്കുന്നത്.2020-ൽ 36.5 മില്യൺ ഡോളറിന് വാങ്ങിയ ഈ വസതി കഴിഞ്ഞ ഡിസംബറിലാണ് കൈലി ആദ്യമായി വിൽക്കാൻ ശ്രമിച്ചത്. അതിനുശേഷം വിപണിയിൽ നിന്നും താൽക്കാലികമായി പിൻവലിച്ച വീട്, ഇപ്പോൾ പുതിയ ചിത്രങ്ങളും



സുരക്ഷാ വിവരങ്ങളും ഉൾപ്പെടുത്തിയാണ് വീണ്ടും വിൽപനയ്ക്ക് വെച്ചിരിക്കുന്നത്.പ്രശസ്ത നടനും കൈലിയുടെ പങ്കാളിയുമായ തിമോത്തി ചാലമേറ്റ് കഴിഞ്ഞ കുറച്ചുകാലമായി ഈ വീട്ടിലായിരുന്നു താമസം. അത്യാധുനികമായ ബാസ്കറ്റ്ബോൾ കോർട്ട്, ജിം, അത്യാധുനിക തിയേറ്റർ, വലിയ സ്വിമ്മിംഗ് പൂൾ എന്നിവയെല്ലാം 15,320 ചതുരശ്ര അടിയിൽ പരന്നുകിടക്കുന്ന ഈ വമ്പൻ ബംഗ്ലാവിലുണ്ട്.ഏഴ് കിടപ്പുമുറികളും പതിനാല് ബാത്റൂമുകളും ഉള്ള ഈ ആഡംബര വീട് കൂടാതെ തന്റെ മറ്റൊരു വലിയ സ്വത്തായ ഹിഡൻ ഹിൽസിലെ വസതിയും വിൽക്കാനുള്ള ശ്രമത്തിലാണ് കൈലി ജെന്നർ. തന്റെ പത്തൊൻപതാം വയസ്സിൽ വാങ്ങിയ ആ വീടിന് ഇപ്പോൾ 17.99 മില്യൺ ഡോളറാണ് വിലയിട്ടിരിക്കുന്നത്. ആറ് വർഷത്തോളം നീണ്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ശേഷം പൂർത്തിയായ തന്റെ പുതിയ വസതിയിലേക്ക് കൈലി അടുത്തിടെ താമസം മാറിയിരുന്നു.

# കാനഡയിലെ പൗരത്വ ചട്ടങ്ങളിൽ വൻ പൊളിച്ചെഴുത്ത്

വടക്കേ അമേരിക്കൻ രാജ്യമായ കാനഡയിൽ കുടയേറാൻ ആഗ്രഹിക്കുന്ന ലക്ഷക്കണക്കിന് പ്രവാസികൾക്കും നിലവിൽ അവിടെ താമസിക്കുന്ന കനേഡിയൻ മലയാളി സമൂഹത്തിനും അതീവ നിർണ്ണായകമായ ഒരു നിയമ പരിഷ്കാരം ഒട്ടാവയിൽ നിന്ന് പുറത്തുവന്നിരിക്കുകയാണ്. പാരമ്പര്യം വഴി പൗരത്വം നേടുന്നതിനുള്ള 'സിറ്റിസൺഷിപ്പ് ബൈ ഡിസെന്റ്' അപേക്ഷകളിലെ രേഖകൾ പരിശോധിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇമിഗ്രേഷൻ വകുപ്പ് കൂടുതൽ കർശനമാക്കിയിരിക്കുന്നു.

കഴിഞ്ഞ വർഷം അവസാനം നടപ്പിലാക്കിയ 'ബിൽ സി-ത്രീ' നിയമത്തിലെ ചില അവ്യക്തതകൾ മുതലെടുത്ത് ആവശ്യമായ തെളിവുകളില്ലാതെ പൗരത്വ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റിയതായി കണ്ടെത്തിയതിനെത്തുടർന്ന് നടത്തിയ സമഗ്രമായ ആഭ്യന്തര അവലോകനത്തിന് ശേഷമാണ് ഇമിഗ്രേഷൻ, റഫ്യൂജീസ് ആൻഡ് സിറ്റിസൺഷിപ്പ് കാനഡ പുതിയ കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത്.

ഈ പുതിയ ഡോക്യുമെന്റേഷൻ ചട്ടങ്ങൾ കാനഡയിലുള്ള ഇന്ത്യക്കാരെയും വരാനിരിക്കുന്ന കുടിയേറ്റ സാധ്യതകളെയും എങ്ങനെ ബാധിക്കുമെന്നതിനെക്കുറിച്ചുള്ള ആഴത്തിലുള്ള വിശകലനം താഴെ നൽകുന്നു:

കാനഡയ്ക്ക് പുറത്ത് ജനിച്ച കനേഡിയൻ പൗരന്മാരുടെ മക്കൾക്ക് പൗരത്വം നൽകുന്നതുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന ഒന്നാം തലമുറ പരിധി ഭരണഘടനാവിരുദ്ധമാണെന്ന് കോടതി കണ്ടെത്തിയതോടെയാണ് കഴിഞ്ഞ വർഷം ഡിസംബറിൽ ബിൽ സിത്രീ നിലവിൽ വന്നത്. ഇതോടെ മാതാപിതാക്കൾ മാത്രമല്ല, മുത്തശ്ശൻമാരോ മുത്തശ്ശിമാരോ കനേഡിയൻ പൗരന്മാരാണെങ്കിൽ പോലും മൂന്നാം തലമുറയ്ക്ക് വരെ പൗരത്വ സർട്ടിഫിക്കറ്റിനായി അപേക്ഷിക്കാൻ അവസരം ലഭിച്ചു. എന്നാൽ ഈ ഇളവുകൾ പ്രഖ്യാപിച്ചതിന് പിന്നാലെ ഓപ്പൺ സോഴ്സുകളിൽ നിന്നും സ്വകാര്യ വംശാവലി വെബ്സൈറ്റുകളിൽ നിന്നുമുള്ള അനധികൃത രേഖകൾ ഉപയോഗിച്ച് പലരും പൗരത്വം നേടിയതായി ഇമിഗ്രേഷൻ വകുപ്പ് കണ്ടെത്തി. ഇത് കാനഡയുടെ പൗരത്വ സംവിധാനത്തിന്റെ സുതാര്യതയെ ബാധിച്ചേക്കാമെന്ന വിലയിരുത്തലിലാണ് പുതിയ അപ്ഡേറ്റുകൾ വന്നിരിക്കുന്നത്.



### 1. ഐആർസിസി അവലോകനവും സർട്ടിഫിക്കറ്റുകൾ തടഞ്ഞുവെക്കലും

ഇമിഗ്രേഷൻ വകുപ്പ് നടത്തിയ പരിശോധനയിൽ നൂറോളം പേരുടെ പൗരത്വ സർട്ടിഫിക്കറ്റുകളാണ് പ്രാഥമികമായി സംശയത്തിന്റെ നിഴലിലായത്.

**അവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ:** പുതിയ നിയമം നടപ്പിലാക്കിയപ്പോൾ അപേക്ഷകർ സമർപ്പിക്കേണ്ട രേഖകളെക്കുറിച്ച് ഇമിഗ്രേഷൻ ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും കൃത്യമായ ധാരണയില്ലായിരുന്നുവെന്ന് ഐആർസിസി സമ്മതിക്കുന്നു. ഇതാണ് മതിയായ തെളിവുകളില്ലാതെ സർട്ടിഫിക്കറ്റുകൾ അനുവദിക്കാൻ കാരണമായത്.

**ആറായിരത്തിലധികം അപേക്ഷകളുടെ പരിശോധന:** സുതാര്യത ഉറപ്പാക്കുന്നതിനായി ബിൽ സി-ത്രീ പ്രകാരം ലഭിച്ച ഏകദേശം 6,500 അപേക്ഷകൾ ഇമിഗ്രേഷൻ വകുപ്പ് പൂർണ്ണമായി പുനഃപരിശോധിച്ചു. ഇതിൽ ഒരു ശതമാനത്തോളം വരുന്ന 67 അപേക്ഷകരുടെ പൗരത്വം താൽക്കാലികമായി റദ്ദാക്കുകയും കൂടുതൽ രേഖകൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**സ്വകാര്യ സൈറ്റുകൾക്ക് വിലക്ക്:** മുൻപ് വംശാവലി പഠനത്തിനായി ഉപയോഗിച്ചിരുന്ന പ്രമുഖ സ്വകാര്യ വെബ്സൈറ്റുകളിൽനിന്നുള്ള പ്രിന്റൗട്ടുകൾ പൗരത്വത്തിനുള്ള തെളിവായി സ്വീകരിച്ചിരുന്നു. എന്നാൽ ഇനി മുതൽ ഇവ കേവലം സഹായ രേഖകൾ മാത്രമായിരിക്കുമെന്നും ഒഫീഷ്യൽ സിവിൽ രജിസ്ട്രിയിൽ നിന്നുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകൾ തന്നെ വേണമെന്നും പുതിയ നിയമം വ്യക്തമാക്കുന്നു.

### 2. 'ചെയിൻ ഓഫ് പ്രൂഫ്' നയവും പുതിയ രേഖാ ചട്ടങ്ങളും

പാരമ്പര്യം തെളിയിക്കുന്നതിനായി അപേക്ഷകർ ഇനി മുതൽ കടുത്ത നിയമപടവുകൾ കടക്കേണ്ടി വരും.

